# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

മാർച്ച് 2025 | വാല്യം 51 ലക്കം 12 | പേജ് 12 | വില 10.00 രൂപ

UNITY Monthly | March 2025 | Volume 51 Issue 12 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


# ആശാസമരം

## അവകാശപ്പോരാട്ടങ്ങൾക്ക് ഉദാത്ത മാതൃക



**ഈ** വരികൾക്ക് മഷിപുരളുമ്പോൾ കേരളം അസാധാരണമായ ഒരു വനിതാമുന്നേറ്റത്താൽ പ്രകമ്പനംകൊള്ളുകയാണ്. സംസ്ഥാനത്തിന്റെ പ്രക്ഷോഭചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടുകഴിഞ്ഞ ആശാവർക്കർമാരുടെ അതിജീവന സമരമാണത്. തൊഴിലാളി പ്രക്ഷോഭമായി തുടക്കംകുറിച്ച സമരം ഇന്ന് ഒരു സാമൂഹ്യമുന്നേറ്റമായി വളർന്നിരിക്കുന്നു. സംസ്ഥാനത്തെ ജനാധിപത്യവിശ്വാസികൾ, മനുഷ്യസ്നേഹികൾ, സ്ത്രീകൾ ഒരു സാമൂഹ്യശക്തിയായി ഉയരണമെന്ന അഭിവാഞ്ചയുള്ളവർ, തൊഴിലാളി മുന്നേറ്റം അഭിലഷിക്കുന്നവർ, സർവ്വോപരി എല്ലാ വിഭാഗം തൊഴിലാളികളും ഈ സമരത്തോട് ഹൃദയംകൊണ്ട് ഐക്യപ്പെട്ടിരിക്കുന്നു. നന്മയുള്ളവരാകെ ആ സമരം വിജയിച്ചുകാണണമെന്ന് ആഗ്രഹിക്കുന്നു. അവകാശനിഷേധങ്ങളിൽ ശ്വാസംമുട്ടിപ്പിടയുകയായിരുന്ന തൊഴിലാളികൾക്കുമുമ്പിൽ കീഴടങ്ങാത്ത പോരാട്ടത്തിന്റെ മാർഗ്ഗം, ആയിരക്കണക്കിന് നിർദ്ധനരായ ആശമാർ കാട്ടിത്തന്നിരിക്കുന്നു.

സംസ്ഥാനത്തെ ഇരുപത്തിയേഴായിരത്തോളം വരുന്ന ആശാവർക്കർമാരുടെ അടിസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ച് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ (KAHWA) ഫെബ്രുവരി പത്തിനാണ് തിരുവനന്തപുരം സെക്രട്ടേറിയറ്റിനുമുന്നിൽ അസാധാരണമായ ഈ രാപകൽ സമരത്തിന് തുടക്കം കുറിച്ചത്. ഓണറേറിയം 21,000 രൂപയാക്കി വർ


(ശേഷം 6–ാം പേജിൽ)




രാപകൽ സമരത്തിന്റെ പതിനൊന്നാം ദിവസമായ ഫെബ്രുവരി 20ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന മഹാസംഗമത്തിൽനിന്ന്.

# ഹിന്ദുത്വരാഷ്ട്രീയം മഹാകുംഭമേളയെ മഹാദുരന്തമാക്കി

**മഹാകുംഭമേള ആത്മീയമായ ദൃഢതയുടെ ലളിതമായ സാക്ഷ്യമായിരുന്നില്ല; മറിച്ച് മുതലാളിത്ത ദുർഭരണത്തിനെതിരെ വളർന്നുവരേണ്ട യോജിച്ച പ്രക്ഷോഭത്തിന് തടയിടാനും ഭരണകക്ഷിയായ ബിജെപിയുടെ തിരഞ്ഞെടുപ്പ് മോഹങ്ങൾ സാക്ഷാത്ക്കരിക്കാനുമായി ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനുള്ള മുതലാളിവർഗ്ഗത്തിന്റെ താത്പര്യം നിറവേറ്റാൻ രാഷ്ട്രീയമായി രൂപകല്പനചെയ്ത ഒരു മതകെട്ടുകാഴ്ചയായിരുന്നു. അധികാരികളുടെ കുറ്റകരമായ അലംഭാവംമൂലം തിക്കിലും തിരക്കിലുംപെട്ട് പൊലിഞ്ഞുപോയ മനുഷ്യ ജീവനുകൾ എത്രയെന്ന് ഇനിയും തിട്ടപ്പെടുത്തപ്പെട്ടിട്ടില്ല.**



**ജ**നവരി 29ന് പ്രയാഗ്‌രാജി (മുൻ അലഹബാദ്)ലെ മഹാ കുംഭമേള സ്ഥലത്തുണ്ടായ തിക്കിലും തിരക്കിലുംപെട്ട് നിരവധി തീർത്ഥാടകർ കൊല്ലപ്പെട്ടു. സ്നാനത്തിനായി എത്തിച്ചേർന്ന തീർത്ഥാടകർ ശുഭമുഹൂർത്തം കാത്തിരുന്ന് ഉറക്കത്തിലായിരുന്നപ്പോഴാണ് സ്നാനത്തിനുള്ള അറിയിപ്പ് ഉച്ചഭാഷിണിയിലൂടെ മുഴങ്ങിയത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ വയോധികരും രോഗികളുമടങ്ങുന്ന ഭക്തജനങ്ങൾ ഗംഗയുടെ തീരത്തേക്ക് പാഞ്ഞു. അതേ വഴിയിൽ കുളികഴിഞ്ഞ് തിരിച്ചുകയറുന്നവരുടെ തിരക്കും ഉണ്ടായിരുന്നു. ഇടുങ്ങിയതും ബാരിക്കേഡുകൾ കെട്ടിയതുമായിരുന്ന സ്നാനഘട്ടത്തിലേയ്ക്കുള്ള വഴി. വിഐപികൾക്കായി ഉണ്ടാക്കിയ പ്രത്യേക ബാരിക്കേഡുകൾ ബഹുജനങ്ങൾക്കുള്ള പാത ഫണൽ പോലെ ഇടുങ്ങിയതാക്കി. ഭക്തജനങ്ങളുടെ പ്രവാഹം വലിയ തിക്കിലും തിരക്കിലും കലാശിച്ചു. എണ്ണമറ്റയാളുകൾ ഇടുങ്ങിയ സ്ഥലത്ത് ഞെരിഞ്ഞമർന്നു. അങ്ങനെ ഏറ്റവും ശുഭകരമെന്ന് മതനേതാക്കൾ പ്രഖ്യാപിച്ച 'മൗനി അമാവാസിസ്നാനം' നൂറുകണക്കിനാളുകളുടെ ജീവനെടുത്തു.

മരണസംഖ്യ ഇപ്പോഴും രഹസ്യമായി തുടരുന്നു. നൂറുകണക്കിനാളുകൾക്ക് ഗുരുതരമായി പരുക്കേറ്റു. ധാരാളം പേരെ കാണാതായി. നിരവധി കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളെ നഷ്ടപ്പെട്ടു. ദി

(ശേഷം 2–ാം പേജിൽ)

# മഹാകുംഭമേള: ജനങ്ങൾക്കിടയിൽ അനൈക്യം സൃഷ്ടിക്കാൻ ഭരണമുതലാളിവർഗ്ഗത്തിനുവേണ്ടി രൂപകൽപ്പന ചെയ്ത കെട്ടുകാഴ്ച

*(1–ാം പേജിൽ നിന്ന്)*

വ്യസ്ഥാനത്തിന് കൊതിച്ച വൃദ്ധജനങ്ങൾ നരകയാതന അനുഭവിച്ച് മരിച്ചു. മുറിവേറ്റവരുടെയും ദുഃഖിതരുടെയും അലർച്ചയിൽ ക്ഷേത്ര മണിയൊച്ച മുങ്ങിപ്പോയി. ആംബുലൻസുകളുടെ സൈറൻ വിളിയിൽ പ്രാർത്ഥനാ മന്ത്രങ്ങൾ കേൾക്കാതായി. ലോകത്തെ ഏറ്റവും വലിയ മതാഘോഷങ്ങളിലൊന്ന് ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായി രേഖപ്പെടുത്തപ്പെട്ടു.

ഇതിനുമുമ്പ് പലതവണ തീപിടുത്തമുണ്ടായി. ദുരന്തത്തിനുമുമ്പ് ജനുവരി 20ന് കിന്നർ ആഖാരാ ക്യാമ്പിനു സമീപമുണ്ടായ തീപിടിത്തത്തിൽ 15 ക്യാമ്പുകൾ കത്തിനശിച്ചു. തിക്കിലും തിരക്കിലും ആളുകൾ കൊല്ലപ്പെട്ടതിന്റെ തൊട്ടടുത്ത ദിവസം നാഗേശ്വർ ഘട്ടിനടുത്തുള്ള ടെന്റ് സിറ്റിയിലും തീപിടിത്തമുണ്ടായി. കഴിഞ്ഞ ഫെബ്രുവരി 7ന് വീണ്ടും മഹാകുംഭ് നഗറിലെ 18–ാം സെക്ടറിലും തീപിടിത്തം നടന്നു. മരിച്ചവരുടെ എണ്ണം കുറയ്ക്കാനായി സംസ്ഥാന സർക്കാർ മരണസർട്ടിഫിക്കറ്റ് നൽകുന്നില്ലെന്നും ആരോപണമുണ്ട്.

## മനുഷ്യനിർമ്മിതമായ ദുരന്തം

ഇത് കേവലം ഒരു അപകടമല്ല; അധികാരികളുടെ കുറ്റകരമായ അനാസ്ഥയും അലംഭാവവുംകൊണ്ട് സൃഷ്ടിക്കപ്പെട്ടതും വഷളാക്കപ്പെട്ടതും ഒഴിവാക്കാനാകുമായിരുന്നതുമായ ദുരന്തമാണ്. സാധാരണ ജനങ്ങളേക്കാൾ വരേണ്യ വിഭാഗത്തിനായിരുന്നുമുൻഗണന. യുപി ഗവൺമെന്റ് 2002ൽതന്നെ, 2025ലെ കുംഭമേളക്കുള്ള നാൾവഴികൾ രൂപകല്പന ചെയ്തിരുന്നു. കേന്ദ്രഗവൺമെന്റിന്റെ 2010 കോടി രൂപയുടെ സഹായം ഉൾപ്പെടെയുള്ള 5010 കോടി രൂപയുടെ ബജറ്റാണ് ഇതിന് തയ്യാറാക്കിയത്. ഇത് ഔദ്യോഗികമായ കണക്കാണ്. അനധികൃതമായ ചെലവഴിക്കൽ എത്ര വേണമെങ്കിലും ആകാം. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞത്, "ഇത്തവണത്തെ മഹാ കുംഭമേള ഒരു മതപരമായ ചടങ്ങല്ല മറിച്ച് ഒരു ആഗോള അത്ഭുതദൃശ്യമായിരിക്കും. ലോകമെമ്പാടുമുള്ള ഭക്തജനങ്ങൾക്കായി ലോകോത്തരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ഈ സംരംഭത്തിൽ പ്രതിഫലിക്കുന്നത്" എന്നാണ്.

സർക്കാർ സംവിധാനങ്ങൾ സമ്പൂർണ്ണമായി വിനിയോഗിച്ച്, ആവശ്യമായ പ്രചാരണക്കതിപ്പ് നൽകാൻ മാദ്ധ്യമങ്ങളിൽ സ്വാധീനം ചെലുത്തി, മറ്റെല്ലാ ഉത്തരവാദിത്തങ്ങളെയും പിന്തള്ളിക്കൊണ്ടുള്ള നീക്കമായിരുന്നു തുടർന്ന്. അങ്ങനെ മഹാ കുംഭമേള ഒരു മഹാസംഭവമാക്കി ഉയർത്തിക്കാണിക്കപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും സഹപ്രവർത്തകരും പലപ്പോഴും രാജ്യത്തിന്റെ സാങ്കേതിക വികാസത്തെപ്പറ്റിയും രാജ്യം ആഗോള 'വൻശക്തിയായി' വളരുന്നതിനെക്കുറിച്ചും വീമ്പിളക്കാറുണ്ട്. സാങ്കേതിക പുരോഗതി എന്നതുകൊണ്ട് അവർ അർത്ഥമാക്കുന്നത് ആണവായുധങ്ങൾ, ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലുകൾ (ICBM)കൊണ്ട് ശക്തമായ ഇന്ത്യയുടെ സൈനിക ശക്തി, കൃത്രിമ ഉപഗ്രഹ വിക്ഷേപണം പോലുള്ള ബഹിരാകാശ സാങ്കേതികവിദ്യ, വിജയകരമായ ചാന്ദ്രപര്യവേഷണങ്ങൾ, ഭാവിയിലെ 'സൂര്യദൗത്യം' എന്നിവയൊക്കെയാണ്. മുമ്പും കോൺഗ്രസിന്റെയും ബിജെപിയുടെയും നേതാക്കൾ ഈ വിജയകഥകൾ തന്നെയാണ് പറഞ്ഞതും. ഒരു പ്രത്യേക ഗ്രഹ വിന്യാസത്തിന്റെ സമയത്ത് നടക്കുന്ന ദിവ്യമായ കുളിയുടെ മാഹാത്മ്യം, അതിനെന്തെങ്കിലും ശാസ്ത്രീയ അടിസ്ഥാനമുണ്ടോ എന്ന കാര്യം ചർച്ചചെയ്യാതെ പ്രസംഗിക്കുകയാണ്. അതിനാൽ ഒരു ചോദ്യം ഉയർന്നുവരുന്നു–ഇത് ഒരു മതപരമായ ഒത്തുചേരലാണോ അതോ ബിജെപിയുടെ തിരഞ്ഞെടുപ്പ് മോഹങ്ങൾ നിറവേറ്റാനായി കാവി ബ്രിഗേഡ് രൂപകല്പന ചെയ്ത ഹിന്ദുത്വ അജണ്ടയാണോ?

'ലോകോത്തരമായ ക്രമീകരണ'ത്തെക്കുറിച്ചാണ് മന്ത്രിമാർ വാചാലരാകുന്നത്. യഥാർത്ഥത്തിൽ അതൊന്നും അവിടെ ഉണ്ടായിരുന്നില്ല. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ ഫലപ്രദമായ സംവിധാനമോ, അടിയന്തര സഹായമെത്തിക്കാനുള്ള സംവിധാനമോ ഉണ്ടായിരുന്നില്ല. സാധാരണ ഭക്തരെ നിയന്ത്രിക്കുന്നതിനല്ല മറിച്ച് മന്ത്രിമാർ, ഉദ്യോഗസ്ഥർ, ഹിന്ദു സന്യാസിമാരായ വിഐപികൾ എന്നിവർക്ക് പാതയൊരുക്കാനാണ് സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചത്. ലക്ഷക്കണക്കിനുള്ള തീർത്ഥാടകർ, അശാസ്ത്രീയമായി ആസൂത്രണം ചെയ്ത, പുറത്തുകടക്കാനിടമില്ലാത്ത തിരക്കേറിയ ഇടനാഴിയിൽ കുടുങ്ങുകയായിരുന്നു. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിലും കൃത്യമായി സാഹചര്യം വിലയിരുത്തുന്നതിലുമുള്ള പരാജയത്തെക്കുറിച്ച് പറയാതെ, വൻജനപങ്കാളിത്തമാണ് തിക്കും തിരക്കും ഉണ്ടാക്കിയതെന്നാണ് സർക്കാർ ഭാഷ്യം. യഥാർത്ഥത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയവരും, ഏകോപനം നിർവ്വഹിച്ചവരും പ്രതിക്കൂട്ടിലാണ്. ആവർത്തിച്ചുള്ള തീപിടുത്തവും സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തുന്നു. ഈ ദുരന്തം ഭരണപരമായ ഒരു വീഴ്ച മാത്രമായിരുന്നില്ല; മനുഷ്യജീവനേക്കാൾ കെട്ടുകാഴ്ചക്ക് പ്രാധാന്യം നൽകുന്ന ഭരണകൂടത്തിന്റെ ഹീനമായ കുറ്റകൃത്യമായിരുന്നു.

## ഗ്രഹരാശിയുടെ പിന്നിലെ ശാസ്ത്രം

പ്രപഞ്ചശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും നിയമപ്രകാരം ഓരോ 12 വർഷത്തിലും സംഭവിക്കുന്ന ഒരു ഗ്രഹ വിന്യാസമാണിത്. ഗ്രഹങ്ങളുടെ, പ്രത്യേകിച്ച് സൂര്യനുചുറ്റും ഒരു ഭ്രമണപഥം പൂർത്തിയാക്കാൻ 12 വർഷമെടുക്കുന്ന വ്യാഴത്തിന്റെയും മറ്റും ഭ്രമണചക്രവുമായി ബന്ധപ്പെട്ടാണ് ഇത് സംഭവിക്കുന്നത്. ഈ 12 വർഷത്തെ ഭ്രമണ ചക്രം സൂര്യന്റെയും ചന്ദ്രന്റെയും ഭ്രമണ ചക്രവുമായി സന്ധിക്കുമ്പോൾ ഏകദേശം 144–ാം വർഷത്തിൽ സംഭവിക്കുന്ന അപൂർവ്വമായ ഗ്രഹവിന്യാസമാണ് ഇത്. എന്നാൽ ഈ സവിശേഷമായ പ്രകൃതിപ്രതിഭാസത്തിന് പിന്നിലുള്ള കാരണം പണ്ടൊന്നും അറിയുമായിരുന്നില്ല. ഇത്തരമൊരു മുഹൂർത്തത്തിൽ ആശ്ചര്യപ്പെട്ട് അന്നത്തെ ഹിന്ദുമത പണ്ഡിതന്മാർ ഇതിന് ആത്മീയ പരിവേഷം നൽകിക്കൊണ്ട് കുംഭ സ്ഥലത്ത് കുളിച്ച് ആത്മശുദ്ധി വരുത്താനും മോക്ഷം നേടാനുമുള്ള 'മംഗളകരമായ സമയം' എന്നിതിനെ വിളിച്ചു. പ്രയാഗ് രാജിലെ ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനത്ത് ആ സമയത്ത് ദിവ്യമായ അമൃത് കലരുമെന്നും അവർ വിശ്വസിച്ചു. എന്നാൽ ഇപ്പോൾ ശാസ്ത്രത്തിന്റെ സഹായത്തോടെ സത്യത്തിന്റെ ചുരുൾ അഴിഞ്ഞ് കാര്യങ്ങൾ വ്യക്തമാകുമ്പോഴും പൗരോഹിത്യ പ്രബോധനങ്ങളും മതവിശ്വാസ പ്രമാണങ്ങളും ശാശ്വത സത്യമായി ഉയർത്തിക്കാട്ടിക്കൊണ്ട് അന്ധതയും അന്ധവിശ്വാസങ്ങളും വളർത്തുകയാണിവർ.

## ജലമലിനീകരണം പതിന്മടങ്ങ് വർദ്ധിക്കും

നിരവധി മനുഷ്യ ജീവനുകൾ പൊലിയുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും നിരവധിപേരെ കാണാതാവുകയും ചെയ്തു എന്നതിനൊപ്പം ജനങ്ങളുടെ ആരോഗ്യത്തെയും ജീവിതത്തെയും ബാധിക്കുന്ന മറ്റൊരു പ്രശ്നം കൂടി ഇതിലുണ്ട്. വ്യാവസായിക–നഗര മാലിന്യങ്ങൾ വൻതോതിൽ കലരുന്നതിനാൽ യമുനയിൽ അടുത്തകാലത്തായി വിഷാംശമുള്ള നുരകൾ ഉണ്ടാകുന്നുണ്ട്. ഓരോ ദിവസവും 800 ദശലക്ഷം ലിറ്ററിലധികം മലിനജലം യമുനയിലേക്ക് പമ്പ് ചെയ്യപ്പെടുന്നു. 44 ദശലക്ഷം ലിറ്റർ വ്യാവസായിക മാലിന്യങ്ങളും ഇതേ നദിയിലേയ്ക്ക് പ്രതിദിനം തള്ളുന്നു. ശുദ്ധീകരിച്ച മലിനജലമായി നദിയിലെത്തുന്നത് ആകെയുള്ളതിന്റെ 35% മാത്രമാണ്. ഒരു കാലത്ത് നീലനിറമുണ്ടായിരുന്ന യമുനക്ക് ഇന്ന് കറുത്ത നിറമാണ്. മനുഷ്യന്റെയും മൃഗങ്ങളുടെയും മാലിന്യങ്ങളും ഗംഗയെ മലിനമാക്കുന്നു. അതുപോലെ ഗംഗയുടെ തീരത്ത് ദഹിപ്പിക്കുകയും നദിയിൽ ഒഴുക്കിവിടുകയും ചെയ്യുന്ന മൃതശരീരങ്ങൾക്ക് നേരിട്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുമെന്നാണ് പരമ്പരാഗത ഹിന്ദു വിശ്വാസം. ഓരോ വർഷവും വാരണാസിയിൽ മാത്രം 40,000 ത്തോളം ശവശരീരങ്ങൾ കത്തിക്കുകയും ഒഴുക്കി വിടുകയും ചെയ്യുന്നുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് നൂറുകണക്കിന് ശവശരീരങ്ങൾ ഗംഗയിൽ ഒഴുകി നടന്നത് ഓർക്കുക. ഉത്സവകാലത്ത് ലക്ഷക്കണക്കിനാളുകൾ ഗംഗയിൽ കുളിക്കുന്നു. ഭക്ഷണാവശിഷ്ടങ്ങൾ, ചപ്പുചവറുകൾ, പ്ലാസ്റ്റിക് ബാഗുകൾ, ഇലകൾ, പൂക്കൾ എന്നിവ പതിവായി ഗംഗയിൽ തള്ളുന്നതും മലിനീകരണം വർദ്ധിപ്പിക്കുന്നു. ഗംഗയിലും യമുനയിലും മത്സ്യങ്ങൾ ചത്തു പൊങ്ങുന്നത് പതിവായിരിക്കുന്നു. ഗംഗയിൽ കുളിക്കുന്നവർക്ക് അതിസാരം, കോളറ, ഹെപ്പറ്റൈറ്റിസ്, കടുത്ത വയറിളക്കം എന്നീ ജലജന്യ രോഗങ്ങൾ പിടിപെടുന്നതും സാധാരണമാവുകയാണ്.

നദിയിൽ മലിനജലം ഒഴുക്കുന്നതിനെതിരെ ദേശീയ ഹരിത ട്രൈബൂണൽ വിവിധ ഉത്തരവുകൾ നൽകിയിട്ടും സ്ഥിതിയിൽ മാറ്റമൊന്നുമില്ല. മറിച്ച് മലിനീകരണം പലമടങ്ങ് വർദ്ധിച്ചു. പ്രധാനമന്ത്രി മോദി അധികാരത്തിലേറിയതിനുശേഷം കഴിഞ്ഞ ഒരു ദശകത്തിൽ 'നമാമി ഗംഗ' പരിപാടിക്കായി ചെലവിട്ട 40,000 കോടി രൂപക്ക് എന്ത് സംഭവിച്ചു എന്നതാണ് ആശ്ചര്യപ്പെടുത്തുന്ന കാര്യം. പുഴ സംരക്ഷിക്കുന്നതിനുള്ള പൊതുജന സമ്പർക്ക പരിപാടി പരാജയപ്പെട്ടു. ഗംഗയെ ശുദ്ധീകരിക്കുന്നതിനുപകരം പോഷകനദികളിൽ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയത് ആവാസ വ്യവസ്ഥക്ക് ഭീഷണിയുമായി.

സ്വയമുണ്ടാക്കുന്ന മാലിന്യം കൈകാര്യം ചെയ്യാൻ നഗരം സജ്ജമല്ല. അപ്പോൾ കുംഭമേളയിൽ ലക്ഷങ്ങൾ ഒത്തുകൂടുമ്പോൾ എന്താകും സ്ഥിതി എന്നത് ആശങ്കയുളവാക്കുന്നു. കുംഭമേള നടക്കുന്ന ബല്ലുവ ഘട്ട് മുതൽ റസൂലാബാദ് ഘട്ട് വരെയുള്ള നിരവധി മാലിന്യത്തോടുകൾ നദിയിലേക്കാണ് ഒഴുകുന്നത്. അവ നിറയെ സംസ്കരിക്കാത്ത മാലിന്യമാണ്. ഇവയെല്ലാം കുളിക്കടവുകൾക്ക് തൊട്ടടുത്തുമാണ്. നദിയുടെ മറുകരയിലെ ആരേൽ ഘട്ടിലും ഇതുതന്നെയാണ് സ്ഥിതി. ഗംഗയുടെയും യമുനയുടെയും ത്രിവേണി സംഗമത്തിനു തൊട്ടുമുമ്പ് നദിയിലേക്ക് എണ്ണമറ്റ മലിനജല തോടുകളാണ് ചേരുന്നത്. ദശലക്ഷക്കണക്കിന് ആളുകൾ അതിൽ കുളിക്കുന്നതിന്റെ ആഘാതം താങ്ങാൻ ആ ആവാസ വ്യവസ്ഥക്ക് കഴിയുമോ? നഗരത്തിലൂടെ ഒഴുകുന്ന ഇത്തരമൊരു നദി ആവാസവ്യവസ്ഥക്ക് വലിയ പ്രഹരമാവും. ഇത് സസ്യങ്ങളെയും നദീതീര ആവാസ സമൂഹത്തെയും മത്സ്യങ്ങളെയും അപകടപ്പെടുത്തും. പ്രയാഗ്‌രാജ് നഗരമാകട്ടെ മലിനീകരണംകൊണ്ടും നാശോന്മുഖമായ നദീതീരത്തിന്റെ അവസ്ഥ കാരണവും കഷ്ടപ്പെടേണ്ടിവരും.

## മനുഷ്യത്വത്തിന്റെ തിളക്കമാർന്ന കാഴ്ചകൾ

ആർഎസ്എസ്–ബിജെപി–സംഘപരിവാർ ഹിന്ദുത്വ സിദ്ധാന്തം, ഹിന്ദു മതഭ്രാന്തിലും ന്യൂനപക്ഷ വിരുദ്ധതയിലും, പ്രത്യേകിച്ച് മുസ്ലീം വിദ്വേഷത്തിലും അധിഷ്ഠിതമാണ്. മതന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും അവരുടെ മതസ്ഥാപനങ്ങൾ ആക്രമിക്കപ്പെടുകയും ചെയ്യുന്നു. ഹിന്ദുമത ഘോഷയാത്രകൾ കടന്നുപോകുന്ന വഴികളിലെ ചെറിയ കടകളോ ഭക്ഷണ ശാലകളോ പ്രവർത്തിപ്പിക്കാൻ ന്യൂനപക്ഷങ്ങളെ അനുവദിക്കാത്തവിധം ആസൂത്രിതമായി ശത്രുത പടർത്തുകയാണ്. കഴിഞ്ഞ ദിവസം ഹരിദ്വാറിലെ കൻവാർ യാത്ര നടക്കുന്ന വഴിയിലുള്ള ഭക്ഷണശാലകളിൽ ഉടമകളുടെയും ജീവനക്കാരുടെയും പേരുകൾ പ്രദർശിപ്പിക്കുന്ന 'നെയിം പ്ലേറ്റുകൾ' ഉണ്ടായിരിക്കണമെന്ന് ബിജെപി നേതൃത്വംനൽകുന്ന യുപി സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മുസ്ലീങ്ങളുടെ ഉടമസ്ഥതയിലുള്ള കടകളിൽ നിന്നും ഭക്ഷണം കഴിക്കുന്നതും വാങ്ങുന്നതും വിലക്കുക എന്ന ലക്ഷ്യമായിരുന്നു ഇതിനു പിന്നിൽ. മുസ്ലീങ്ങളുടെ ഉടമസ്ഥതയിലുള്ള ധാബകൾ അടച്ചുപൂട്ടാനും ഹിന്ദു ഉടമകൾ നടത്തുന്ന ധാബകളിൽ മുസ്ലീം ജീവനക്കാരുടെ സേവനം അവസാനിപ്പിക്കാനും ആവശ്യപ്പെട്ടു. മുസ്ലീം ഉടമസ്ഥതയിലുള്ള ധാബകളിൽനിന്ന് ഭക്ഷണം കഴിക്കുന്നതുവഴി കൻവാൻ തീർത്ഥയാത്രക്കാരുടെ ശുദ്ധി നശിച്ചു പോകുമെന്നാണ് ചില ഹിന്ദുത്വവാദികൾ പ്രചരിപ്പിക്കുന്നത്. സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾവഴി അവരുടെ കച്ചവടവും ഉപജീവനവും ഇല്ലാതായിരിക്കുന്നു.

തിക്കിലും തിരക്കിലും കുടുങ്ങിപ്പോയ ജനങ്ങൾക്ക് ഭക്ഷണവും പാർപ്പിടവും വൈദ്യസഹായവും നൽകുകയും മാനുഷിക മൂല്യങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത പ്രകടിപ്പിക്കുകയും ചെയ്തു പ്രാദേശിക മുസ്ലീം ജനത. പരുക്കേറ്റവരെയും വിശക്കുന്നവരെയും സഹായിക്കാൻ മുസ്ലീം സന്നദ്ധ പ്രവർത്തകർ ഭക്ഷണശാലകളും വൈദ്യ സഹായ കേന്ദ്രങ്ങളും സ്ഥാപിച്ചു. ധാരാളംപേർ ഇവിടെനിന്ന് ഭക്ഷണം കഴിക്കുകയും ചെയ്തു. സോഷ്യൽ മീഡിയയിൽ ഇതിന്റെ വീഡിയോകളും ഫോട്ടോകളും യഥേഷ്ടം കാണാം.

പിടിപ്പുകേടുകൊണ്ടുണ്ടാകുന്ന ജീവഹാനിയെ മതവിശ്വാസംകൊണ്ട് ന്യായീക

*(ശേഷം 3–ാം പേജിൽ)*

# കേന്ദ്ര ബജറ്റ് 2025

# വാചാലമായ പ്രസംഗംകൊണ്ട് മറച്ചുവെച്ച വഞ്ചനകളുടെ ആവർത്തനം

**സാധാരണ ജനങ്ങൾക്ക് ആവശ്യമായതൊന്നും നൽകാത്ത ഒരു വ്യവസ്ഥിതിക്കുള്ളിൽ സർക്കാരിന്റെ നയം ഒന്നും സൃഷ്ടിക്കുന്നില്ലെന്ന് കേന്ദ്രബജറ്റ് വീണ്ടും തെളിയിച്ചിരിക്കുന്നു. കൃത്രിമവിലക്കയറ്റം സൃഷ്ടിക്കുന്ന അവിശുദ്ധ ക്രിമിനൽ കൂട്ടുകെട്ടിനെ തകർത്ത്, കുതിച്ചുയരുന്ന വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളൊന്നും ബജറ്റിലില്ല. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തമായ നടപടിയില്ല. ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസവും സൗജന്യമായോ, അല്ലെങ്കിൽ കുറഞ്ഞപക്ഷം താങ്ങാനാകുന്ന നിരക്കിലെങ്കിലുമോ ഉറപ്പാക്കാൻ ബജറ്റിൽ നിർദ്ദേശമില്ല.**

2006ൽ എം.എസ്.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തതും 2014ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി ഭരണകക്ഷിയായ ബിജെപി വാഗ്ദാനം ചെയ്തതും ഡൽഹിയിൽ ഒരു വർഷം നീണ്ടുനിന്ന ചരിത്രപ്രസിദ്ധമായ കർഷക സമരത്തിൽ കർഷകർ ആവശ്യപ്പെട്ടതുമായ C2+50% നിലവാരത്തിൽ കർഷകരിൽ നിന്ന് വിളകൾ സംഭരിക്കുന്നതിന് കുറഞ്ഞ താങ്ങുവില പ്രഖ്യാപിക്കുന്നുണ്ടോ? ഇല്ല. ശക്തമായ ജിഡിപി വളർച്ചയെക്കുറിച്ചുള്ള പതിവ് വാചകമടിപോലും ഉണ്ടായിരുന്നില്ല. പിന്നെ, പ്രധാനമന്ത്രി മോദി ഉൾപ്പെടെയുള്ള ഭരണകക്ഷിയിലെ അംഗങ്ങൾ ബെഞ്ചിൽ നിരന്തരം അടിച്ചുകൊണ്ട് ആവർത്തിച്ച് സ്വാഗതം ചെയ്ത, ഇത്തവണത്തെ ബജറ്റിന്റെ പേരിൽ അവതരിപ്പിച്ചത്, എന്തായിരുന്നു? വികസിതഭാരതത്തിന്റെ ഒരു പ്രത്യേക കൂട്ട്, അതിങ്ങനെയായിരുന്നു: ദാരിദ്ര്യരഹിതം, നൂറു ശതമാനം നല്ല നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം, ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്നതും സമഗ്രവുമായ ആരോഗ്യ സംരക്ഷണത്തിലേക്കുള്ള പ്രവേശനം, അർത്ഥവത്തായ തൊഴിലവസരങ്ങളോടെ നൂറു ശതമാനം വൈദഗ്ധ്യമുള്ള തൊഴിലാളികൾ, സാമ്പത്തിക പ്രവർത്തനങ്ങളിൽ എഴുപത് ശതമാനം സ്ത്രീകൾ, നമ്മുടെ രാജ്യത്തെ 'ലോകത്തിന്റെ ഭക്ഷണക്കൂട'യാക്കുന്ന കർഷകർ. പുറമേയ്ക്ക് ഇത് വളരെ ആകർഷകമായി തോന്നാം. എന്നാൽ പുസ്തകത്തിന്റെ വൈവിധ്യമാർന്ന പുറംചട്ട മാത്രമാണിത്. ഉള്ളടക്കം വളരെ വഞ്ചനാപരമാണ്. വസ്തുതകളിലേക്ക് ഒന്ന് കണ്ണോടിക്കുക.

## സർക്കാർ ചെലവുകൾ കുറഞ്ഞു, കടം വർദ്ധിച്ചു, കോർപ്പറേറ്റ് ലാഭവും പണപ്പെരുപ്പവും കുതിച്ചുയർന്നു

ബജറ്റ് പ്രസംഗത്തിലെ കണക്കുകളുടെ വിശദാംശങ്ങൾ നൽകാതിരിക്കാൻ ബിജെപി സർക്കാർ ഒരു പുതിയ വിദ്യ കണ്ടുപിടിച്ചു. സാധാരണക്കാർക്ക് ലഭ്യമല്ലാത്ത അനുബന്ധങ്ങളിൽ എല്ലാം നൽകിയിരിക്കുന്നു. വ്യാജ ഡാറ്റ, കണക്കുകൂട്ടൽ തന്ത്രങ്ങൾ, മറച്ചുവെച്ച യാഥാർത്ഥ്യം എന്നിവയെല്ലാം അനുബന്ധങ്ങളിൽ അടങ്ങിയിരിക്കുന്നു. ഇനി വിശാലമായ സംഖ്യാ വെട്ടിച്ചുരുക്കലിലേക്ക് നമുക്ക് പോകാം.




മൊത്തം ചെലവിൽ എന്തെങ്കിലും വർദ്ധനവുണ്ടോ? ഇല്ല. മൊത്തം ചെലവ് 1,04,025 കോടി രൂപ കുറച്ചു, മൂലധന ചെലവ് 92,682 കോടി രൂപ കുറഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിഹിതം 11.21 ലക്ഷം കോടി രൂപയായി. എന്നാൽ ഈ കണക്ക് കൈവരിക്കാൻ കഴിഞ്ഞേക്കില്ലെന്നും 10.18 ലക്ഷം കോടി രൂപയായി അത് തുടരുമെന്നും ധനമന്ത്രി തന്നെ സമ്മതിച്ചു. എല്ലാ വർഷവും, കമ്മി ധനസഹായത്തിനായി സർക്കാർ വലിയ തുക കടമെടുക്കുന്നു (പുതിയ കറൻസി നോട്ടുകൾ അച്ചടിക്കുക എന്നതാണ് കമ്മി ധനസഹായത്തിനുള്ള മറ്റൊരു മാർഗം-പക്ഷേ ആ കണക്ക് രഹസ്യമായി സൂക്ഷിക്കുന്നു). ഇത്തവണ ധനമന്ത്രി പ്രസംഗത്തിൽ പറഞ്ഞതുപോലെ, മൊത്തം വിപണി വായ്പകൾ 14.82 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു. വാസ്തവത്തിൽ, ബിജെപി ഭരണത്തിന്റെ കഴിഞ്ഞ 10 വർഷത്തിനിടയിൽ, ഇന്ത്യ ഓരോ സെക്കന്റിലും 4 ലക്ഷം രൂപ കടം വാങ്ങിയിട്ടുണ്ട്. 2024 സെപ്റ്റംബർവരെ, ഇന്ത്യയുടെ ദേശീയ കടം 2,144.6 ബില്യൺ ഡോളറായിരുന്നു (1,86,58,020 കോടി രൂപ), ഇത് എക്കാലത്തെയും ഉയർന്ന നിരക്കാണ്. ഇത്രയും ഭാരിച്ച കടം കാരണം, പലിശ അടയ്ക്കൽ മൊത്തം ചെലവിന്റെ 25 ശതമാനവും വരുമാനത്തിന്റെ 40 ശതമാനവും ആയിരുന്നു.

പിന്നെ, പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനെക്കുറിച്ചോ? ഇല്ല, സർക്കാരിന് അതിനെക്കുറിച്ച് ഒരു ആശങ്കയുമില്ല. കാരണം, ചില്ലറ വില സൂചിക എത്ര ദശാംശ പോയിന്റ് വരെ കുറയുമെന്ന് നിർണ്ണയിക്കാൻ ഓവർടൈം ജോലി ചെയ്യുന്ന നിഗൂഢ ധനനയ വിദഗ്ധരുടെ കൈകളിലാണ് അത് ഏൽപ്പിച്ചിരിക്കുന്നത്. അങ്ങനെ പലിശ നിരക്കുകൾ കുറയ്ക്കാൻ കഴിയും, ബാങ്ക് വായ്പ തിരിച്ചടവ് മുടക്കുന്നത് ഒരു ശീലമാക്കിയ വലിയ കോർപ്പറേറ്റുകൾക്ക് കുറഞ്ഞ പലിശയ്ക്ക് പുതിയ വായ്പ ലഭിക്കും. (2014-15 മുതൽ കഴിഞ്ഞ ഒമ്പത് സാമ്പത്തിക വർഷങ്ങളിലായി ഇന്ത്യയിലെ ബാങ്കുകൾ നിഷ്ക്രിയ ആസ്തികളിലോ കുടിശ്ശിക വരുത്തിയ വായ്പകളിലോ ആകെ 14.56 ലക്ഷം കോടി രൂപ എഴുതിത്തള്ളിയതായി റിപ്പോർട്ടുണ്ട്.) ഇത് ഉൽപ്പാദനപരമായ നിക്ഷേപത്തിനല്ല, മറിച്ച് ഊഹക്കച്ചവടപരമായ ഓഹരി വിപണിയിലും ആയുധ നിർമ്മാണത്തിലും റോഡുകൾ, പാലങ്ങൾ, ഖനികൾ തുടങ്ങിയ പൊതുമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റെടുക്കുന്നതിലും ഫണ്ട് നിക്ഷേപിക്കാൻ ഉപയോഗിക്കുന്നു. ഇതിനെ ഇപ്പോൾ ആസ്തി സമ്പാദനമായി വിശേഷിപ്പിക്കുന്നു.

ബജറ്റ് അവതരണത്തിന് ഒരു ദിവസം മുമ്പ് പ്രസിദ്ധീകരിച്ച 2025ലെ സാമ്പത്തിക സർവേയിൽ, "ലാഭം കുതിച്ചുയർന്നപ്പോഴും" വേതനം പിന്നിലാണെന്ന് പരാമർശിക്കുന്നു. 2023-24ൽ സാമ്പത്തികം, ഊർജ്ജം, ഓട്ടോമൊബൈൽ എന്നിവയിലെ ശക്തമായ വളർച്ചയുടെ പശ്ചാത്തലത്തിൽ കോർപ്പറേറ്റ് ലാഭക്ഷമത 15 വർഷത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. 2023-24ൽ ശമ്പളക്കാരായ പുരുഷ തൊഴിലാളികളുടെ യഥാർത്ഥ ശരാശരി പ്രതിമാസ വേതനം 11,858 രൂപയായിരുന്നു. 2017-18ൽ ഇത് 12,665 രൂപയായിരുന്നു. സ്ത്രീ തൊഴിലാളികളുടെ യഥാർത്ഥ വേതനം 2017-18ൽ 10,116 രൂപയിൽനിന്ന് 12.5 ശതമാനം കുറഞ്ഞ് 8,855 രൂപയായെന്ന് സർവേ കൂട്ടിച്ചേർത്തു. (നാമമാത്ര വേതനത്തെ ചില്ലറ പണപ്പെരുപ്പം കൊണ്ട് ഹരിച്ചാണ് യഥാർത്ഥ വേതനം കണക്കാക്കുന്നത്). എന്നാൽ, ഇത്രയും അമിതമായ ലാഭ വർദ്ധനവ് ഉണ്ടായിരുന്നിട്ടും, ഇപ്പോൾ അവതരിപ്പിച്ച ബജറ്റിൽ സർക്കാരിന്റെ നികുതി വരുമാനത്തിലേക്കുള്ള കോർപ്പറേറ്റ് നികുതി സംഭാവന വെറും 17% ആയി ചുരുങ്ങി, വ്യക്തിഗത ആദായനികുതി സംഭാവന 22% ആയിരുന്നു. എന്താണ് ഇതിനർത്ഥം? കോർപ്പറേറ്റ് ലോകം തൊഴിലാളികളുടെ രക്തം ഊറ്റിയെടുത്തും സർക്കാർ വാഗ്ദാനം ചെയ്യുന്ന വലിയ ആനുകൂല്യങ്ങൾ, ഇളവുകൾ എന്നിവയിലൂടെയും ലാഭം പരമാവധിയാക്കുന്നു എന്നാണ് ഇതിനർത്ഥം.

പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന് അവശ്യ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല, അവയുടെ വ്യാപാരവും വിതരണവും നിയന്ത്രിക്കേണ്ടതുണ്ട്. ഭക്ഷ്യധാന്യങ്ങൾ, പാചക എണ്ണ, ഇന്ധനങ്ങൾ, വസ്ത്രങ്ങൾ, സ്റ്റേഷനറി മുതലായവ താങ്ങാവുന്ന വിലയിൽ ജനങ്ങൾക്ക് എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിന് ശക്തമായ ഒരു പൊതുവിതരണ സമ്പ്രദായത്തിന്റെ വികാസം ഒരു ചുവടുവയ്പ്പാകുമായിരുന്നു. ഇത് ഒരു പരിധിവരെ കുതിച്ചുയരുന്ന വിപണി നിരക്കുകൾ കുറയ്ക്കുമായിരുന്നു. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായിട്ടും, പെട്രോൾ-ഡീസലിനു മേലുള്ള അമിതമായ നികുതികളും സെസ്സും വില ഉയർത്തുന്നതിൽ ഘടകമാവുന്നു. വർദ്ധിച്ച ഗതാഗത ചെലവും അന്തിമ വിലയിൽ ചുമത്തുന്നു. ഗവൺമെന്റിന്റെ കീശ പെരുപ്പിക്കുന്ന അമിതമായ നികുതികളും സെസ്സും യഥാസമയം കുറയ്ക്കുന്നത്, പരോക്ഷ നികുതി ഭാരം കുറയ്ക്കുന്നതിലൂടെ ജനങ്ങൾക്ക് ആശ്വാസം നൽകുമായിരുന്നു.

## തൊഴിലില്ലായ്മ കുതിച്ചുയരുന്നു

20 മുതൽ 24 വയസ്സ് വരെയുള്ള പ്രായ വിഭാഗത്തിൽ തൊഴിലില്ലായ്മ 44.49% ആണ്. മറുവശത്ത്, 25-29 പ്രായ വിഭാഗത്തിൽ ഇത് 14.33% ആയി. 32.06 കോടി ആളുകൾക്ക് ജോലിയില്ല. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 31 ലക്ഷം പേർക്ക് ഔദ്യോഗികമായി തൊഴിൽ നഷ്ടപ്പെട്ടു. ഐഎൽഒ-ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ ഡെവലപ്മെന്റ് സംയുക്ത പഠനമനുസരിച്ച്, തൊഴിലില്ലാത്തവരിൽ വിദ്യാസമ്പന്നരായ യുവാക്കളുടെ പങ്ക് 2000-ൽ 54% ആയിരുന്നത് 2022-ൽ 66% ആയി ഉയർന്നു.

എന്നാൽ, തൊഴിൽ സൃഷ്ടിക്കണമെന്ന പതിവ് വാചകമടിയിൽ ഊന്നിയ ആഗ്ര

(ശേഷം 4-ാം പേജിൽ)

## മഹാകുംഭമേള

(2-ാം പേജിൽ നിന്ന്)

രിക്കാനാകുമോ? ഇത്രയും കൊട്ടിഘോഷത്തോടെ പൊതുഖജനാവിൽനിന്നും വൻതുക ചെലവഴിച്ചുകൊണ്ട് കുംഭമേള സംഘടിപ്പിക്കുന്നതെന്തിനാണ്? അയോദ്ധ്യയിൽ രാമക്ഷേത്രം പണിതത് ഉദ്ദേശിച്ച മൈലേജ് നൽകാതെ വന്നപ്പോൾ, ബിജെപി നേതൃത്വം തങ്ങളുടെ സങ്കുചിതവും വിഭാഗീയവുമായ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തെയും രാഷ്ട്രീയ, സാമ്പത്തിക താൽപര്യങ്ങളെയും മുൻനിർത്തിയാണ് മഹാ കുംഭത്തിലേക്ക് തിരിഞ്ഞത്. മതത്തിന്റെ പുറംചട്ട മാത്രമാണവർക്കുള്ളത്. മത ടൂറിസം 1.5 ലക്ഷം കോടി മുതൽ 2 ലക്ഷം കോടി രൂപവരെയുള്ള ബിസിനസ് സൃഷ്ടിക്കുമെന്ന് യുപി മുഖ്യമന്ത്രി അവകാശപ്പെട്ടിരുന്നു. തീർത്ഥാടകരുടെ ഗതാഗതം, താമസം, ഭക്ഷണം, ചില്ലറ വിൽപന തുടങ്ങിയവ വഴി ഈ മേഖലക്ക് കാര്യമായ സാമ്പത്തിക ഉത്തേജനം ഉണ്ടാകുമെന്ന് പല വിദഗ്ധരും പ്രവചിച്ചിട്ടുണ്ട്. അതിനാൽ ഇത് ആർഎസ്എസിനും ബിജെപിക്കും അവരുടെ യജമാനന്മാരായ ഭരണ ബൂർഷ്വാ വിഭാഗത്തിനും ഇരട്ട നേട്ടമാണുണ്ടാക്കുന്നത്.

കഴിഞ്ഞ 11 വർഷമായി ബിജെപിയാണ് അധികാരത്തിൽ. അതിനു മുൻപ് 54 വർഷത്തിലേറെ ഈ രാജ്യം ഭരിച്ചത് കോൺഗ്രസ്സാണ്. 1999 മുതൽ 2004 വരെയുള്ള 6 വർഷവും ബിജെപി ഭരിച്ചിരുന്നു. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, വിലക്കയറ്റം എല്ലാം അപരിഹാര്യമായി കുതിക്കുന്നു. ആരോഗ്യപരിരക്ഷയുടെയും ശരിയായ വിദ്യാഭ്യാസത്തിന്റെയും അഭാവത്തിൽ സാധാരണക്കാർ ഉഴലുമ്പോൾ കോർപ്പറേറ്റുകൾ സൂപ്പർ ലാഭം കൊയ്യുകയാണ്. സാമ്പത്തിക അസമത്വം വളരുന്നു. എല്ലാ ജനവിഭാഗങ്ങളിലും രോഷം മുളപൊട്ടുകയാണ്. കർഷകവിരുദ്ധ നയങ്ങൾക്കെതിരെ കർഷകർ പ്രക്ഷോഭത്തിലാണ്. തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ പണിയെടുക്കുന്നവർ സമരത്തിലാണ്. വിനാശകരമായ വിദ്യാഭ്യാസ നയത്തിനെതിരെ വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രതിഷേധത്തിലാണ്. യുവാക്കൾ തൊഴിൽ ആവശ്യപ്പെടുന്നു. അതിനാൽ ബൂർഷ്വാവർഗ്ഗ താത്പര്യം സംരക്ഷിക്കാനായി, അദ്ധ്വാനിക്കുന്ന ദശലക്ഷക്കണക്കിനുള്ള ആളുകളെ ഭിന്നിപ്പിക്കുകയും അവരിൽ വർഗ്ഗീയ വിദ്വേഷവും പരസ്പര ശത്രുതയും വളർത്തുകയുമാണ്. ജനങ്ങളുടെ യഥാർത്ഥ ജീവിത പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കുവാനും ജനകീയ പ്രക്ഷോഭങ്ങളെ തടയുവാനുമാണ് ഭരണാധികാരികൾ മതവികാരം ആളിക്കത്തിച്ചുകൊണ്ട് ജനങ്ങളെ വഴി തെറ്റിക്കുന്നത്. അതിനായി മതപരമായ ഉത്സവങ്ങളെ കേന്ദ്രീകരിച്ച് വികാരം ജ്വലിപ്പിക്കാനാണ് അവരുടെ ശ്രമം. ■

# തൊഴിൽരാഹിത്യത്തെയും തൊഴിൽതേടി അലയുന്ന യുവാക്കളെയും വിസ്മരിച്ച കേന്ദ്ര ബജറ്റ്

(3–ാം പേജിൽ നിന്ന്)

ഹങ്ങളല്ലാതെ മറ്റൊരു വ്യക്തമായ നിർദ്ദേശവുമില്ല. 2023 മാർച്ച് വരെ, കേന്ദ്ര സർക്കാരിനു കീഴിലെ 9.7 ലക്ഷത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു, ഇത് മൊത്തം അനുവദിച്ച തസ്തികകളുടെ ഏകദേശം 24% ആണ്. റെയിൽവേയിൽ 3.5 ലക്ഷത്തിലധികം ഒഴിവുകൾ ഉണ്ട്. എന്നാൽ, സാധാരണ സർക്കാർ ജോലികൾ ഔട്ട്സോഴ്സ് ചെയ്യുകയോ കരാർ തൊഴിലാളികൾ തുച്ഛമായ വേതനത്തിന് നിർവഹിക്കുകയോ ചെയ്യുന്നതിനെക്കുറിച്ച് ധനമന്ത്രി മൗനം പാലിക്കുന്നു. ഈ കരാർ ജോലികൾ തൊഴിലല്ല, മറിച്ച് കുറഞ്ഞ തൊഴിലോ വ്യാജ തൊഴിലോ ആണ്. ജോലികൾ ലഭ്യമാകുന്നതിനായി ആളുകളെ 'നൈപുണ്യവൽക്കരിക്കുക' എന്നതിലും, ജോലികൾ വർദ്ധിപ്പിക്കുന്നതിനായി ചെറിയ വായ്പകൾ (ഹോം സ്റ്റേ മാനേജർമാർക്ക് പോലുള്ളവ) നൽകുന്നതിലും പതിവ് പോലെ ഉയർത്തിക്കാട്ടുന്നുണ്ട്. എന്നാൽ ഈ വൈദഗ്ധ്യം എങ്ങനെ ഉണ്ടാകും? എന്താണ് രൂപരേഖ? തൊഴിൽ അവസരങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുകയാണെങ്കിൽ ഈ നൈപുണ്യ ഉന്നമനം കൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? കേന്ദ്ര ബജറ്റ് രേഖ പോലുള്ള ഒരു പ്രധാനരേഖയിൽ അത്തരം 'നിസ്സാര' ചോദ്യങ്ങൾ ഉൾപ്പെടുത്തരുതെന്ന് ധനമന്ത്രി കരുതുന്നുണ്ടാകാം.

ഇന്ത്യയിലെ മികച്ച 500 കമ്പനികളിൽ യുവാക്കൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം ധനമന്ത്രി ഒരു പുതിയ 'പ്രധാനമന്ത്രി ഇന്റേൺഷിപ്പ് പദ്ധതി' പ്രഖ്യാപിച്ചു. വിവിധ മേഖലകളിലെ യഥാർത്ഥ വ്യവസായ പരിതസ്ഥിതികളുമായി യുവാക്കൾക്ക് പരിചയപ്പെടാനും വിലപ്പെട്ട കഴിവുകളും തൊഴിൽ പരിചയവും നേടാനും ഈ പരിപാടി സഹായിക്കുമെന്ന് അന്ന് പ്രസ്താവിച്ചിരുന്നു. അഞ്ച് വർഷത്തിനുള്ളിൽ യുവാക്കൾക്ക് ഒരു കോടി ഇന്റേൺഷിപ്പുകൾ ലക്ഷ്യമിടുന്നതായിരുന്നു ഈ പദ്ധതി. എന്നാൽ ഇത്തവണത്തെ ബജറ്റിൽ, അതിനെക്കുറിച്ച് ഒരു പരാമർശവുമില്ല, ഈ മേഖലയിലെ പുരോഗതി റിപ്പോർട്ട് ചെയ്യുന്നതുപോലുമില്ല. വാസ്തവത്തിൽ, ഇപ്പോൾ ജോലി നൽകേണ്ടത് കോർപ്പറേറ്റ് സ്ഥാപനങ്ങളാണ്. സർക്കാർ ഡാറ്റ വെളിപ്പെടുത്തുന്നതുപോലെ, 2023-24 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ-ജൂൺ പാദത്തിൽ, കോർപ്പറേറ്റുകൾ പ്രഖ്യാപിച്ച പുതിയ നിക്ഷേപങ്ങൾ വെറും 44,000 കോടി രൂപയായിരുന്നു. 20 വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കാണിത്. 2023-24ൽ സ്വകാര്യ നിക്ഷേപം 15.3% കുറഞ്ഞു. സമീപകാല സാമ്പത്തിക റിപ്പോർട്ടുകൾ പ്രകാരം, മുൻ വർഷങ്ങളെ അപേക്ഷിച്ച് മന്ദഗതിയിലുള്ള വളർച്ചാ നിരക്കോടെ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് കൂടുതൽ കുറയുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഉൽപ്പാദന മേഖലയിലെ ദുർബലത, കോർപ്പറേറ്റ് നിക്ഷേപങ്ങളിലെ മാന്ദ്യം, വർദ്ധിച്ചുവരുന്ന ഇൻപുട്ട് ചെലവുകൾ, ആഭ്യന്തര ഡിമാന്റിലെ മാന്ദ്യം എന്നിവയെക്കുറിച്ചുള്ള ആശങ്കകളാണ് ഇതിന് പ്രധാനമായും കാരണം. കഴിഞ്ഞ 10 വർഷത്തിനിടെ 2.5 കോടിയിലധികം ചെറുകിട, ഇടത്തരം വ്യവസായങ്ങൾ അടച്ചുപൂട്ടിയതിനാൽ 12 കോടി പേർക്ക് ജോലി നഷ്ടപ്പെട്ടതായി സർക്കാർ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. അതിനാൽ, സ്വകാര്യ മേഖലയിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് ഒരു വ്യാജപ്രചരണം മാത്രമാണ്.

വളരെ കുറച്ച് അവസരങ്ങൾ മാത്രമുള്ള സർക്കാർ മേഖലയിൽ ജോലി തേടുമ്പോൾ, തൊഴിൽരഹിതർക്ക് വെടിയുണ്ടകളേയും ലാത്തിയടികളേയും നേരിടേണ്ടിവരുന്നു. ഏതാനും മാസം മുമ്പ്, 2024 ഡിസംബർ 14 ന് ബീഹാറിൽ നടക്കാനിരുന്ന 70-ാമത് കമ്പൈൻഡ് പ്രിലിമിനറി പരീക്ഷയിൽ തിരിമറി നടക്കാൻ സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾക്കെതിരെ കമ്മീഷൻ ഓഫീസിന് പുറത്ത് പ്രതിഷേധിച്ച, നൂറുകണക്കിന് ബിഹാർ പബ്ലിക് സർവീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്കു നേരേ പട്ന പോലീസ് ലാത്തി വീശിയിരുന്നു.




വീണ്ടും, ബിഹാർ പിഎസ്സി നടത്തിയ കമ്പൈൻഡ് പ്രിലിമിനറി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ആരോപിച്ച ഉദ്യോഗാർത്ഥികൾക്കെതിരെയും പോലീസ് ലാത്തി ചാർജ്ജ് നടത്തി. പ്രധാനമന്ത്രി മോദിയും തിരഞ്ഞെടുത്ത സാമ്പത്തിക വിദഗ്ദരും ബജറ്റിന് മുമ്പുള്ള ചർച്ച നടത്തിയ ദിവസം, ഗുജറാത്തിലെ ബറൂച്ചിലെ ഒരു സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിൽ വെറും 10 തസ്തികകളിലേക്ക് 1800 ഉദ്യോഗാർത്ഥികൾ തടിച്ചുകൂടി. ഇവിടെ തിരക്കു കാരണം കൈവരി തകർന്ന് ആറ് പേർക്ക് പരിക്കേറ്റു. എഞ്ചിനീയർമാരും ബിരുദാനന്തര ബിരുദധാരികളും ഡോക്ടറേറ്റുകാരും, ക്ലാസ് ഫോർ സ്റ്റാഫ്, സ്വീപ്പർ, മോർച്ചറി അസിസ്റ്റന്റുമാർ തുടങ്ങിയ ജോലികൾക്കായി പരക്കം പായുന്നുണ്ടെന്ന് ആർക്കാണറിയാത്തത്? സർക്കാർ ഈ ഉന്നത വിദ്യാഭ്യാസം നേടിയ യുവാക്കളെ 'അവിദഗ്ദർ' എന്ന് വിളിക്കുകയാണെങ്കിൽ, ആരാണ് വൈദഗ്ധ്യമുള്ളവർ? അതുകൊണ്ട്, വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ 'നൈപുണ്യ പരിപാടികൾ' സംബന്ധിച്ച വാദം വെറും പൊള്ളയാണ്. വാസ്തവത്തിൽ, മുതലാളിത്ത വ്യവസ്ഥയുടെ രൂക്ഷമായ വിപണി പ്രതിസന്ധിയിൽ വലയുന്ന വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ മനുഷ്യശക്തി ഗണ്യമായി കുറയ്ക്കുകയും ഉൽപാദനച്ചെലവ് കുറയ്ക്കാൻ അത്യാധുനിക സാങ്കേതികവിദ്യ തിരഞ്ഞെടുക്കുകയും ചെയ്യുന്ന പാതയിലാണ്. നൈപുണ്യ വികസനത്തിന് അമിത പ്രാധാന്യം നൽകുന്നതിലൂടെയും പിഎഫ് അക്കൗണ്ടിലെ വർദ്ധിച്ചുവരുന്ന എൻറോൾമെന്റിനെ ഇടയ്ക്കിടെ പരാമർശിക്കുന്നതിലൂടെയും ആ യാഥാർത്ഥ്യത്തെ ഒളിപ്പിക്കാൻ ശ്രമിക്കുകയാണ്.

## കൃഷി

ഇന്ത്യയെ ലോകത്തിന്റെ ഭക്ഷ്യക്കൊട്ടയാക്കുന്ന കർഷകരെക്കുറിച്ചാണ് സർക്കാർ എപ്പോഴും സംസാരിക്കുന്നത്. ദരിദ്രരായ കർഷക സമൂഹത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സർക്കാരിന്റെ നിസ്സംഗത മറയ്ക്കാൻ എന്തൊരു താളാത്മകമായ ഭാഷ അവർ ഉപയോഗിക്കുന്നു! 2024-25 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം, കൃഷിയിലും അനുബന്ധ മേഖലയിലും നടത്തിയ ചെലവ് 3,76,720.41 കോടി രൂപയായിരുന്നു. 2025-26 ലെ ബജറ്റിൽ, കണക്കാക്കിയ തുക 3,71,687.35 കോടി രൂപയായിരുന്നു, അതായത് 5042.06 കോടി രൂപ കുറവാണ്. 2024-25 ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ കൃഷി- കർഷകക്ഷേമ വകുപ്പിനുള്ള വിഹിതം 3,905.05 കോടി രൂപ കുറഞ്ഞു. പണപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ കാർഷിക മേഖലയ്ക്കുള്ള വിഹിതത്തിൽ ഇത് വലിയ വെട്ടിക്കുറവാണ്. എന്നാൽ ധനമന്ത്രിയുടെ വാക്കുകളിൽ കൃഷിയാണ് 'സമ്പദ്‌വ്യവസ്ഥയുടെ ആദ്യ എഞ്ചിൻ'. സർക്കാരിന്റെ പ്രധാന വിള ഇൻഷ്വറൻസ് പദ്ധതിയായ 'പ്രധാൻ മന്ത്രി ഫസൽബീമായോജന'യിൽ 2024-25-ൽ 16,864.00 കോടി രൂപയിൽ നിന്ന് 2025-26-ൽ 12,242.27 കോടി രൂപയായി, അതായത് 4621.73 കോടി രൂപ വെട്ടിക്കുറച്ചു. വിള ഇൻഷ്വറൻസ് പദ്ധതിക്കുള്ള വിഹിതം 3,621.73 കോടി രൂപ കുറഞ്ഞു. വളം സബ്സിഡിയുടെ വിഹിതം 2025-26-ൽ 1.67 ലക്ഷം കോടി രൂപയായി, 2024-25-ലെ പുതുക്കിയ എസ്റ്റിമേറ്റ് 1.71 ലക്ഷം കോടി രൂപയേക്കാൾ കുറവാണ്. കഴിഞ്ഞ വർഷം വളം സബ്സിഡിക്ക് സർക്കാർ 1.88 ലക്ഷം കോടി രൂപ നീക്കിവച്ചിരുന്നു. വളങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചത് സബ്സിഡികളുടെ അളവ് കുറയ്ക്കും, പാവപ്പെട്ട കർഷകരുടെ മൂലധന ചെലവ് വർദ്ധിപ്പിക്കും. കൃഷിയെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. കൃഷിയിൽ ഉൾപ്പെടുന്ന വിത്ത്, വളം, കീടനാശിനികൾ എന്നിവയുടെ ഉൽപാദനവും സംഭരണ സംവിധാനവും കാർഷിക ഭീമന്മാർക്കും ബഹുരാഷ്ട്ര കമ്പനികൾക്കും കൈമാറുന്ന പ്രക്രിയയാണ് ഇപ്പോൾ നടക്കുന്നത്.

## വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി

വർദ്ധിച്ചുവരുന്ന സ്വകാര്യവൽക്കരണം, സർക്കാർ സ്കൂളുകൾ വൻതോതിൽ അടച്ചുപൂട്ടുന്നത്, സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും അധ്യാപകരുടെയും കുറവ്, പാഠ്യപദ്ധതിയുടെ നിലവാരം താഴ്ന്നത്, വിചിത്രമായ സെമസ്റ്ററും ചോയ്സ് അധിഷ്ഠിത ക്രെഡിറ്റ് സംവിധാനവും, കനത്ത ഫീസ് ഘടന, അക്കാദമിക് സ്വയംഭരണത്തിന്റെ അഭാവം തുടങ്ങിയവ കാരണം വിദ്യാഭ്യാസ മേഖല ഇതിനകം തന്നെ പ്രതിസന്ധിയിലാണ്. ഈ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം 1,28,650.05 കോടി രൂപയാണ്, ഇത് മൊത്തം ബജറ്റിന്റെ 2.54% മാത്രമാണ്. യുജിസിക്കും ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനും അനുവദിച്ച വിഹിതം യഥാക്രമം 47% ഉം 50% ഉം കുറച്ചു. കേന്ദ്രീയ വിദ്യാലയ സംഘാടന് (കേന്ദ്ര സർക്കാരിനു കീഴിലുള്ള സ്കൂളുകൾ – കൂടുതലും സർക്കാർ ജീവനക്കാരുടെയും പ്രതിരോധ ജീവനക്കാരുടെയും കുട്ടികൾക്കായി ഉദ്ദേശിച്ചിട്ടുള്ളവ) 9,503 കോടി രൂപ അനുവദിച്ചു, 2024-25 ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ 776 കോടി രൂപയുടെ വർദ്ധനവ്. കേന്ദ്രീയ വിദ്യാലയങ്ങളും (9,504 കോടി രൂപ), നവോദയ വിദ്യാലയങ്ങളും (5,305 കോടി രൂപ) പോലുള്ള കേന്ദ്ര വിദ്യാലയങ്ങൾക്കുള്ള ഫണ്ടിന്റെ പകുതിയിൽ താഴെയാണ് ഇന്ത്യയിലെ എല്ലാ സെക്കന്ററി സ്കൂളുകൾക്കും കൂടി കേന്ദ്രസർക്കാർ നൽകുന്ന മൊത്തം സാമ്പത്തികപിന്തുണ.

കേന്ദ്ര സർക്കാരിനെ സംബന്ധിച്ചിടത്തോളം, "വികസിത് ഭാരതിൽ 100% നല്ല നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം ഉൾക്കൊള്ളുന്നു" എന്ന് ധനമന്ത്രി പ്രസംഗത്തിൽ പറഞ്ഞു. എന്നിരുന്നാലും ബജറ്റ് വിഹിതത്തിലെ വർദ്ധനവ് വളരെ കുറവാണ്. 2019 മുതൽ വിദ്യാഭ്യാസത്തിനായുള്ള പൊതുചെലവ് (സംസ്ഥാന സർക്കാരുകളും കേന്ദ്രവും) മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഡിപി) 4.2%-4.6% ആയി സ്തംഭിച്ച് നിൽക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം - 2020 പോലും മൊത്തം ബജറ്റിന്റെ കുറഞ്ഞത് 6% വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. വളരെ രസകരമെന്നു പറയട്ടെ, സർക്കാർ സ്കൂളുകൾക്ക് ചോക്ക്, ഡസ്റ്ററുകൾ, ബ്ലാക്ക്ബോർഡുകൾ എന്നിവ വാങ്ങാനോ ടോയ്‌ലറ്റുകൾ നിർമ്മിക്കാനോ തകർന്ന കെട്ടിടങ്ങൾ നന്നാക്കാനോ ഫണ്ടില്ലാത്തപ്പോൾ, എല്ലാ സർക്കാർ സെക്കൻഡറി സ്കൂളുകളിലേക്കും 'ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി' പ്രഖ്യാപിക്കുന്നതിലും വളരെ ചെലവേറിയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ ശേഷി വികസിപ്പിക്കുന്നതിലും ധനമന്ത്രി അഭിമാനിക്കുന്നു. 'യൂണിഫൈഡ് ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ' ഡാഷ്ബോർഡ് അനുസരിച്ച്, സെക്കൻഡറി സ്കൂൾ തലത്തിൽ മൊത്തത്തിലുള്ള കൊഴിഞ്ഞുപോക്ക് നിരക്ക് 10.9% ആണ്. എന്നാൽ ബജറ്റ് ഈ ആശങ്ക പരിഗണിച്ചിട്ടില്ല. ഇന്ത്യയിൽ 445 സംസ്ഥാന സർവകലാശാലകളും ഏകദേശം 9,200 സംസ്ഥാന സർക്കാർ കോളേജുകളും ഉള്ളതിനാൽ, ഈ പിന്തുണയുടെ അളവ് അപര്യാപ്തമാണ്, ഇത് കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ തമ്മിലുള്ള വിഭവ അസമത്വം വർദ്ധിപ്പിക്കുന്നു. മറുവശത്ത്, വിദ്യാഭ്യാസത്തെ ഒരു കച്ചവടച്ചരക്കാക്കി വിറ്റ് വൻലാഭം കൊയ്യുന്നതിനായി അക്കാദമിക് രംഗത്തേക്ക് പ്രവേശിക്കാൻ സ്വകാര്യ ഓപ്പറേറ്റർമാർക്ക് സർക്കാരുകൾ പ്രചോദനം നൽകുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന് 20,000 കോടി രൂപ അനുവദിക്കുന്നത് സ്വകാര്യമേഖലയെ സഹായിക്കാനുള്ള ഒരു ഗവേഷണ വികസന ഫണ്ട് ആരംഭിക്കുന്നതിനു വേണ്ടി മാത്രമാണ്.

## കുട്ടികൾക്കുള്ള പോഷകാഹാരം

'പോഷൻ ട്രാക്കറിന്റെ' 2024 ഒക്ടോബറിലെ ഡാറ്റ പ്രകാരം, 8.82 കോടി കുട്ടികളിൽ (0-6 വയസ്സ്), 37% പേർക്ക് വളർച്ച മുരടിച്ചതായും 17% കുട്ടികൾക്ക് (0-6 വയസ്സ്) ഭാരക്കുറവുള്ളതായും കണ്ടെത്തി. അഞ്ച് വയസ്സിന് താഴെയുള്ള ഏകദേശം 8.8 ലക്ഷം കുട്ടികൾ എല്ലാ വർഷവും മരിക്കുന്നു. 2021 ൽ 24 ലക്ഷം കുട്ടികൾ പോഷകാഹാരക്കുറവ് മൂലം മരിച്ചു.

എന്നാൽ ഇപ്പോൾ പ്രധാനമന്ത്രി പോഷൺ പദ്ധതി എന്നറിയപ്പെടുന്ന 'ദേശീയ ഉച്ചഭക്ഷണ പരിപാടി'യ്ക്ക് 12,500 കോടി രൂപ അനുവദിച്ചു. 2024-ലെ 12,467 കോടി രൂപയിൽ നിന്ന് 0.26% വർധന

(ശേഷം 5–ാം പേജിൽ)

# കർഷകജനതയെ ദരിദ്രരാക്കുന്നു; കോർപ്പറേറ്റുകൾക്ക് കൊള്ളലാഭത്തിന് വീഥിയൊരുക്കുന്നു

(5-ാം പേജിൽ നിന്ന്)

വാണിത്. പണപ്പെരുപ്പം കണക്കിലെടുത്താൽ, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇത് കുറവാണ്. സാക്ഷാം അംഗൻവാടി, പോഷൺ 2.0 പദ്ധതികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് 20,070.90 കോടി രൂപയാണെങ്കിൽ, 2024-25 ലെ ബജറ്റ് വിഹിതം 21,200 കോടി രൂപയായിരുന്നു. 2025-26 ലെ ബജറ്റ് എസ്റ്റിമേറ്റ് 21,960 കോടി രൂപയാണ്. അതിനാൽ, കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തേക്കാൾ 2.7% കുറവ് ഈ പരിപാടിയിൽ ഉണ്ടായിട്ടുണ്ട്, അതായത് പണപ്പെരുപ്പം കണക്കിലെടുക്കുമ്പോൾ. വനിതാ-ശിശു വികസന മന്ത്രാലയത്തിന്, കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തേക്കാൾ ഏകദേശം 3% കുറവുണ്ട്.

2024 ലെ കുട്ടികൾക്കുള്ള പോഷകാഹാരം സംബന്ധിച്ച റിപ്പോർട്ട് അനുസരിച്ച്, ദക്ഷിണേഷ്യയിൽ കുട്ടികൾക്കുള്ള ഭക്ഷണത്തിനുള്ള ദൗർലഭ്യം ഏറ്റവും കൂടുതൽ നേരിടുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. കുട്ടികളുടെ ഭക്ഷണക്രമത്തിൽ അനാരോഗ്യകരമായ ഭക്ഷണങ്ങൾ കൂടുതലായി കാണപ്പെടുന്നുണ്ടെന്നും റിപ്പോർട്ട് എടുത്തുകാണിക്കുന്നു. നിലവിൽ, ഉച്ചഭക്ഷണത്തിനായി പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് 6.19 രൂപയും അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് 9.29 രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. പോഷകാഹാരം എന്നല്ല, ആവശ്യത്തിന് ഭക്ഷണം നൽകാൻ പോലും ഈ തുക കൊണ്ട് കഴിയുമോ?

എന്നിട്ടും, കോടിക്കണക്കിന് കുട്ടികളെ ഭയാനകമായ വിശപ്പിൽനിന്നും പോഷകാഹാരക്കുറവിൽനിന്നും മോചിപ്പിക്കാൻ ബിജെപി സർക്കാർ ഒരു താത്പര്യവും കാണിച്ചില്ല. എന്നാൽ 2025-26 സാമ്പത്തിക വർഷത്തേക്ക് പ്രതിരോധ ബജറ്റ് 4.91 ലക്ഷം കോടി രൂപയായി ഉയർത്തി.

## ആരോഗ്യസംരക്ഷണം

രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ (അല്ലെങ്കിൽ ജിഡിപി) അനുപാതമായി കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ചെലവ് ഇപ്പോഴും 0.29% മാത്രമാണ്. മൊത്തം ബജറ്റിൽ ആരോഗ്യത്തിനുള്ള മുൻഗണന ഏകദേശം 2% ആയി തുടരുന്നു. കഴിഞ്ഞ വർഷം ആരോഗ്യ ബജറ്റ് 90,958.63 കോടി രൂപയായിരുന്നു, പുതുക്കിയ ബജറ്റ് 80,517.62 കോടി രൂപയായിരുന്നു, ഇത് 11% കുറവ് കാണിക്കുന്നു. ഈ വർഷം വിഹിതം 99,856.56 കോടി രൂപയാണ്. ഈ വർഷം സമാനമായ 11% കുറവ് കണക്കാക്കിയാൽ, പുതുക്കിയ ബജറ്റ് 88,873.62 കോടി രൂപയായിരിക്കും, ഇത് കഴിഞ്ഞ വർഷത്തെ വിഹിതത്തേക്കാൾ 2.29% കുറവാണ്.

2024 ഏപ്രിൽ മുതൽ 800 അവശ്യ മരുന്നുകളുടെ വില വർദ്ധിപ്പിച്ചു. 2024 ഒക്ടോബറിൽ 8 മരുന്നുകളുടെ 11 ഫോർമുലേഷനുകളുടെ വില 50% വർദ്ധിപ്പിച്ചു. 2018 ൽ, ഇന്ത്യയിലെ സ്വകാര്യ ആശുപത്രികൾ മരുന്നുകളുടെയും ഉപഭോഗവസ്തുക്കളുടെയും വില 18 മടങ്ങ് വരെ വർദ്ധിപ്പിച്ചതായി, നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ ഒരു പഠനം പറയുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, മരുന്നുകളുടെ ജിഎസ്ടി 12% ആയി ഉയർത്തി. ഈ വലിയ ഭാരം സാധാരണക്കാരാണ് വഹിക്കുന്നത്. അതിനാൽ, ഒരു സാന്ത്വന നടപടി എന്ന നിലയിൽ, കാൻസർ, അപൂർവ രോഗങ്ങൾ, മറ്റ് ഗുരുതരമായ വിട്ടുമാറാത്ത രോഗങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന "രോഗികൾക്ക് ആശ്വാസം നൽകുന്നതിനായി" ചില മരുന്നുകളെ അടിസ്ഥാന കസ്റ്റംസ് തീരുവയിൽ നിന്ന് ഒഴിവാക്കുന്നതായി ധനമന്ത്രി വീമ്പിളക്കി. എന്നാൽ ഇത് മരുന്നുകളുടെ ഉയർന്ന വിലയുടെ സമുദ്രത്തിലെ ഒരു തുള്ളി മാത്രമാണ്. ഇത്രയും കൊട്ടിഘോഷിക്കപ്പെട്ട വിലക്കുറവിന് ശേഷവും, പൂർണ്ണമായ ചികിത്സയ്ക്കുള്ള കാൻസർ മരുന്നുകളുടെ വില ഏകദേശം 27 രൂപ മുതൽ 61 ലക്ഷം രൂപ വരെയായിരിക്കും. 60 ശതമാനത്തിൽ കൂടുതൽ ആളുകൾ തുച്ഛമായ സൗജന്യ റേഷൻ കൊണ്ടു മാത്രം ജീവിക്കുന്ന ഒരു രാജ്യത്തെ സാധാരണക്കാർക്ക് ഈ മരുന്നുകൾ എത്രത്തോളം വാങ്ങാനാവും?

ബിജെപി സർക്കാർ എപ്പോഴും ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനെക്കുറിച്ച് സംസാരിക്കാറുണ്ട്. എന്നാൽ ഉന്നത നിലവാരമുള്ള പരിചരണത്തിനും കിടത്തിച്ചികിത്സയ്ക്കും അമിത പ്രാധാന്യം നൽകുന്ന പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പോലുള്ള പദ്ധതികൾ ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാൻ ഉചിതമോ പ്രാപ്തമോ അല്ലെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു.



കാൻസർ രോഗികൾക്കായി ഡേ-കെയർ ക്ലിനിക്കുകൾ തുറക്കുന്നതിനെക്കുറിച്ചുള്ളതാണ് മറ്റൊരു വാഗ്ദാനം. ഇത് മുമ്പ് പലതവണ പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ, ഓരോ ജില്ലാ ആശുപത്രിയിലും അത്തരം 6 കിടക്കകൾ ഉണ്ടായിരിക്കാനാണ് ലക്ഷ്യമിടുന്നത്, ഇത് മൂന്ന് വർഷത്തിനുള്ളിൽ 4554 കിടക്കകളായി മാറുന്നു. എന്നാൽ ഇത്രയും കാൻസർ കിടക്കകൾ കൈകാര്യം ചെയ്യാൻ നമുക്ക് വേണ്ടത്ര പരിശീലനം ലഭിച്ച ഓങ്കോളജിസ്റ്റുകളും മെഡിക്കൽപ്രാക്ടീഷണർമാരുംഉണ്ടോ? അപ്പോൾ ബജറ്റ് നിർദ്ദേശത്തിന്റെ ഫലം എന്തായിരിക്കും? സ്വകാര്യ കോപ്പറേറ്റുകൾക്ക് പിൻവാതിൽ പ്രവേശനം സുഗമമാക്കുന്ന മാതൃകയായ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയും ഹബ്-ആൻഡ്-സ്പോക്ക് ഡെലിവറി മോഡലിലൂടെയുമാവും ഇതിന്റെ നടത്തിപ്പ്.

മെഡിക്കൽ കോളജുകളിലും ആശുപത്രികളിലും 10,000 അധിക സീറ്റുകൾ കൂട്ടിച്ചേർക്കുമെന്ന് ബജറ്റ് പ്രസംഗം പറയുന്നു. എന്നാൽ കാലക്രമേണ, കിടക്കകളുടെ അഭാവം, യോഗ്യതയുള്ള ഡോക്ടർമാരുടെയും നഴ്സിംഗ് ജീവനക്കാരുടെയും ലഭ്യതക്കുറവ്, മെഡിക്കൽ ഉപകരണങ്ങളുടെയും രോഗനിർണയ സൗകര്യങ്ങളുടെയും അഭാവം, എല്ലാറ്റിനുമുപരി, വ്യാപകമായ അഴിമതി എന്നിവ കാരണം സർക്കാർ ആശുപത്രികളുടെ നിലവാരം ക്രമാനുഗതമായി കുറഞ്ഞുവരികയാണെന്ന് ആർക്കാണ് അറിയാത്തത്? ആരോഗ്യ സംരക്ഷണ സേവനത്തെ, വളരെ ചെലവേറിയ സ്വകാര്യ ആശുപത്രികളുടെ മാത്രം കുത്തകയാക്കി മാറ്റാനുള്ള പാത സർക്കാർ ഒരുക്കുകയാണ്.

## വ്യക്തിഗത ആദായനികുതി കുറയ്ക്കുന്ന കൺകെട്ടുവിദ്യ

ഇനി നമുക്ക് വ്യക്തിഗത ആദായ നികുതി കുറയ്ക്കുന്നതിന്റെ തന്ത്രത്തിലേക്ക് വരാം. ഒരു ചെലവുചുരുക്കിയ അത്താഴത്തിന്റെ അവസാനത്തിൽ രുചികരമായ മധുരപലഹാരം വിളമ്പുന്നതു പോലെ ബജറ്റ് പ്രസംഗത്തിന്റെ അവസാനം ധനമന്ത്രി ഇത് പ്രഖ്യാപിച്ചു. ഒരു വ്യക്തിയുടെ 12 ലക്ഷം രൂപ വരെയുള്ള വാർഷിക വരുമാനത്തിന് നികുതിയില്ല എന്നും തുടർന്നുള്ള ഉയർന്ന വരുമാന ശ്രേണിയിലുള്ള വരുമാനത്തിന് സ്ലാബ് അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ കുറയ്ക്കുകയും ചെയ്തുകഴിഞ്ഞാൽ, ആദായ നികുതി കുറയ്ക്കുന്ന ഈ പ്രഖ്യാപനത്തെക്കുറിച്ച് മാധ്യമചർച്ചകളിലെ വിശാരദർ, വ്യവസായികൾ, സർക്കാർ അനുകൂല സാമ്പത്തിക വിദഗ്ദ്ധർ, 'ഗോഡി മീഡിയ' എന്നിവരിൽ നിന്ന് ആഹ്ലാദകരമായ പ്രതികരണങ്ങൾ ഉണ്ടാകുമെന്ന് അവർക്കറിയാമായിരുന്നു. തകർന്നുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനോ, തട്ടിയുണർത്തുന്നതിനോ ബിജെപി സർക്കാർചെയ്യു പരിശ്രമത്തിന്റെ തെളിവായി പലരും ഇതിനെ ആഘോഷിക്കും.

ഡിമാന്റ് വർദ്ധിപ്പിച്ചുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാൻ ഇത് പര്യാപ്തമാണോ? അല്ല എന്നതാണ് ഉത്തരം. ബജറ്റിന് രണ്ട് ദിവസം മുമ്പ്, സർക്കാരിന്റെ മറ്റൊരു വിഭാഗം 2023-24 ലെ ഗാർഹിക ഉപഭോക്തൃ ചെലവ് സർവ്വേയുടെ പൂർണ്ണ റിപ്പോർട്ട് പുറത്തിറക്കി. വിലകൾ സ്ഥിരമായി നിൽക്കുന്നു എന്ന സങ്കൽപ്പത്തിൽ, ഗ്രാമപ്രദേശങ്ങളിൽ നാലംഗ കുടുംബത്തിന്റെ ശരാശരി പ്രതിമാസ ചെലവ് 8,316 രൂപയും നഗരപ്രദേശങ്ങളിൽ 14,528 രൂപയുമാണെന്ന് ഇത് വെളിപ്പെടുത്തി. അതായത് ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ശരാശരി വാർഷിക വരുമാനം യഥാക്രമം 99,792 രൂപയും 1,74,336 രൂപയുമാണ്. മാത്രമല്ല, ഗ്രാമപ്രദേശങ്ങളിൽ, കുടുംബ പ്രതിമാസ പ്രതിശീർഷ ചെലവ് 4,122 രൂപയാണ്, ഇത് ഒരു ദിവസം ഏകദേശം 140 രൂപയാണ്. നഗരപ്രദേശങ്ങളിൽ, ഇത് ഒരു ദിവസം 230 രൂപ അല്ലെങ്കിൽ പ്രതിമാസം 7,000 രൂപ. മിക്ക ആളുകളുടെയും യാഥാർത്ഥ്യമാണിത്. ഈ ആളുകളൊന്നും ആദായ നികുതിദായകരുടെ വിഭാഗത്തിൽ പെടുന്നില്ല. വാസ്തവത്തിൽ, 3.2 കോടി ആളുകൾ, അതായത് 144 കോടി ഇന്ത്യക്കാരിൽ ഏകദേശം 2.5% പേർ വ്യക്തിഗത ആദായനികുതി അടയ്ക്കുന്നു. പിന്നെ, ബാക്കിയുള്ള 141 കോടി ആളുകൾക്ക് എന്ത് ആശ്വാസമാണിത് വാഗ്ദാനം ചെയ്യുന്നത്?

**സത്യം മറച്ചുവെക്കാൻ ഭാഷകൊണ്ട് തന്ത്രങ്ങൾ പ്രയോഗിച്ചതൊഴിച്ചാൽ, മുൻ ബജറ്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ബജറ്റിന്റെ ഉള്ളടക്കത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. ഇത് തികച്ചും ജനവിരുദ്ധവും നഗ്നമായും മുതലാളി വർഗ്ഗത്തിന് അനുകൂലവുമാണ്. പ്രതീക്ഷിച്ചതിലും കൂടുതൽ നൽകിയ ബജറ്റിനെ പുകഴ്ത്താൻ വ്യവസായ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് മുതലാളിമാർക്കും അവരുടെ പിണിയാളുകൾക്കും വാക്കുകളില്ല എന്നതും വ്യക്തമാണ്.**

## എന്താണ് വിപണിയിലെ ഡിമാന്റിനെ പ്രചോദിപ്പിക്കുക

ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിന്, കാർഷിക, കാർഷികേതര തൊഴിലാളികൾ, വ്യാവസായിക തൊഴിലാളികൾ, ജീവനക്കാർ എന്നിവരുടെ വേതനം വർദ്ധിപ്പിക്കുന്നതിലൂടെ ജനങ്ങളുടെ കൈകളിൽ കൂടുതൽ പണം എത്തിക്കേണ്ടത് ആവശ്യമായിരുന്നു. ശരിയായ പ്രതിഫലദായകമായ സ്ഥിരമായ തൊഴിൽ സൃഷ്ടിക്കുന്നതിനായി കൂടുതൽ സർക്കാർ ചെലവുകൾക്കൊപ്പം C2+50% ഫോർമുലയിൽ മിനിമം താങ്ങുവിലകൾ നിയമവിധേയമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കണം. വർഷങ്ങളായി ഈ പാത അവഗണിക്കുകയും ക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള സർക്കാർ ചെലവുകൾ വെട്ടിക്കുറയ്ക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക എന്ന ആഗോളവൽക്കരണ ഫോർമുലയിൽ ഉറച്ചുനിൽക്കുകയും ചെയ്തത് സ്ഥിതിഗതികൾ നിരന്തരം വഷളാക്കി.

## ജനവിരുദ്ധത നിറഞ്ഞുനിൽക്കുന്ന ബജറ്റ്

സത്യം മറച്ചുവെക്കാൻ ഭാഷകൊണ്ട് തന്ത്രങ്ങൾ പ്രയോഗിച്ചതൊഴിച്ചാൽ, മുൻ ബജറ്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ബജറ്റിന്റെ ഉള്ളടക്കത്തിൽ ഒരു മാറ്റവും വന്നിട്ടില്ല എന്നത് വ്യക്തമാണ്. ഇത് തികച്ചും ജനവിരുദ്ധവും നഗ്നമായും മുതലാളിവർഗ്ഗത്തിന് അനുകൂലവുമാണ്. ജനങ്ങളെ കൂടുതൽ കബളിപ്പിക്കാൻ, പ്രതീക്ഷിച്ചതിലും കൂടുതൽ നൽകിയ ബജറ്റിനെ പുകഴ്ത്താൻ വ്യവസായ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് മുതലാളിമാർക്കും അവരുടെ പിണിയാളുകൾക്കും വാക്കുകളില്ല എന്നതും വ്യക്തമാണ്.

ഭരണ മുതലാളിവർഗ താൽപ്പര്യങ്ങൾക്ക് വഴങ്ങുന്ന ഒരു രാഷ്ട്രീയ പാർട്ടിക്കും ഒരു ബജറ്റിലൂടെ തങ്ങൾക്ക് ഒരു ആശ്വാസവും നൽകാൻ കഴിയില്ല എന്നാണ് ദുരിതമനുഭവിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങൾ തിരിച്ചറിയേണ്ടത്. ഒരു ബജറ്റ് എന്നത് ദരിദ്രരെ കൂടുതൽ ചൂഷണം ചെയ്യുന്നതിനും മുതലാളി വർഗ്ഗത്തിന് വർദ്ധിച്ച നേട്ടങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഒരു രൂപരേഖ മാത്രമാണ്. അതിനാൽ, ദരിദ്രരോട് അനുകമ്പ നിറഞ്ഞ വ്യാജമായ പ്രസ്താവനകളും, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയെക്കുറിച്ചുള്ള വർദ്ധിച്ച ചർച്ചകളും, വമ്പിച്ച അവസരങ്ങളെക്കുറിച്ചുള്ള പൊള്ളയായ വാഗ്ദാനങ്ങളും ഉണ്ടാകും. പക്ഷേ ഒടുവിൽ സാധാരണക്കാർക്ക് എല്ലാം ഒരു പരാജയത്തിൽ അവസാനിക്കും.

അതിനാൽ ഐക്യത്തോടെയുള്ള സംഘടിത സമര പ്രസ്ഥാനം വികസിപ്പിച്ചെടുക്കുകയും ആ സമരമുന്നേറ്റത്തിന്റെ സമ്മർദ്ദം ചെലുത്തി ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുകയും ചെയ്യുക എന്നതാണ് ജനങ്ങൾ ചെയ്യേണ്ടത്. ഇത്തരം വഞ്ചനാപരമായ ബജറ്റ് നടപടികൾ ആവർത്തിക്കുന്നതിൽ നിന്ന് ഒരു ബൂർഷ്വാ ഗവൺമെന്റിനെ പിന്തിരിപ്പിക്കാൻ മറ്റൊരു മാർഗവുമില്ല. ■

# കരുത്തുനേടി കുതിക്കുന്ന സ്ത്രീസമൂഹത്തിന്റെ മാതൃകയായ ആശാസമരം ഒരു സാമൂഹ്യമുന്നേറ്റമായി വളരുന്നു









ഡോ.കെ.പി.കണ്ണൻ, ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ്, ഡോ.കെ.ജി.താര, ജോസഫ് സി.മാത്യു, ഡോ.ആസാദ് ഡോ.എം.പി.മത്തായി, ഡോ.ഡി.സുരേന്ദ്രനാഥ്

(1–ാം പേജിൽ നിന്ന്)

ദ്ധിപ്പിക്കുക, എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ നൽകുക, അഞ്ച് ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യമായി നൽകുക, വിരമിക്കുന്നവർക്ക് പെൻഷൻ അനുവദിക്കുക എന്നീ ഡിമാന്റുകൾ ഉയർത്തിയാണ് അവർ സമരം ചെയ്യുന്നത്. ഒരു പരിഷ്കൃത സമൂഹത്തിന് നിരക്കുന്ന ജീവിത ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ദൈന്യത വെളിവാക്കുന്ന ഡിമാന്റുകളാണവ.

തെരുവിൽ സമരംചെയ്ത് ശീലിച്ചവരല്ല അവർ. എന്നാലും മേൽക്കൂരയുടെ സംരക്ഷണമില്ലാതെ, കഠിനമായ വെയിലിനെ നേരിട്ട്, തുറന്ന തെരുവിൽ രാപകൽ അവർ ഈ സഹനസമരത്തിൽ അണിനിരന്നിരിക്കുന്നു. കഴിഞ്ഞ ഇരുപത് ദിവസമായി സമരവേദിയിൽ പാകം ചെയ്യുന്ന ഉച്ചക്കഞ്ഞിയും മനുഷ്യസ്നേഹികൾ നൽകുന്ന അത്താഴവും കഴിച്ച് അവർ സെക്രട്ടേറിയറ്റിനു മുമ്പിൽ അന്തിയുറങ്ങുന്നു. വെയിലേറ്റ് വാടിക്കരിഞ്ഞെങ്കിലും ഇച്ഛാശക്തിയും ആത്മവിശ്വാസവും നൽകുന്ന, തുളുമ്പുന്ന പ്രസന്നത അവരുടെ മുഖങ്ങളിൽ കാണാം. സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങളുടെ പക്കലെത്തി, അവരുടെ രോഗപീഡകളിലും നിസ്സഹായ വേളകളിലും ആർക്കും വിസ്മരിക്കാനാവാത്ത ആശ്വാസമെത്തിച്ചവരാണവർ. തുഛമായ പ്രതിഫലത്തിന്റെ പ്രേരണയേക്കാൾ, നിർമ്മലമായ മനുഷ്യസ്നേഹത്തെ മുൻനിർത്തി ജോലി ചെയ്തവർ. അങ്ങിനെ കഠിനപ്രയത്നങ്ങളിലൂടെ ഉരുക്കുപോലുറച്ചവരാണവർ. ഈ പ്രക്ഷോഭത്തെ അധികാരത്തിന്റെ വക്താക്കൾ പുഛിച്ചുതള്ളുമ്പോഴും അധിക്ഷേപങ്ങൾ ചൊരിയുമ്പോഴും ഭീഷണിപ്പെടുത്തുമ്പോഴും കണികപോലും തളരാതെ ശിരസ്സുയർത്തി നിന്ന് അവർ പൊരുതുകയാണ്. മുദ്രാവാക്യമുയർത്തിയും പാട്ടുപാടിയും നൃത്തം ചവിട്ടിയും കവിതയും പാരഡികളും കഥാപ്രസംഗങ്ങളും ഓട്ടൻതുള്ളൽ ഗാനങ്ങളും സ്വയമെഴുതിയും ആലപിച്ചും അവർ സമരത്തെ ഒരു സാംസ്കാരിക ഉണർവിന്റെ വേദിയായിമാറ്റുകയാണ്.

വീറുറ്റ, എന്നാൽ തികച്ചും സമാധാനപരമായ, ഇത്രയും നീണ്ടുനിൽക്കുന്ന, ഉത്തരോത്തരം വർദ്ധിക്കുന്ന പങ്കാളിത്തമുള്ള സ്ത്രീതൊഴിലാളികളുടെ സമരം കേരളചരിത്രത്തിൽ ആദ്യത്തേതാണ്. മരണം താണ്ഡവമാടിയ, മനുഷ്യരെല്ലാം വീട്ടുതടങ്കലിലായിരുന്ന, കോവിഡ് കാലത്ത് ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും സന്ദേശവാഹകരായി എത്തുകയും, ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും വൃദ്ധരുടെയും കിടപ്പുരോഗികളുടെയും മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെയും പരിചരണത്തിന്റെ കാര്യത്തിൽ പ്രാഥമിക ആരോഗ്യപ്രവർത്തനം നടത്തുകയും ചെയ്യുന്ന ആശമാർ കേരളത്തിലെ ഓരോ വീടിന്റെയും പ്രിയപ്പെട്ടവരാണ്. അതിനാൽ തന്നെ അവരുടെ സമരത്തെ കേരളസമൂഹം നെഞ്ചിലേറ്റിയിരിക്കുകയാണ്. ഈ ജനതാൽപര്യം കൊണ്ടു തന്നെയാണ് മാദ്ധ്യമങ്ങളെല്ലാം വലിയ പ്രാധാന്യത്തോടെ ഈ സമരത്തെ ഏറ്റെടുത്തിരിക്കുന്നത്. ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ, ഒറ്റയ്ക്കും കൂട്ടായും കുടുംബസമേതവും സമര വേദി സന്ദർശിച്ച്ഐക്യദാർഢ്യംപ്രഖ്യാപിക്കുന്നു. സംഭാവന നൽകുന്നു. ഭരണമുന്നണിയിൽപ്പെട്ടവരൊഴികെയുള്ള എല്ലാ രാഷ്ട്രീയകക്ഷികളും, തൊഴിലാളി സംഘടനകൾ, സർക്കാർ ജീവനക്കാരുടെയും റിട്ടയർ ചെയ്തവരുടെയും സംഘടനകൾ, മതസംഘടനകൾ, പരിസ്ഥിതി സംഘടനകൾ, കലാകാരന്മാർ, സാഹിത്യകാരന്മാർ, സാംസ്കാരിക നായകർ, സിനിമ പ്രവർത്തകർ എന്നിങ്ങനെ അസംഖ്യം പേർ സമരവേദിയിലെത്തി പിന്തുണ പ്രഖ്യാപിക്കുന്ന കാഴ്ചകണ്ട് കേരളം ആശ്ചര്യപ്പെടുകയാണ്.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ, വിദൂരങ്ങളായ, പ്രയാസപ്പെട്ട് മാത്രം യാത്രചെയ്ത് എത്താവുന്ന ഇടങ്ങളിൽനിന്ന് ആശമാർ സമരത്തിന് എത്തിച്ചേരുകയാണ്. വണ്ടിക്കൂലിക്ക് കാശില്ലാത്തതുകൊണ്ടുമാത്രം സമരത്തിന് എത്താനാവാതെ സങ്കടപ്പെടുന്നവർ ഏറെയാണ്. ആരംഭത്തിൽ സെക്രട്ടേറിയറ്റ് നടയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സമരം ഇന്ന് കേരളമാകെ വ്യാപിച്ചിരിക്കുകയാണ്. വമ്പിച്ച പങ്കാളിത്തത്തോടെ ആശമാർ ജില്ലാ കേന്ദ്രങ്ങളിൽ സമരവേദികൾ സൃഷ്ടിക്കുകയാണ്. പിഎച്ച്സികൾ കേന്ദ്രീകരിച്ച് സമരങ്ങൾ നടക്കുകയാണ്. ഫെബ്രുവരി 20മുതൽ അവർ പൊതുജനങ്ങളുടെ പിന്തുണയോടെ അനിശ്ചിതകാല പണിമുടക്കിലുമാണ്.



എസ്.മിനി



വി.കെ.സദാനന്ദൻ



എം.എ.ബിന്ദു

ദീർഘകാലത്തെ പരിശീലനത്തിനു ശേഷം മാത്രം ചെയ്യാവുന്ന, വിദഗ്ധ തൊഴിൽ എന്ന് പരിഗണിക്കാവുന്ന, ദിവസം 18 മണിക്കൂറോളം ലീവ് ഇല്ലാതെ ചെയ്യുന്ന ഈ പണിക്ക് പ്രതിദിനം പ്രതിഫലമായി 233 രൂപ നൽകുന്നത് അപമാനകരമാം വിധം തുച്ഛമാണ്. സർക്കാർ തന്നെ സംസ്ഥാനത്ത് പ്രഖ്യാപിച്ചിരിക്കുന്ന പ്രതിദിന മിനിമം വേതനം 700 രൂപ ആണെന്നിരിക്കെ, ഈ കുറഞ്ഞ കൂലി ഒരു നിയമലംഘനം കൂടിയാണ്. മിനിമം കൂലി നൽകാനാവാത്ത ഒരു സ്ഥാപനത്തിന് നിലനിൽക്കാനുള്ള അവകാശമില്ലെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ച നാടാണിത്. ആ കൂലി തന്നെ മൂന്ന് നാല് മാസം തടഞ്ഞു വയ്ക്കുന്നത് കൂലി കൊള്ളയുമാണ്. സർക്കാർ നിശ്ചയിച്ച മിനിമം വേതനമായ, 2021ലെ എൽഡിഎഫ് പ്രകടനപത്രികയിലെ വാഗ്ദാനമായ 21,000 രൂപയെ ആശാവർക്കർമാർ ആവശ്യപ്പെടുന്നുള്ളൂ. ആ തുക മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ശമ്പളം വാങ്ങുന്ന മാസാദ്യം തന്നെ സ്ഥിരമായി നൽകണമെന്നതും തികച്ചും ന്യായം.

ഈ തുക നൽകേണ്ടത് കേന്ദ്രമാണോ സംസ്ഥാനമാണോ എന്ന തർക്കം ആശമാരെ സംബന്ധിച്ചടത്തോളം അപ്രസക്തമാണ്. ആ തർക്കം കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ നടത്തട്ടെ. ഇപ്പോഴത്തെ സർക്കാരാണോ മുൻ സർക്കാരാണോ കൂടുതൽ നൽകിയത് എന്ന തർക്കവും അവർ തമ്മിൽ നടത്തട്ടെ. പണിയെടുക്കുന്നവരെ സംബന്ധിച്ച് ചെയ്ത പണിക്ക് നിയമവും ന്യായവും മാനുഷിക പരിഗണനയും പരിഷ്കൃത ജീവിത ആവശ്യകതയും പരിഗണിച്ച് പ്രതിഫലം നൽകുക എന്നത് ഒരു തർക്ക വിഷയമാക്കാൻ പാടില്ല. മറ്റു പണികൾ ചെയ്തുകൊണ്ടുതന്നെ നിർവ്വഹിക്കാവുന്ന ചില ദൗത്യങ്ങൾ എന്ന നിലയിലാണ് ഈ പദ്ധതി ആരംഭിച്ചത്. അതിനാണ് ഓണറേറിയം എന്ന് പേരിട്ട് പിച്ചക്കാശ് പ്രതിഫലമായി നൽകിയത്. തുടർന്ന് സംസ്ഥാനവും കേന്ദ്രവും പുതിയ പുതിയ ചുമതലകൾ അവരെ ഏൽപ്പിച്ചു തുടങ്ങി. ആശമാർ മറ്റൊരുവിധ ജോലികൾക്കും പോകാൻ പാടില്ല എന്ന ഉത്തരവും ഇതിനിടയിൽ പുറപ്പെടുവിച്ചു. പാവപ്പെട്ട ഈ സ്ത്രീ തൊഴിലാളികൾ എതിർപ്പ് ഏതുമില്ലാതെ അവരെ ഏൽപ്പിച്ച ചുമതലകൾ വളരെ ഭംഗിയായി നിർവ്വഹിച്ചു. ഫീൽഡ് തലത്തിലും സംസ്ഥാന സ്ഥാപനതലത്തിലും മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു സ്ഥിരം സർക്കാർ ഉദ്യോഗസ്ഥൻ മുന്തിയ ഉത്തരവാദിത്തത്തോടെ ചെയ്യേണ്ടുന്ന ചുമതലകളാണ് ഇപ്പോഴവർ നിർവ്വഹിക്കുന്നത്.

കേന്ദ്രസർക്കാർ നൽകുന്ന ചുമതലകൾ കൂടാതെ, സംസ്ഥാനസർക്കാർ ഏൽപ്പിക്കുന്ന ആശുപത്രി ഡ്യൂട്ടികൾ, സബ്ബ് സെന്റർ ഡ്യൂട്ടി, കിടപ്പുരോഗികളെ നോക്കുന്ന പാലിയേറ്റീവ് കെയർ തുടങ്ങിയവ കൂടാതെ നിരവധിയായ ആരോഗ്യ സർവ്വേകൾ നിർവ്വഹിക്കുന്നവരാണ് ആശമാർ. സംസ്ഥാന സർക്കാർ ഏൽപ്പിച്ചു നൽകുന്ന പണികൾ തന്നെ ഒരു മുഴുവൻ സമയ തൊഴിലാണ്. അതിനാൽ അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക എന്ന ഡിമാന്റിന് വലിയ പ്രസക്തിയാണുള്ളത്. ആശമാർ മറ്റു തൊഴിലുകൾ ചെയ്യരുതെന്ന് ഉത്തരവിറക്കിയ ആ നിമിഷം മുതൽ, ഒരു പൂർണ്ണസമയ സർക്കാർ ഉദ്യോഗസ്ഥന് നൽകേണ്ടുന്ന പ്രതിഫലം നൽകാൻ സംസ്ഥാന സർക്കാരിന് ബാധ്യതയുണ്ടായിരുന്നു. സംസ്ഥാനത്തെ ആരോഗ്യവകുപ്പിനുവേണ്ടിയാണ് ആശമാർ പണിയെടുക്കുന്നത്. കേരള സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിർവ്വഹിക്കുന്നു എന്നതിനാലും ആരോഗ്യവിഷയം സംസ്ഥാന പട്ടികയിൽ പെടുന്നതിനാലും കേരളത്തിലെ ആശമാർക്ക് മതിയായ വേതനം നൽകുന്നതിനോ, അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനോ യാതൊരു നിയമ തടസ്സവുമില്ല. ധാർമിക ബാധ്യതയിൽ നിന്ന് ഒഴിയാനുമാവില്ല.

മേൽ പറഞ്ഞതിനർത്ഥം കേന്ദ്രത്തിൽ നിന്ന് മതിയായ വിഹിതം വാങ്ങി എടുക്കേണ്ട എന്നല്ല. പക്ഷേ അത് കേരളം എന്ന ചെറിയ സംസ്ഥാനത്തെ പാവപ്പെട്ട ആശമാരുടെ മാത്രം ഉത്തരവാദിത്തമല്ല. കേന്ദ്രസർക്കാരിനെതിരെ , പ്രത്യേകിച്ച് ജനാധിപത്യ ബോധത്തിന്റെ തരിമ്പുപോലുമില്ലാത്ത മോദി സർക്കാരിനെതിരെയാകുമ്പോൾ. കർഷക സമരസമാനമായ ശക്തി സമാഹരിച്ചുകൊണ്ടുള്ള ഒരു വമ്പൻ സമരത്തിനുമാത്രമേ തൊഴിലാളികളുടെ ഒരു ചെറിയ ഡിമാന്റുപോലും നേടിയെടുക്കാനാവൂ. തൊഴിൽ കോഡുകൾക്കെതിരെ ബിഎംഎസ് ഒഴികെയുള്ള എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന് വർഷങ്ങളായി നടത്തിവരുന്ന സമരത്തിന്റെ കാര്യം ഓർക്കുക. അപ്പോൾ മനുഷ്യോചിതമായി ജീവിക്കാനുള്ള വേതനം വേണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുമ്പോൾ, കേന്ദ്രത്തോട് ചോദിച്ചു വാങ്ങിക്കോ എന്നുപറയുന്നതിലെ തൊഴിലാളി വിരുദ്ധതയുടെ ആഴം മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി സർക്കാരിനും പിണിയാളുകൾക്കും നഷ്ടപ്പെട്ടു എന്നാണോ മനസ്സിലാക്കേണ്ടത്?

## ഇടതുമുന്നണി സർക്കാരിന്റെ തീവ്രവലതുപക്ഷ നിലപാടുകൾ

ക്രിമിനൽ മൂലധനം അടക്കമുള്ള മൂലധന നിക്ഷേപങ്ങൾ ആകർഷിക്കാൻ വേണ്ടി

(ശേഷം 7–ാം പേജിൽ)

# തൊഴിലാളി പ്രക്ഷോഭങ്ങളെയും ജനകീയ സമരങ്ങളെയും യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയം പ്രാണനുതുല്യം ഗണിക്കുന്നു

(6–ാം പേജിൽ നിന്ന്)

നടത്തുന്ന ലോക ബാങ്ക് പദ്ധതിയായ ‘ഈസ് ഓഫ് ഡൂയിങ് ബിസിനസ്’ എന്ന പദ്ധതിയാണ് തങ്ങളെ നയിക്കുകയെന്ന് സത്യപ്രതിജ്ഞാവേളയിൽ തന്നെ പ്രഖ്യാപിച്ചുകൊണ്ട് അധികാരമേറ്റ പിണറായി സർക്കാർ അതിന്റെ നടത്തിപ്പുമായി മുന്നോട്ടു പോവുകയാണ്. തൊഴിലാളികളെ അടിമസമാനം ചൂഷണത്തിന് വിധേയപ്പെടുത്തുക എന്നതാണ് അതിൽ പ്രധാന ഇനം. ഏറ്റവും വിദഗ്ധരായ, ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ തൊഴിലാളികളെയും തൊഴിൽ രഹിതരായ യുവാക്കളെയും, ഭരണകൂടതാല്പര്യത്തിന് വിധേയപ്പെട്ട ട്രേഡ് യൂണിയനുകളെയും അവർ അവതരിപ്പിക്കുന്നു. എത്ര തുച്ഛമായ വേതനം നൽകിയാലും മതി, അതുതന്നെ എപ്പോഴെങ്കിലും നൽകിയാൽ മതി, നൽകിയില്ലെങ്കിലും സാരമില്ല, എത്രനേരം വേണമെങ്കിലും പണിയെടുപ്പിക്കാം, ചോദിക്കാനും പറയാനും തൊഴിൽ വകുപ്പോ, തൊഴിലാളി സംഘടനകളോ ഉണ്ടാവില്ല എന്ന സന്ദേശമാണ് മൂലധന നിക്ഷേപകരായ സ്വദേശ, വിദേശ മുതലാളിമാരുടെ മുന്നിൽ വയ്ക്കാൻ പിണറായി സർക്കാർ ശ്രമിക്കുന്നത്. കെഎസ്ആർടിസിയിലും ഇതര സർക്കാർ മേഖലകളിലും അത് സ്വന്തം കാർമികത്വത്തിൽ, സ്വന്തം വരുതിയിലുള്ള സംഘടനകളെ കൂടി ഉപയോഗപ്പെടുത്തി നടപ്പിലാക്കി ലോകത്തോട് വിളംബരം ചെയ്യുകയാണ് പിണറായി സർക്കാർ. ആശമാരോട് കാട്ടുന്നതും ഇതേ സമീപനമാണ്. ഇതൊക്കെ കണക്കിലെടുത്താണ് ലോക ബാങ്കും കേന്ദ്ര ഗവൺമെന്റും ‘ഈസ് ഓഫ് ഡൂയിങ് ബിസിനസി’ൽ കേരളത്തിന് ഒന്നാം റാങ്ക് നൽകിയിരിക്കുന്നത്.

## സമരത്തോടുള്ള സർക്കാർ നിലപാട് ഇടതുവിരുദ്ധത

പതിനൊന്ന് വർഷം മുമ്പാണ് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ രൂപം കൊള്ളുന്നത്. അന്നുമുതൽ, കക്ഷിരാഷ്ട്രീയത്തിന് അതീതമായി ആശമാരെ വൻതോതിൽ അണിനിരത്തിക്കൊണ്ട് നിരവധിയായ പ്രക്ഷോഭങ്ങൾ നടത്തിവരികയാണ്. ഈ കാലയളവിൽ സർക്കാർ അംഗീകരിച്ച ഡിമാന്റുകളുടെ പിന്നിൽ ഈ സംഘടനയുടെ പ്രക്ഷോഭണത്തിന്റെ സമ്മർദ്ദമുണ്ടായിരുന്നു. സർക്കാരിനെ പിൻപറ്റി നിന്നിരുന്ന സിഐറ്റിയു യൂണിയൻ പിന്നീട് ആ ഡിമാന്റുകൾ ഏറ്റെടുക്കുകയും സമരങ്ങൾ നടത്തുകയും അവകാശവാദങ്ങൾ ഉന്നയിക്കുകയും ചെയ്യാറുണ്ട് എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ അവയെല്ലാം ഡിമാന്റുകൾ നേടുക എന്നതിനല്ല, മറിച്ച് അസംതൃപ്തരായ തൊഴിലാളികളെ കൂടെ നിർത്തുന്നതിനായി നടത്തപ്പെട്ടതായിരുന്നു. ആശമാരുടെ മിനിമം ഡിമാന്റുകൾ ഈ ബജറ്റിൽ പരിഗണിക്കണമെന്ന് മുൻകൂറായി തന്നെ നിരവധി സമരരൂപങ്ങളിലൂടെ അസോസിയേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഫെബ്രുവരി 7ന് അവതരിപ്പിച്ച ബജറ്റിൽ ആശമാരുടെ പ്രശ്നങ്ങൾ പരിപൂർണ്ണമായി അവഗണിക്കപ്പെട്ടു. അതോടെയാണ് ഫെബ്രുവരി 10 മുതൽ സെക്രട്ടേറിയറ്റിനുമുന്നിൽ അസോസിയേഷൻ രാപകൽ സമരം ആരംഭിച്ചത്.

ആരംഭത്തിൽ സർക്കാർ തീർത്തും അവഗണിക്കുകയും അനാവശ്യ സമരം എന്ന് ആരോഗ്യമന്ത്രിതന്നെ പ്രസ്താവിക്കുകയും ചെയ്തു. സമരത്തിന് ആശമാരുടെയും ബഹുജനങ്ങളുടെയും മാദ്ധ്യമങ്ങളുടെയും പിന്തുണ വൻതോതിൽ വർദ്ധിച്ചതോടെ മന്ത്രിമാർ അധിക്ഷേപവാക്കുകളുമായി രംഗത്തിറങ്ങി. ആരോഗ്യമന്ത്രിയെ കാണാനായി വീട്ടിലെത്തിയ സംഘടനാനേതാക്കളെ കാണാതെ ആട്ടിയോടിച്ചു. ഫെബ്രുവരി 15ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന, ആയിരക്കണക്കിനാളുകൾ പങ്കെടുത്ത കുടുംബസംഗമത്തിന്റെ സമ്മർദത്തിൽ മന്ത്രി ചർച്ചയ്ക്ക് തയ്യാറായെങ്കിലും യാതൊരു ഡിമാന്റുകളും അംഗീകരിക്കാതെ, സമരം പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടത്. ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളും സമര നോട്ടീസുകളും പണിമുടക്ക് നോട്ടീസും നൽകി പണിമുടക്കിന് ഇറങ്ങിയ ആശമാർക്ക് യാതൊരു മറുപടിയും നൽകാതെ പിരിച്ചുവിടൽ ഭീഷണി മുഴക്കുകയും പകരം ആളെ നിയോഗിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് സർക്കാർ ചെയ്തത്. ദീർഘകാലത്തെ പരിശീലനം ആവശ്യമായ വിദഗ്ധ തൊഴിൽ നിർവ്വഹിക്കാൻ കരിങ്കാലികളെ താൽക്കാലികമായി നിയോഗിക്കാൻ തീരുമാനിച്ചത്, തികഞ്ഞ തൊഴിലാളി വിരുദ്ധത മാത്രമല്ല, ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന നീക്കവുമാണ്.

സമരത്തെ ഭയപ്പെടുത്തി തളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പോലീസ് കേസുകൾ സമരം ആരംഭിച്ച ദിവസം മുതൽ തുടങ്ങിയതാണ്. പ്രധാന നേതാക്കൾക്കെതിരെ കേസുകൾ ചാർജ് ചെയ്തു സ്റ്റേഷനിൽ വിളിപ്പിച്ചു ചോദ്യം ചെയ്തു. സമരത്തെ പിന്തുണയ്ക്കുന്നവർക്കെതിരെ കേസെടുക്കുന്ന വിചിത്രവും ജനാധിപത്യവിരുദ്ധവുമായ നീക്കവും നമ്മൾ കണ്ടു. ജനകീയ പ്രതിരോധസമിതി സംഘടിപ്പിച്ച ഐക്യദാർഢ്യ പരിപാടിയിൽ പങ്കെടുത്ത കേരളത്തിലെ ഏറ്റവും ആദരണീയരായ സാമൂഹ്യപ്രവർത്തകരായ ജോസഫ് സി.മാത്യു, ഡോ.കെ.ജി.താര, ഡോ.എം.പി.മത്തായി തുടങ്ങിയ അനവധി പേർക്കെതിരെ കേസെടുത്തിരിക്കുകയാണ്. ഈ സമരത്തിന് കേരളത്തിലെ ബുദ്ധിജീവി വിഭാഗത്തിന്റെ, പ്രത്യേകിച്ച് ഇടതു സാംസ്കാരിക പ്രവർത്തകരുടെ പിന്തുണ ഇല്ലാതാക്കാൻ വേണ്ടി അവരെ ഭയപ്പെടുത്തുക എന്ന ലക്ഷ്യമായിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. കൂടുതൽ സാംസ്കാരിക പ്രവർത്തകർ സമരത്തിന് പിന്തുണയുമായി എത്തിയതോടെ ഈ ദുഷ്ടലക്ഷ്യം പൊളിഞ്ഞു പോയിരിക്കുകയാണ്.

## സമരവിരുദ്ധ സമരങ്ങൾ

സമരം ചെയ്യുന്ന പാവപ്പെട്ട ആശാവർക്കർമാരോട് മത്സരിച്ച് ബദൽ സമരങ്ങളുമായി സിഐറ്റിയു രംഗത്തെത്തിയിരിക്കുന്നു. സമരംചെയ്തു ജയിപ്പിക്കുന്നതിനേക്കാൾ, സമരത്തെ പരാജയപ്പെടുത്താനുള്ള അടവും തന്ത്രവും പ്രയോഗിക്കുന്നതിലാണ്, ഒരു കാലത്ത് വീറുറ്റ തൊഴിൽ സമരങ്ങൾ നടത്തിയിരുന്ന ഈ പ്രസ്ഥാനം ഇപ്പോൾ വൈദഗ്ധ്യം കാണിക്കുന്നത്. ‘ഈർക്കിൽ പാർട്ടി’ ‘അരാജകവാദികൾ’ ‘പാട്ടപ്പിരിവുകാർ’ ‘സാക്രമിക രോഗം പരത്തുന്ന കീടം’ ഇവയൊക്ക സമരവേളയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ വിശേഷിപ്പിക്കാൻ സിപിഐ(എം) സിഐറ്റിയു പ്രസ്ഥാനങ്ങൾ ഉപയോഗിക്കുന്ന വാക്കുകളാണ്.

സ്വാതന്ത്ര്യസമരത്തിലെ സന്ധിയില്ലാ സമരധാരയിലൂടെ കടന്നുവന്ന് 1948ൽ രൂപീകരിച്ച, ബംഗാളിൽ രണ്ട് തവണ സിപിഐ(എം)നോടൊപ്പം മന്ത്രിസഭ പങ്കിട്ട, നിരവധി സംയുക്ത പ്രക്ഷോഭണങ്ങളിൽ ഒരുമിച്ചു പങ്കെടുക്കുന്ന ഒരു പ്രസ്ഥാന ത്തെപ്പറ്റിയാണ് ഈ അധിക്ഷേപ പദപ്രയോഗങ്ങൾ നടത്തിയിരിക്കുന്നത്. ആശ സമരം ഉയർത്തി വിടുന്ന ഊഷ്മാവിൽ നീറി സമനില നഷ്ടപ്പെട്ടതിന്റെ ലക്ഷണങ്ങളാണിവ. പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ സമരപാത വെടിഞ്ഞ് മുതലാളിത്തത്തിനുവേണ്ടി പാദസേവ ചെയ്യുന്ന ലക്ഷണമൊത്ത ഒരു സോഷ്യൽ ഡെമോക്രാറ്റിക് പ്രസ്ഥാനമായ സിപിഐ(എം) തങ്ങളുടെ എല്ലാ പുരോഗമന മുഖംമൂടികളും വലിച്ചെറിഞ്ഞ് രംഗത്തെത്തിയിരിക്കുകയാണ്. മുതലാളി വർഗ്ഗത്തിന് സ്വീകാര്യരാകുവാൻ വേണ്ടിയുള്ള തത്രപ്പാടിലാണവർ. ഇടതു വിശ്വാസികളായ സ്വന്തം അണികളുടെ മുമ്പിൽപോലും ഇവർ നാണം കെട്ടുകൊണ്ടിരിക്കുകയാണ്.

ആശാ സമരത്തിന് സമ്പൂർണ്ണമായ പിന്തുണയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നൽകുന്നത്. സമരം നടത്തുന്നത് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ എന്ന കക്ഷിരാഷ്ട്രീയത്തിന് അതീതമായ സ്വതന്ത്ര സംഘടനയാണ്. നിലവിൽ ഏതെങ്കിലും കേന്ദ്രട്രേഡ് യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിയനല്ല. കേരളത്തിലെ തലമുതിർന്ന ട്രേഡ് യൂണിയൻ നേതാവും എഐയുറ്റിയുസി എന്ന കേന്ദ്ര ട്രേഡ് യൂണിയന്റെ സംസ്ഥാന പ്രസിഡന്റുമായ സഖാവ് വി.കെ.സദാനന്ദനാണ് ആ സംഘടനയുടെ സംസ്ഥാന പ്രസിഡന്റ്. അതേ കേന്ദ്ര ട്രേഡ് യൂണിയന്റെ സംസ്ഥാനനേതാവായ എം.എ.ബിന്ദു, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ ആശയനേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഹിളാ സാംസ്കാരിക സംഘടനയുടെ മുതിർന്ന നേതാക്കളിലൊരാളായ എസ്.മിനി എന്നിവരും ആ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുണ്ട്. ആശമാരിൽനിന്ന് ഉയർന്നുവന്ന ഉജ്ജ്വലമായ കാര്യശേഷിയുള്ള ഒരുനിര നേതാക്കൾ ആ സംഘടനയെ നയിക്കുന്നു. സർക്കാരിന്റെയും സിപിഐ(എം)ന്റെയും സിഐറ്റിയുവിന്റെയും നിരന്തരമായ ആക്രമണങ്ങളെ പ്രതിരോധിച്ചുകൊണ്ട് അടിപതറാതെ ധീരമായി ഈ സമരത്തെ നയിച്ച് പടനിലത്തിൽ നിലകൊള്ളുകയാണ് ഈ നേതാക്കൾ.

എന്തുകൊണ്ടാണ് സമരരംഗത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സാന്നിധ്യത്തെ ഇക്കൂട്ടർ ഇത്രമേൽ അധിക്ഷേപിക്കുന്നത്? ന്യായത്തിന്റെപക്ഷത്ത് അടിയുറച്ചു നിലകൊള്ളുന്ന ആ പ്രസ്ഥാനം ഒരു തരത്തിലുമുള്ള സമ്മർദ്ദങ്ങൾക്കും ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വശംവദരാവില്ല എന്ന് അവർക്കറിയാം. അക്രമത്തിന്റെ ലാഞ്ചന പോലുമില്ലാതെ ചെറുതും വലുതുമായ ജനകീയ സമരങ്ങളെ പടിപടിയായി വളർത്തിയെടുത്ത് വിജയത്തിലെത്തിച്ച ചരിത്രം അവർക്കറിയാം. അതിൽ പലതും ഭരണകൂടത്തിന്റെ പക്ഷത്ത് സിപിഐ(എം) ആയിരുന്നു എന്നതുകൊണ്ട് പ്രത്യേകിച്ചും. ബംഗാളിലെ സുദീർഘമായ ഭാഷാ സമരം, ഐതിഹാസികമായ നന്ദിഗ്രാം-സിംഗൂർ ജനകീയ പ്രക്ഷോഭം, നമ്മുടെ സംസ്ഥാനത്തെ ചെങ്ങറ ഭൂസമരം, വിളപ്പിൽശാല ചെറുത്തുനിൽപ്പ്, കരിമണൽ ഖനനവിരുദ്ധ സമരം, കെറെയിൽ സമരം തുടങ്ങിയവ അതിൽ ചിലതുമാത്രം.

വിദേശ കോർപ്പറേറ്റ് മുതലാളിമാർക്കുവേണ്ടി കർഷകരുടെ ഭൂമി ബലാൽക്കാരേണ പിടിച്ചെടുക്കുവാൻ തുനിഞ്ഞ നന്ദിഗ്രാമിൽ നേരിട്ട പരാജയത്തിൽനിന്ന് തുടങ്ങിയ തകർച്ച സിപിഐ(എം)നെ ബംഗാളിന്റെ മണ്ണിൽ അധികാരത്തിൽനിന്ന് ജനങ്ങൾ തുത്തെറിയുന്നതിൽ കൊണ്ടെത്തിച്ചു. ഹാരിസൺ മുതലാളിക്കുവേണ്ടി ചെങ്ങറ സമരത്തെ അടിച്ചമർത്താൻ തുനിഞ്ഞ സിപിഐ(എം) ഭരണം അതിൽ അമ്പെ പരാജയമടഞ്ഞതും ചരിത്രം. വിളപ്പിൽശാല സമരത്തെ നേരിട്ട സിപിഐ(എം) നയിച്ച നഗരസഭാ ഭരണത്തെ ജനങ്ങൾ പൊരുതി പരാജയപ്പെടുത്തി മാലിന്യമുക്തമായ ജീവിതം സാധ്യമാക്കിയതും ജനങ്ങളുടെ മുന്നിലുണ്ട്. കേരളത്തെ സാമ്പത്തികമായും പാരിസ്ഥിതികമായും തകർക്കുവാൻപോന്ന കെറെയിൽ പദ്ധതി ഇന്നും കടലാസിൽ നിന്ന് പുറത്ത് കടക്കാത്തതും ജനകീയ സമരത്തിന്റെ ഉജ്ജ്വലമായ വിജയമാണ്. ഈ ജനകീയ മുന്നേറ്റങ്ങളി ലെല്ലാം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അവിഭാജ്യഭാഗമായിരുന്നു എന്നതും ചരിത്രം.

ജനകീയ സമരങ്ങളുടെ ദുഷ്കരമായ സംഘാടനത്തിലും അതിനെ നയിക്കുന്നതിലും അസാധാരണമായ കാര്യശേഷിയോടെ പ്രവർത്തിക്കുന്ന എസ്‌യുസിഐ(കമ്മ്യൂ

(ശേഷം 12–ാം പേജിൽ)



രഞ്ജിനി, ഭാഗ്യലക്ഷ്മി, ഡോ.ജോർജ്ജ് ജോസഫ്, എസ്. ബുർഹാൻ, എസ്.രാജീവൻ, കെ.ശൈവപ്രസാദ്



## കടൽമണൽ ഖനനം

# കടലും കടൽമണലും കോർപ്പറേറ്റുകൾക്ക്: ജനങ്ങൾ ദുരിതക്കടലിൽ

**കേ**രളത്തിൽ കടൽമണൽ ഖനനത്തിന് ഒരുങ്ങുകയാണ് കേന്ദ്രസർക്കാർ. അമ്പത് വർഷത്തേക്ക് ഖനനം നടത്തുവാൻ അറബിക്കടൽ സ്വകാര്യ കമ്പനികൾക്ക് പാട്ടത്തിന് നല്കുകയാണ്. സ്വകാര്യ കമ്പനികളിൽനിന്നും ഇതിനായി താല്പര്യപത്രം ക്ഷണിച്ചിരിക്കുന്നു.

കടൽമണൽ ഖനനം സംബന്ധിച്ച് 2025 ജനവരി 11-ാം തീയതി കേന്ദ്രസർക്കാർ കൊച്ചിയിൽ ഒരു നിക്ഷേപക സംഗമം നടത്തി. ധാതുമണൽ ഖനനത്തിൽ സ്വകാര്യകമ്പനികളെ വിലക്കിക്കൊണ്ട് 2019ൽ കൊണ്ടുവന്ന നിയമം റദ്ദുചെയ്തുകൊണ്ട്, 2023 ൽ സ്വകാര്യ മേഖലയ്ക്ക് ഖനനത്തിന് അനുകൂലമായി നിയമം ഭേദഗദി ചെയ്തു. ഇതിനകം തന്നെ 2022ൽ ഗൗതം അദാനി ധാതുമണൽ ഖനനത്തിനായി അല്ലുവിയൽ ഹെവി മിനറൽസ് ലിമിറ്റഡ്, പുരി നാച്ചറൽ റിസോഴ്സ് ലിമിറ്റഡ് എന്നിങ്ങനെ രണ്ടു കമ്പനികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നത് മോദി സർക്കാരിന്റെ കോർപറേറ്റ് താല്പര്യം വെളിവാക്കുന്നു.

ബിജെപി സർക്കാരിന്റെ 'ബ്ലൂ ഇക്കണോമി'യുടെ (നീല സമ്പദ്‌വ്യവസ്ഥ) ഭാഗമാണ് കടൽമണൽ ഖനനം. കടലും കടൽതീരവും കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന ബ്ലൂ ഇക്കണോമിയെ സംസ്ഥാന സർക്കാരും ഒളിഞ്ഞും തെളിഞ്ഞും പിന്തുണക്കുന്നു. കരിമണൽ ഖനനം കടൽമണൽ ഖനനം, ടൂറിസം, തീരദേശ ഹൈവേ, വൻകിട ട്രോളറുകൾ എല്ലാം ഇതിന്റെ ഭാഗമായാണ് വരുന്നത്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കെന്ന പേരിൽ സംസ്ഥാന സർക്കാർ അതവരിപ്പിക്കുന്ന 'പുനർഗേഹം പദ്ധതി' മത്സ്യത്തൊഴിലാളികളെ കുടിയിറക്കി തീരം മുഴുവൻ കച്ചവട താല്പര്യത്തിന് വിട്ടുകൊടുക്കുവാനുള്ള കളമൊരുക്കലാണ്. കരിമണൽ ഖനനവും കടൽമണൽ ഖനവും അത്രമേൽ തീരശോഷണത്തിന് ഇടയാക്കും. സംസ്ഥാന സർക്കാരിന്റെ 'മത്സ്യബന്ധന-വിപണന നിയമം 2020' ഈ നീല-സമ്പദ്‌വ്യവസ്ഥയുടെ ചുവടുപിടിച്ചുള്ളതാണ്; മത്സ്യതൊഴിലാളികളെ ചൂഷണം ചെയ്യാനുള്ളതാണ്.

അറബിക്കടലിൽ കൊല്ലം, ആലപ്പുഴ, കൊച്ചി, ചാവക്കാട്, പൊന്നാനി എന്നീ മേഖലകളിലായി ഗുണമേന്മയുള്ള, നിർമ്മാണ ആവശ്യങ്ങൾക്കുള്ള 745 ദശലക്ഷം ഘനമീറ്റർ മണൽ നിക്ഷേപം ഉണ്ടെന്നാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കണ്ടെത്തൽ. കൊല്ലം പരപ്പ് എന്നറിയപ്പെടുന്ന വർക്കല മുതൽ അമ്പലപ്പുഴ വരെയുള്ള മേഖലയിൽനിന്നും 302 ദശലക്ഷം ഖന മീറ്റർ മണലാണ് ആദ്യഘട്ടത്തിൽ ഖനനം ചെയ്യുന്നത്. ലഭിക്കുന്ന മണലിന്റെ 10 ശതമാനം മൂല്യം വരുന്ന തുക കേന്ദ്ര സർക്കാരിന് പാട്ടം നല്കി അമ്പത് വർഷത്തേക്ക് സ്വകാര്യ കമ്പനികൾക്ക് നൽകുവാനാണ് കേന്ദ്ര സർക്കാർ തീരുമാനം.

മണലാണ് തീരത്തുള്ളത്. കൊല്ലം, ആലപ്പുഴ ജില്ലകളിൽ തീരത്തും കടലിൽനിന്നു തന്നെയും (സീ വാഷിംഗ്)കരിമണൽ ഖനനം നടന്നു വരികയാണ്. ഇതുമൂലം തന്നെ കൊല്ലം ജില്ലയിലെ ആലപ്പാട് എന്ന പ്രദേശത്തിന്റെ വിസ്ത്രിതി പത്തിലൊന്നായി ചുരുങ്ങിയിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ, ഹാർബർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും പ്രളയ ദുരന്തനിവാരണത്തിന്റെയും മറവിൽ സ്വകാര്യ കമ്പനികൾക്കു വേണ്ടി നടന്നുവരുന്ന കരിമണൽ ഖനനത്തെ തുടർന്ന് 600ൽ പരം




കടൽമണൽ ഖനനത്തിനെതിരെ ഫിഷറീസ് കോ-ഓർഡിനേഷൻ കമ്മിറ്റി കൊല്ലത്ത് നടത്തിയ കൺവൻഷനിൽ എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റിയംഗം ആർ.അർജ്ജുനൻ പ്രസംഗിക്കുന്നു.

### കൊല്ലം പരപ്പ്

കേരളത്തിലെ നിരവധി നദികൾ ഒഴുക്കി കൊണ്ടുവരുന്ന എക്കൽ അടിഞ്ഞ് മത്സ്യ പ്രജനനത്തിന് അനുയോജ്യമായ കടൽ ആവാസവ്യവസ്ഥയാണ് വർക്കല മുതൽ അമ്പലപ്പുഴ വരെയുള്ള കൊല്ലം പരപ്പ്, മത്തി, അയല, നത്തോലി, കിളിമീൻ, മാന്തൽ, താട, പരവ തുടങ്ങിയ തീരക്കടൽ മത്സ്യങ്ങളുടെയും കരിക്കാടി , പൂവാലൻ, നാരൻ, കഴന്തൻ തുടങ്ങിയ ചെമ്മീൻ ഇനങ്ങളുടേയും പ്രധാനപ്രജനന കേന്ദ്രം.

കടൽകൊണ്ട് ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും കടൽ പോറ്റമ്മയാണെങ്കിൽ, ലാഭക്കൊതിപൂണ്ട കോർപ്പറേറ്റുകൾക്ക് അവരുടെ ലാഭക്കുന്ന് വളർത്താനുള്ള ഖനിയാണ്. ഇതാണ് കൊല്ലം പരപ്പുതന്നെ ആദ്യ ഘട്ടത്തിൽ ഖനനത്തിനായി തിരഞ്ഞെടുക്കപ്പെട്ടിന്റെയും കാരണം.

കേരളത്തിൽ ലോഹമണൽ നിക്ഷേപം കൂടുതലുള്ള പ്രദേശമാണ് കൊല്ലം ആലപ്പുഴ ജില്ലകൾ. ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടൈൽ, ലൂകോക്സിൻ, സിലിമിനെറ്റ്, ഗാർനെറ്റ് തുടങ്ങിയ ധാതുക്കൾ അടങ്ങിയ

വീടുകൾ കടൽ കവർന്നു പോയിരിക്കുന്നു. ഭരണ-പ്രതിപക്ഷ നേതാക്കൾ കരിമണൽ കമ്പനികളിൽനിന്നും ശതകോടികൾ കോഴ വാങ്ങിക്കുന്നതായി എസ്എഫ്ഐഒ അന്വേഷണത്തിലൂടെ പുറത്തുവന്നിരിക്കുന്നു. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തുടങ്ങിയ പഞ്ചായത്തുകൾ തീരശോഷണം നേരിട്ടുകൊണ്ടിരിക്കുന്നു.

### കടൽമണൽ ഖനനം കടലിന്റെ ആവാസ വ്യവസ്ഥ തകർക്കും

കോർപ്പറേറ്റുകൾക്ക് പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കാൻ എല്ലാ വാതിലുകളും തുറന്നിടുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ.കേരളസർക്കാർ,ഐആർഇഎൽ, കെഎംഎംഎൽ എന്നീ പൊതുമേഖല കമ്പനികളെ മുൻനിർത്തിയും കേന്ദ്ര സർക്കാർ നിയമങ്ങൾ ഭേദഗതിചെയ്തും സ്വകാര്യ കമ്പനികൾക്ക് ഖനനത്തിന് ഒത്താശ ചെയ്യുകയാണ്.

കടലിന്റെ അടിത്തട്ടിൽ ഒന്നര മുതൽ രണ്ട് മീറ്റർവരെ കനത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിനീക്കം ചെയ്താണ് മണൽ ഖനനം നടക്കുക. കടൽ അടിത്തട്ടിലുള്ള ചെളി പ്രദേശം തീരക്കടൽ മത്സ്യങ്ങളായ മത്തി, അയല, നത്തോലി, മാന്തൽ, മണങ്ങ് തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങളാണ്. ചെറു മത്സ്യങ്ങൾ ആഹാരം തേടുന്നതും ഇവിടെ നിന്നാണ്. ചാകര എന്ന പ്രതിഭാസവും ഈ ചെളിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അങ്ങനെ കടൽ ആവാസവ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും വൻ വിനാശം സൃഷ്ടിക്കുന്ന തായിരിക്കും കടൽമണൽഖനനം. ലോകത്തെ പ്രധാനപ്പെട്ട ഫിഷിംഗ് ഗ്രൗണ്ടുകൾ തകർച്ച നേരിടുകയാണെന്ന് ലോകാരോഗ്യ സംഘടനതന്നെ വിലയിരുത്തുന്നു. ചെറുമത്സ്യങ്ങൾ സാധാരണ ജനങ്ങളുടെ ചെലവു കുറഞ്ഞ പോഷകാഹാരവുമാണ്. കടലിൽ 40 മീറ്റർ മുതൽ 60 മീറ്റർവരെ നടത്തുന്ന ഖനനം കടൽതീരത്തിനും പ്രത്യാഘാതങ്ങൾ ഏൽപിക്കും. കൊല്ലം, ആലപ്പുഴ ജില്ലകളിൽ നടക്കുന്ന കരിമണൽ ഖനനം മൂലം ഇപ്പോൾ തന്നെ തീരത്തെ ബീച്ചുകളെല്ലാം ശോഷണം നേരിടുകയാണ്. മത്സ്യത്തൊഴിലാളികൾ അവരുടെ വള്ളവും വലയും സൂക്ഷിച്ചിരുന്ന വിശാലമായ കടപ്പുറങ്ങൾ ഇല്ലാതായി.

കേന്ദ്ര സർക്കാരിന്റെ കടൽമണൽ ഖനനത്തിനെതിരെയും സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന കരിമണൽ ഖനനത്തിനെതിരെയും തീരദേശത്ത് വൻ പ്രതിഷേധമാണ് ഉയരുന്നത്. സംസ്ഥാന ഭരണകക്ഷി യൂണിയനുകളായ സിഐറ്റിയുവും എഐടിയുസിയും തീരം തകർക്കുന്ന കരിമണൽ ഖനനത്തെ എതിർക്കാതെ, കേന്ദ്രത്തിന്റെ കടൽമണൽ ഖനനത്തെ മാത്രം എതിർക്കുന്നതിലും ഇവരുടെ ഇരട്ടത്താപ്പ് ജനങ്ങൾക്ക് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

കരിമണൽ-കടൽമണൽ ഖനനം സ്വകാര്യ മേഖല നടത്തിയാലും പൊതുമേഖല നടത്തിയാലും പ്രത്യാഘാതങ്ങൾ ഒന്നുതന്നെയായിരിക്കും. സംസ്ഥാന സർക്കാർ നടത്തുന്ന കരിമണൽ ഖനനം അവസാനിപ്പിക്കുകയും കേന്ദ്ര കടൽമണൽ ഖനനത്തിനെതിരെ കേരള നിയമസഭ സംയുക്തമായി പ്രമേയം പാസാക്കി, കേരള ജനതയുടെ പ്രതിഷേധം കേന്ദ്ര ബിജെപി സർക്കാരിനെ ബോധ്യപ്പെടുത്തുകയും വേണം. ■




ദേശീയ കാർഷിക വിപണന നയചട്ടക്കൂട് പിൻവലിക്കുക, വിളകൾക്ക് മിനിമം താങ്ങുവില ഉറപ്പാക്കുക, വന്യജീവി ആക്രമണത്തിന് ശ്വാശ്വത പരിഹാരം കാണുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐകെകെഎംഎസ് നടത്തിയ എജീസ് ഓഫീസ് മാർച്ചിൽ സംസ്ഥാന പ്രസിഡന്റ് അബ്ദുൾ അസീസ് പ്രസംഗിക്കുന്നു.



ശുദ്ധജലസ്രോതസ്സിലേയ്ക്ക് രാസമാലിന്യമൊഴുക്കുന്ന അനധികൃത ഡയാലിസിസ് സെന്റർ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് കാസർകോഡ് ബാരിക്കാട് ആക്ഷൻ കമ്മിറ്റി നടത്തിയ ചെങ്കള പഞ്ചായത്ത് ഓഫീസ് മാർച്ചിൽ ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു




ജനങ്ങളെ കുടിയിറക്കുകയും സ്വാഭാവിക ജലസ്രോതസ്സുകൾ നശിപ്പിക്കുകയും ചെയ്യുന്ന നീലേശ്വരം-ചിത്താരി കൃത്രിമ ജലപാതയ്ക്കെതിരെ കാഞ്ഞങ്ങാട് നടന്ന പൊതുയോഗത്തിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമതി കണ്ണൂർ ജില്ലാ കൺവീനർ അഡ്വ.പി.സി.വിവേക് പ്രസംഗിക്കുന്നു.




എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കെഎസ്ആർടിസി നിയമിച്ച മൂവായിരത്തോളം എംപാനൽ ജോലിക്കാരെ പിരിച്ചുവിട്ട നടപടിയിൽ പ്രതിഷേധിച്ച് കെഎസ്ആർടിസി എംപാനൽ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് നടന്ന ഉത്തര മേഖലാ കൺവൻഷൻ എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

# സ്റ്റാലിൻ

മാർച്ച് 5

അനുസ്മരണ ദിനം



## ഐതിഹാസികമായ ജീവിതസമരവും അമൂല്യമായ സംഭാവനകളും ലോകമെമ്പാടുമുള്ള വിപ്ലവകാരികൾക്ക് എന്നും വഴികാട്ടി

**മഹാനായ സ്റ്റാലിന്റെ 40–ാം ചരമവാർഷികത്തോടനുബന്ധിച്ച് 1993ൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കേന്ദ്രകമ്മിറ്റി പ്രസിദ്ധീകരിച്ച 'സ്റ്റാലിൻ: അലിഗേഷൻസ് ആന്റ് റിയാലിറ്റി' (സ്റ്റാലിൻ: ആരോപണങ്ങളും യാഥാർത്ഥ്യവും) എന്ന ലഘു കൃതിയെ അവലംബമാക്കി തയ്യാറാക്കിയതാണ് ഈ ലേഖനം. സ്റ്റാലിന്റെ 72–ാം ചരമ വാർഷിക വേളയിൽ 'യൂണിറ്റി' പ്രസിദ്ധീകരിക്കുന്ന ഈ ലേഖനം സ്റ്റാലിന്റെ മഹനീയമായ വ്യക്തിത്വത്തിന്റെ ചില വശങ്ങൾ മനസ്സിലാക്കാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.**

ഉന്നതനായ കമ്മ്യൂണിസ്റ്റ് നേതാവും ലെനിന്റെ ഏറ്റവും അർഹനായ പിന്തുടർച്ചക്കാരനും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ ശില്പിയും ഹിറ്റ്‌ലറുടെ ഫാസിസ്റ്റ് ആക്രമണത്തിൽനിന്ന് മാനവരാശിയെയും നാഗരികതയെയും രക്ഷിച്ച മഹാനായിരുന്ന ജോസഫ് സ്റ്റാലിൻ. പിൽക്കാലത്ത് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം കൈയടക്കിയ തിരുത്തൽവാദികൾ സാമ്രാജ്യത്വ ശക്തികളുടെ താല്പര്യം പേറിക്കൊണ്ട് സ്റ്റാലിനെ അപകീർത്തിപ്പെടുത്താൻ നടത്തിയ ഹീനമായ കരുനീക്കങ്ങൾ ലോകത്താകെ തെറ്റിദ്ധാരണ പടരാൻ ഇടയാക്കിയിട്ടുണ്ട് എന്നതു ശരിതന്നെ. എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ലോകത്തെ മാറ്റിത്തീർക്കുന്നതിൽ മറ്റാരെക്കാളും പങ്കുവഹിച്ചത് സ്റ്റാലിനായിരുന്നു. വമ്പിച്ച വ്യവസായവൽക്കരണം, കൃഷിയിലെ പൊതു ഉടമസ്ഥത, ദേശീയതാ പ്രശ്നത്തിന് ശാസ്ത്രീയമായ പരിഹാരം, ഇടതു–വലതു വ്യതിയാനങ്ങളെ നേരിട്ടുകൊണ്ട് ലെനിനിസത്തിന് നൽകിയ ശരിയായ വ്യാഖ്യാനം, തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ കൃത്യതയാർന്ന പ്രയോഗം തുടങ്ങിയവയൊക്കെ സ്റ്റാലിനെ ലെനിന്റെ യഥാർത്ഥ പിൻഗാമിയാക്കി എന്നുമാത്രമല്ല, മാർക്സിസം–ലെനിനിസത്തിന്റെ ആധികാരിക നേതൃത്വവുമാക്കി.

'സമാധാനപരമായ സഹവർത്തിത്വ'മെന്ന ലെനിന്റെ ആശയത്തെ വികസിപ്പിക്കുകയും ശരിയായി പ്രയോഗത്തിൽ വരുത്തുകയും ചെയ്തുകൊണ്ട് സാർവ്വദേശീയ രംഗത്ത് സ്റ്റാലിനും സോവിയറ്റ് യൂണിയനും വലിയ അംഗീകാരം നേടി. സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പോരാട്ടവേദികളിൽ മാത്രമല്ല, സോഷ്യലിസ്റ്റ് നിർമ്മാണത്തിലും യുദ്ധസാഹചര്യങ്ങളിലും യുദ്ധവിരുദ്ധ പോരാട്ടത്തിലുമെല്ലാം അജയ്യമായ നേതൃപാടവം പ്രദർശിപ്പിച്ച സ്റ്റാലിൻ, അപകീർത്തിപ്പെടുത്തലുകളെയെല്ലാം അതിജീവിച്ച് ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടി.

സിപിഎസ്‌യുവിന്റെ ഇരുപതാം കോൺഗ്രസ്സിൽ ക്രൂഷ്ചേവ്, സ്റ്റാലിനെ ഏകാധിപതിയും അധികാരമോഹിയും രക്തദാഹിയും വ്യക്തിപൂജ ആഗ്രഹിക്കുന്നയാളുമൊക്കെയായി ചിത്രീകരിച്ചു. സ്റ്റാലിന്റെ ഉജ്ജ്വലമായ നേട്ടങ്ങളെ മറച്ചുവയ്ക്കുകയും അദ്ദേഹത്തിന്റെ ഓർമ്മകൾപോലും തുടച്ചു നീക്കാനുള്ള പ്രചാരണവും നടപടികളും ആരംഭിക്കുകയും ചെയ്തു. ഇത് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെതന്നെ തകർച്ചയിലേയ്ക്കാണ് നയിച്ചത്. സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ ശക്തമായി നിലനിന്നിരുന്ന സോഷ്യലിസ്റ്റ് ചേരിയും ഇതോടെ തകർന്നു. സോഷ്യലിസ്റ്റ് ചേരിയിലുണ്ടായിരുന്ന പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസ്റ്റ് വ്യവസ്ഥകൾ നിലംപൊത്തി.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച ലോക സാമ്രാജ്യത്വത്തിന് മുതൽക്കൂട്ടായി. ലോകത്തെയാകെ ആഗോളീകരണ നയങ്ങളിലൂടെ കൊള്ളയടിക്കാനും നിയന്ത്രിക്കാനും അത് അവസരമൊരുക്കി. ദുർബ്ബല രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിലുള്ള സാമ്രാജ്യത്വ ഇടങ്കോലിടൽ വർദ്ധിച്ചു. അധിനിവേശങ്ങളും അട്ടിമറികളും തുടർക്കഥയായി. വരുതിയിൽ നിൽക്കാത്തവരെ സൈനികമായി അടിച്ചമർത്തി. ലോകമെമ്പാടും തൊഴിലാളി മുന്നേറ്റങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തിരിച്ചടി നേരിട്ടു. തൊഴിലവകാശങ്ങൾ മാത്രമല്ല, ജനാധിപത്യാവകാശങ്ങളും പൗരസ്വാതന്ത്ര്യവും സമാധാന അന്തരീക്ഷവും പോലും സംരക്ഷിക്കാൻ കഴിയാതായി.

മഹാനായ സ്റ്റാലിന്റെ സംഭാവനകൾ ഉൾക്കൊള്ളുകയും അദ്ദേഹത്തിന്റെ ജീവിതസമരത്തെക്കുറിച്ച് പഠിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ അനിവാര്യതയായിരിക്കുന്നു. ലെനിനിസത്തെക്കുറിച്ചുള്ള സ്റ്റാലിന്റെ വ്യാഖ്യാനം മനസ്സിലാക്കുക മാത്രമല്ല, സ്റ്റാലിനെതിരെ ആസൂത്രിതമായി നടക്കുന്ന അപകീർത്തിപ്പെടുത്തലുകളെ തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യേണ്ടതും ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകളുടെ കർത്തവ്യമാണ്. ഈ കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായാണ്, സ്റ്റാലിനെതിരായ ആരോപണങ്ങളുടെ പൊള്ളത്തരവും ആക്രമണങ്ങൾക്കുപിന്നിലെ സാമ്രാജ്യത്വ ഗൂഢാലോചനയും തുറന്നുകാട്ടുന്ന ഒരു ലഘുകൃതി 1993ൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രസിദ്ധീകരിക്കുന്നത്.

സെമിനാരി വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ റഷ്യൻ, യൂറോപ്യൻ സാഹിത്യത്തിലെ ഒട്ടുമിക്ക കൃതികളും സ്റ്റാലിൻ വായിച്ചുതീർത്തിരുന്നു. അദ്ദേഹം തൊഴിലാളിവർഗ്ഗ സാഹിത്യത്തോട് ആഭിമുഖ്യം പുലർത്തുകയും രഹസ്യ സംവാദവേദികളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. റെയിൽവേ തൊഴിലാളികളെ സംഘടിപ്പിക്കുന്ന ഒരു രഹസ്യ സംഘടനയുമായുള്ള ബന്ധത്തിന്റെ പേരിൽ അദ്ദേഹം സെമിനാരിയിൽനിന്ന് പുറത്താക്കപ്പെട്ടു. അതോടെ ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയെന്ന നിലയിലുള്ള തീക്ഷ്ണമായ പ്രവർത്തനങ്ങളിൽ മുഴുകി. അഞ്ചുതവണയാണ് അദ്ദേഹത്തെ സൈബീരിയയിലേയ്ക്ക് നാടുകടത്തിയത്. ഉരുക്കുപോലുറച്ച ആ വ്യക്തിത്വത്തോടുള്ള ആദരസൂചകമായാണ് സഖാക്കൾ അദ്ദേഹത്തെ സ്റ്റാലിൻ എന്ന് വിളിച്ചത്.

ലെനിന്റെ ശിക്ഷണം സ്റ്റാലിനെ ഉന്നതനിലവാരത്തിലുള്ള ഒരു കമ്മ്യൂണിസ്റ്റാകാൻ സഹായിച്ചു. 1912ൽ അദ്ദേഹം കേന്ദ്രകമ്മിറ്റി അംഗമായി. ലെനിൻ മരിക്കുന്നതിന് 2 വർഷംമുമ്പ്, 1922ൽ അദ്ദേഹം പാർട്ടിയുടെ ജനറൽ സെക്രട്ടറിയുമായി.

അനുയായികളുടെ പ്രശംസകളെ ചരമപ്രസംഗമെന്ന് പരിഹസിക്കുന്ന സ്റ്റാലിൻ, തന്നെ ഉറച്ച വിപ്ലവകാരി ആക്കുന്നതിൽ പങ്കുവഹിച്ച ടിഫ്ളിസിലെ റെയിൽവെ തൊഴിലാളികളെയും ബാക്കുവിലെ എണ്ണഖനി തൊഴിലാളികളെയും മോസ്കോയിലെ വ്യവസായ തൊഴിലാളികളെയുമൊക്കെ ആദരവോടെയാണ് സ്മരിക്കുന്നത്. ലെനിന്റെ ഉത്തമശിഷ്യനാകുക എന്നതാണ് തന്റെ ജീവിതാഭിലാഷമെന്നും തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതം അഭിവൃദ്ധിപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ തന്റെ ജീവിതം വ്യർത്ഥമാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. (ജെ.വി.സ്റ്റാലിൻ വർക്സ്, വോള്യം–13,1955 എഡിഷൻ) പാർട്ടിയും വിപ്ലവവുമായി അത്രയേറെ താദാത്മ്യപ്പെട്ട ജീവിതമായിരുന്നു സ്റ്റാലിന്റേത്.

സോഷ്യലിസ്റ്റ് നിർമ്മാണത്തിനായി സ്റ്റാലിൻ ആവിഷ്കരിച്ച പദ്ധതികൾ ലോകം മുഴുവൻ ഉറ്റുനോക്കുന്നതായിരുന്നു. "അമേരിക്കയുടെ 'ന്യൂ ഡീൽ', ബ്രിട്ടന്റെ 'വെൽഫെയർ സ്റ്റേറ്റ്' പോലുള്ള ആസൂത്രണ പദ്ധതികളൊക്കെ റഷ്യയുടെ പഞ്ചവത്സര പദ്ധതികളോട് കിടപിടിക്കാനുള്ള ശ്രമങ്ങളായിരുന്നു. 1929ലെ ലോക സാമ്പത്തിക കുഴപ്പം വിപ്ലവത്തിൽ കലാശിക്കാതിരിക്കാൻ അവർക്ക് ഇത്തരം മുൻകരുതലുകൾ എടുക്കേണ്ടിയിരുന്നു" എന്ന് വിഖ്യാത മാദ്ധ്യമപ്രവർത്തക അന്ന ലൂയി സ്ട്രോങ് 'സ്റ്റാലിൻ ഇറ' എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു. ഏതൊരു നാടിന്റെയും ചരിത്രത്തിൽ സ്റ്റാലിൻ ചെലുത്തിയ സ്വാധീനം ഇവിടെ ദർശിക്കാനാകും. "ഇവാൻ ദ ടെറിബിൾ', 'പീറ്റർ ദ ഗ്രേറ്റ്' പോലുള്ള വിഖ്യാതരായ റഷ്യൻ സാമൂഹ്യ പരിഷ്കർത്താക്കളെ മാത്രമല്ല, മറ്റ് രാജ്യങ്ങളിലെ മഹാൻമാരായ സാമൂഹ്യപരിഷ്കർത്താക്കളെയും നിഷ്പ്രഭരാക്കുന്ന അതികായനായ ഭരണകർത്താവായിരുന്ന ജനറൽ സെക്രട്ടറി" എന്ന് 'സ്റ്റാലിൻ:എ പൊളിറ്റിക്കൽ ബയോഗ്രഫി' എന്ന കൃതിയിൽ കടുത്ത കമ്മ്യൂണിസ്റ്റ് വിരുദ്ധനായ ഐസക് ഡ്യൂഷർപോലും രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് 296)

സോവിയറ്റ് യൂണിയൻ സ്റ്റാലിന്റെ ഭരണകാലത്ത് അത്ഭുതാവഹമായ പുരോഗതിയാണ് കൈവരിച്ചത്. നിർബന്ധത്തിന് വഴങ്ങിയോ എന്തെങ്കിലും ഭൗതികനേട്ടങ്ങൾ ലക്ഷ്യംവച്ചോ ആയിരുന്നില്ല ജനങ്ങൾ പ്രവർത്തിച്ചത്. ചരിത്രം രചിക്കുന്ന, നാഗരികതകൾ പടുത്തുയർത്തുന്ന തൊഴിലാളിവർഗത്തിന് ഭൗതിക പ്രേരണകൾ അപമാനകരമാണ് എന്ന ശരിയായ നിലപാടാണ് അന്നുണ്ടായിരുന്നത്. രാഷ്ട്രനിർമ്മാണത്തിനായി ഫാക്ടറികളിലും വയലേലകളിലും കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് 'സ്റ്റഖനോവൈറ്റ് പ്രസ്ഥാനം' പോലുള്ള മാതൃകകൾ സൃഷ്ടിക്കുന്നതിലായിരുന്നു അവർ അഭിമാനം കൊണ്ടിരുന്നത്.

മുതലാളിത്ത രാജ്യങ്ങൾക്ക് യുദ്ധം അനിവാര്യമാണെന്നും ഏതൊരു യുദ്ധവും ലോക സമാധാനത്തിന് ഭീഷണിയാകുമെന്നും സ്റ്റാലിൻ മുന്നറിയിപ്പ് നൽകി. സാമ്രാജ്യത്വ രാജ്യങ്ങളുടെ യുദ്ധസന്നാഹങ്ങൾ മുൻകൂട്ടിക്കണ്ട് സോവിയറ്റ് യൂണിയനെ സൈനികമായും തന്ത്രപരമായും സജ്ജമാക്കാൻ അദ്ദേഹം സ്വീകരിച്ച നടപടികളാണ് ഫാസിസ്റ്റ് ശക്തികളുടെ പരാജയത്തിന് കാരണമായത്. അതോടൊപ്പം സംഘടനാപരമായി നടത്തിയ മുന്നൊരുക്കങ്ങളുടെ ഭാഗമായിരുന്നു, അഞ്ചാംപത്തികളെയും ഗൂഢാലോചനക്കാരെയുമൊക്കെ പാർട്ടിയിൽനിന്ന് തുരത്താൻ കൈക്കൊണ്ട നടപടികൾ.

വലിയ സൈദ്ധാന്തികനെന്ന് ഖ്യാതി നേടിയ ട്രോട്സ്കിയായിരുന്നു പാർട്ടിക്കുള്ളിലെ വിഭാഗീയതയ്ക്ക് നേതൃത്വം നൽകിയത്. എന്നും ലെനിനെ എതിർത്തിട്ടുള്ള ട്രോട്സ്കി വിപ്ലവത്തിന് തൊട്ടുമുമ്പ് മാത്രമാണ് ബോൾഷെവിക് പാർട്ടിയിൽ ചേർന്നത്. ഒരു രാജ്യത്ത് മാത്രമായി വിപ്ലവം സാദ്ധ്യമല്ലെന്ന നിലപാടുമായി വിപ്ലവമുന്നേറ്റങ്ങളെ അദ്ദേഹം ദുർബ്ബലപ്പെടുത്തി. എന്നാൽ ട്രോട്സ്കി, ബുക്കാറിൻ, കാമനേവ്, സിനവേവ് തുടങ്ങിയവരുടെയൊക്കെ വിനാശകരമായ നീക്കങ്ങളെ പരാജയപ്പെടുത്താൻ സ്റ്റാലിൻ ലെനിനോടൊപ്പം അടിയുറച്ചുനിന്നു. ലെനിന്റെ നിര്യാണത്തിനുശേഷം അദ്ദേഹം ആ സമരം തുടർന്നു. ഒരു തരത്തിലും ഉൾക്കൊള്ളാൻ കഴിയാതെ വന്നപ്പോഴാണ് അവരെ പരസ്യ വിചാരണ നടത്തി ശിക്ഷിക്കാൻ തീരുമാനിച്ചത്. രണ്ടാം ലോകയുദ്ധം പടിവാതിൽക്കലെത്തിനിൽക്കുമ്പോൾ, ലോകത്തെ ഏക സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ നിലനിൽപ് അപകടത്തിലാക്കുന്ന ഒന്നിനോടും വിട്ടുവീഴ്ച ചെയ്യാൻ സോവിയറ്റ് യൂണിയന് കഴിയുമായിരുന്നില്ല.

'മോസ്കോ ട്രയൽ' എന്നറിയപ്പെടുന്ന ഈ വിചാരണകൾ തീർത്തും പരസ്യവും സുതാര്യവുമായിരുന്നു. സോവിയറ്റ് യൂണിയനിലെ അമേരിക്കൻ അംബാസിഡർ ജോസഫ് ഡേവിസ്, ബ്രിട്ടനിലെ നാഷണൽ കൗൺസിൽ ഓഫ് സിവിൽ ലിബർട്ടിയുടെ ഡയറക്ടർമാരിൽ ഒരാളും പ്രമുഖ അഭിഭാഷകനുമായ ഡി.എൻ.പ്രിറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പസഫിക് റിലേഷൻസ് സെക്രട്ടറി ജനറൽ ഇ.സി.കാർട്ടർ, അമേ

(ശേഷം 10–ാം പേജിൽ)

# ഒരു ഏകാധിപതിക്കും വഴങ്ങാത്ത സ്വതന്ത്രവും പ്രബുദ്ധവുമായ മനസ്സുകളെ സൃഷ്ടിക്കുന്നതിൽ സ്റ്റാലിൻ ബദ്ധശ്രദ്ധനായിരുന്നു

(9–ാം പേജിൽ നിന്ന്)

രിക്കൻ ജേർണലിസ്റ്റും എഴുത്തുകാരിയുമായ അന്ന ലൂയി സ്ട്രോങ് തുടങ്ങി പ്രശസ്തരായ നിരവധി വിദേശ വ്യക്തികളുടെ സാന്നിദ്ധ്യത്തിലാണ് വിചാരണ നടന്നത്. വ്യക്തമായ തെളിവുകളുടെ മുന്നിൽ കാമനേവ്, സിനവേവ്, ബുക്കാറിൻ എന്നിവർക്ക് അവർ ചെയ്ത അട്ടിമറിപ്രവർത്തനങ്ങളും ഗൂഢനീക്കങ്ങളും സമ്മതിക്കേണ്ടിവന്നു. അവർക്ക് മരണ ശിക്ഷ വിധിക്കുകയും ചെയ്തു. പങ്കെടുത്ത പ്രമുഖരെല്ലാം ഈ വിചാരണയെ പൂർണമായും ശരിവച്ചു. ഇ.സി.കാർട്ടർ പറയുന്നു: "ക്രെംലിൻ കേസ് തീർത്തും സത്യസന്ധമായിരുന്നു.. ..അത് ആർക്കും ബോധ്യപ്പെടാവുന്നതും അംഗീകരിക്കാവുന്നതുമാണ്." 'സ്റ്റാലിൻ യുഗം' എന്ന കൃതിയിൽ അന്ന ലൂയി സ്ട്രോങ് രേഖപ്പെടുത്തുന്നു: "സ്റ്റാലിനെ രാഷ്ട്രീയമായി നീക്കം ചെയ്യുവാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതായും അതുകൊണ്ട് ശാരീരികമായി ഇല്ലാതാക്കാനുള്ള ഭീകരതയുടെ മാർഗ്ഗം അവലംബിക്കുകയായിരുന്നു എന്നുമാണ് കാമനേവ് പറഞ്ഞത്. സിനവേവ് ആകട്ടെ, ഹിറ്റ്ലറുടെ ഗസ്റ്റപ്പോയുമായി ഇവർക്കുണ്ടായിരുന്ന ബന്ധം തുറന്നുസമ്മതിച്ചു."(സ്റ്റാലിൻ ഇറ, പേജ്–62–63)

1937 ഫെബ്രുവരി 4ന് ജോസഫ് ഡേവിസ് മോസ്കോ ട്രയൽ സംബന്ധിച്ച് അമേരിക്കൻ പ്രസിഡന്റിന് അയച്ച റിപ്പോർട്ടിൽ പറയുന്നു: "...ഈ കേസിൽ ഗവണ്മെന്റ് അതിന്റെ വാദഗതികളെല്ലാം സ്ഥാപിച്ചെടുത്തതായി വൈമനസ്യത്തോടെയാണെങ്കിലും എനിക്ക് അംഗീകരിക്കേണ്ടിവന്നു... സോവിയറ്റ് ഗവണ്മെന്റിനെതിരെ ഈ രാഷ്ട്രീയനേതാക്കൾ വ്യാപകമായി നടത്തിയ ഗൂഢാലോചനകൾ തെളിയിക്കപ്പെട്ടു." 'മിഷൻ ടു മോസ്കോ' എന്ന തന്റെ കൃതിയിൽ അദ്ദേഹം വ്യക്തമാക്കുന്നു:"റഷ്യയിൽ 1941ൽ ശത്രുക്കളുടെ അഞ്ചാംപത്തികൾ ഉണ്ടായിരുന്നില്ല. അവരെല്ലാം തോക്കിനിരയായിരുന്നു. ചില നേതാക്കളുടെ പുറത്താക്കലും ശുദ്ധീകരണവും വഞ്ചകരിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ ഉതകി."

"റഷ്യയിലെ ചില പ്രമുഖ നേതാക്കളും ജർമൻ ഗവണ്മെന്റുമായി ചില ആശയവിനിമയങ്ങളൊക്കെ നടന്നിരുന്നു... ഇത് സ്റ്റാലിനെ അട്ടിമറിക്കാനും ജർമൻ അനുകൂല ഗവണ്മെന്റ് സ്ഥാപിക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായിരുന്നു..." എന്ന് വിൻസ്റ്റൺ ചർച്ചിൽ തന്റെ 'ദ സെക്കന്റ് വേൾഡ് വാർ' എന്ന പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (വോള്യം–1,1948,പേജ് 188–89). 1942 ഫെബ്രുവരി 16ന്റെ റേഡിയോ പ്രഭാഷണത്തിൽ ചർച്ചിൽ പറയുന്നു: "റഷ്യയുടെ വലിയൊരു പ്രദേശം പിടിച്ചടക്കിക്കഴിയുമ്പോഴേയ്ക്കും വഞ്ചകർ, അഞ്ചാംപത്തികൾ അവരോടൊപ്പം ചേരും എന്നാണ് ഹിറ്റ്ലർ കരുതിയത്. എന്നാൽ ഒരാളെപ്പോലും അവർക്ക് കണ്ടെത്താനായില്ല." ഹോവാർഡ് സ്മിത്ത് എഴുതുന്നു: "ഏതാനും ആയിരങ്ങൾവരുന്ന വഞ്ചകരായ ഉദ്യോഗസ്ഥ പ്രമാണിമാരെ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ രണ്ടുമാസത്തിനുള്ളിൽ ചെമ്പട തകർന്നടിയുമായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല." (ദ ലാസ്റ്റ് ട്രെയിൻ ഫ്രം ബെർലിൻ, പേജ് 325)

അട്ടിമറിക്കാരിൽനിന്നുമാത്രമല്ല, അധികാരപ്രമത്തത, ഉദ്യോഗസ്ഥമേധാവിത്വ പ്രവണത, അഴിമതി, കുത്തഴിഞ്ഞ ജീവിതശൈലി തുടങ്ങിയവയിൽനിന്നുമൊക്കെ പാർട്ടിയെ രക്ഷിച്ചെടുക്കേണ്ട സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. ഇതിന് കടുത്ത നടപടികൾ അനിവാര്യമായിരുന്നു. ഇത്തരമൊരു ബൃഹത്തായ മുന്നേറ്റത്തിനിടയിൽ ചില തെറ്റുകളും അധികപ്പറ്റുകളുമൊക്കെ സംഭവിക്കുക സ്വാഭാവികം മാത്രം. സ്റ്റാലിൻ ഇതേക്കുറിച്ച് ബോധവാനുമായിരുന്നു. അദ്ദേഹം 18–ാം കോൺഗ്രസ്സ് റിപ്പോർട്ടിൽ പറയുന്നു: "ശുദ്ധീകരണ നടപടികൾക്കിടയിൽ വലിയ പിശകുകൾ സംഭവിച്ചിട്ടില്ല എന്നുപറയാനാകില്ല. അവ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലുമായിരുന്നു. ഇത്തരം നടപടികൾ ഇനി വേണ്ടിവരില്ല എന്ന കാര്യത്തിലും സംശയമില്ല. എന്നിരുന്നാലും 1936–39 കാലത്തെ ശുദ്ധീകരണ നടപടി ഒഴിവാക്കാനാകാത്തതും ആകെത്തുകയിൽ അതിന്റെ ഫലം പ്രയോജനകരവുമായിരുന്നു." മഹത്തായ ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കിയ ഒരു സംരംഭത്തെ, പിശകുകൾ സംഭവിച്ചതിന്റെ പേരിൽ കരിവാരിത്തേക്കുന്നതും സ്റ്റാലിനെ വ്യക്തിപരമായി കുറ്റക്കാരനായി ചിത്രീകരിക്കുന്നതും അധാർമ്മികവും ദുരുദ്ദേശ്യപരവുമാണ്.

സോവിയറ്റ് യൂണിയനിലെ 15 റിപ്പബ്ലിക്കുകൾ ഒറ്റമനുഷ്യനെപ്പോലെ മാതൃഭൂമിയുടെ രക്ഷക്കായി പൊരുതുന്നതാണ് രണ്ടാം ലോകയുദ്ധത്തിൽ നാം കണ്ടത്. യുദ്ധത്തിൽ രണ്ടുകോടി സോവിയറ്റ് പൗരരാണ് കൊല്ലപ്പെട്ടത്. വ്യവസായ ശാലകളും കൃഷിയിടങ്ങളുമൊക്കെ വലിയ തോതിൽ തകർക്കപ്പെട്ടു. പക്ഷേ വ്യത്യസ്ത ഭാഷ സംസാരിക്കുന്ന, വൈവിദ്ധ്യമാർന്ന സാംസ്കാരിക പശ്ചാത്തലമുള്ള ഈ ജനവിഭാഗങ്ങൾ സ്റ്റാലിന്റെ പിന്നിൽ ഉറച്ചുനിന്ന് പൊരുതിയത്, പരാജയപ്പെട്ടേക്കാമെന്ന സന്ദർഭത്തിൽപോലും അടിപതറാതെ ഒപ്പം നിന്നത് ആ നേതൃത്വത്തിലുള്ള അചഞ്ചലമായ വിശ്വാസവും കൂറുംകൊണ്ടാണ്, തികച്ചും ജനാധിപത്യപരമായ പ്രവർത്തനശൈലി നേതൃത്വം അവലംബിച്ചതുകൊണ്ടാണ്. ദേശീയതാ പ്രശ്നത്തെ തൊഴിലാളിവർഗ്ഗസാർവ്വദേശീയതയുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യാൻ കഴിഞ്ഞതും, സ്വയംനിർണ്ണയാവകാശം അംഗീകരിച്ചുകൊണ്ട് എല്ലാ ദേശീയതകളെയും സോവിയറ്റ് യൂണിയനിൽ വിളക്കിച്ചേർക്കാൻ കഴിഞ്ഞതും ഏകമനസ്സോടെ അവരെല്ലാം സ്റ്റാലിന്റെ പിന്നിലണിനിരന്ന് പൊരുതാനും ഐതിഹാസികമായ വിജയം നേടാനും സോവിയറ്റ് യൂണിയനെ പ്രാപ്തമാക്കി.

സ്റ്റാലിനെ ഏകാധിപതിയായി ചിത്രീകരിക്കുന്നവർ മറച്ചുവയ്ക്കുന്ന ചില ചരിത്രയാഥാർത്ഥ്യങ്ങളുണ്ട്. സ്റ്റാലിന്റെ നടപടികളും സോവിയറ്റ് ഗവണ്മെന്റിന്റെ പ്രവർത്തനശൈലിയും ജനാധിപത്യത്തിന്റെ ഉത്തമ മാതൃകകളായിരുന്നു. കൂട്ടുകൃഷിക്കളങ്ങൾ കെട്ടിപ്പടുത്തത് ബലപ്രയോഗത്തിലൂടെയാണെന്ന് ശത്രുക്കൾ പ്രചരിപ്പിക്കുന്നു. എന്നാൽ കൂട്ടുകൃഷിക്കളങ്ങളിൽ മെമ്പർഷിപ്പ് സ്വമേധയായുള്ളതായിരുന്നു. പ്രേരണയും വിജയാനുഭവങ്ങളുമായിരുന്നു അവരുടെ പ്രചോദനം. ആശയപ്രചാരണത്തിന്റെയും ജനകീയ പ്രബുദ്ധത സൃഷ്ടിക്കുന്നതിന്റെയും കാര്യത്തിലും അത്ഭുതാവഹമായ പ്രവർത്തനങ്ങളാണ് സോവിയറ്റ് യൂണിയൻ നടത്തിയത്. വിവിധ ഭാഷകളിൽ ഒരു വർഷം അവിടെപുറത്തിറങ്ങിയപ്രസിദ്ധീകരണങ്ങൾ ഇംഗ്ലണ്ടും ഫ്രാൻസും ജർമ്മനിയും ചേർന്ന് പ്രസിദ്ധീകരിച്ചതിനേക്കാൾക്കൂടുതലായിരുന്നു. ഇതിൽ ബൈറൺ, ബൽസാക്ക്, ഡിക്കൻസ്, ഗെയ്ഥെ, ഹെയ്ൻ, വിക്ടർ യൂഗോ, മോപ്പസാങ്, ഷേക്സ്പിയർ, സോള, പുഷ്കിൻ, ഗൊഗോൾ, ടോൾസ്റ്റോയ്, ചെക്കോവ്, ബെലിൻസ്കി, ഗോർക്കി തുടങ്ങിയവരുടെയെല്ലാം കൃതികളുണ്ടായിരുന്നു. ഒരു ഏകാധിപതിക്കും വഴങ്ങാത്ത സ്വതന്ത്രവും പ്രബുദ്ധവുമായ മനസ്സുകളെ സൃഷ്ടിക്കുന്നതിൽ



സ്റ്റാലിനും സോവിയറ്റ് യൂണിയനും ബദ്ധശ്രദ്ധമായിരുന്നു എന്ന് വ്യക്തം. ലോകമെമ്പാടും സോവിയറ്റ് സാഹിത്യ പ്രചാരണം വൻതോതിൽ നടത്തിയതും പുരോഗമനോന്മുഖമായ ലക്ഷ്യത്തോടെയായിരുന്നു.

സോവിയറ്റ് ഭരണഘടനയുടെ രൂപീകരണം മറ്റൊരു ഉത്തമ മാതൃകയായിരുന്നു. "സ്റ്റാലിന്റെ നേതൃത്വത്തിലുള്ള ഭരണഘടനാ കമ്മീഷനിൽ ചരിത്രകാരൻമാരും സാമ്പത്തിക വിദഗ്ധരും രാഷ്ട്രീയ വിചക്ഷണരുമൊക്കെയായ 31 പേരുണ്ടായിരുന്നു. അവർ തയ്യാറാക്കിയ കരട് ജനങ്ങൾക്ക് പരിശോധിക്കാനായി 6 കോടി കോപ്പികളാണ് അച്ചടിച്ചത്. 3,60,00,000 പേർ 5,27,000 മീറ്റിംഗുകളിലായി അത് ചർച്ച ചെയ്തു. 1,54,000 ഭേദഗതികൾ ജനങ്ങൾ നിർദ്ദേശിച്ചു. ഭരണഘടനയിലെ 43 ഭേദഗതികൾ ഇപ്രകാരമുള്ള ജനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തുള്ളതായിരുന്നു." (സ്റ്റാലിൻ ഇറ, പേജ്–56) ഒരു ശതമാനം ജനശത്രുക്കൾക്കെതിരായി 99 ശതമാനം ജനങ്ങളുടെ താൽപര്യം ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യമാണ് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം. മുതലാളിത്ത രാജ്യങ്ങളിലെ ജനാധിപത്യമാകട്ടെ ഇതിനു വിപരീതമാണെന്ന് അനുഭവത്തിലൂടെ ലോകം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

എതിരഭിപ്രായക്കാരോട് സോവിയറ്റ് ജനാധിപത്യം അങ്ങേയറ്റം സഹിഷ്ണുത പുലർത്തി. തെറ്റു തിരുത്താൻ തയ്യാറായവരെയെല്ലാം വീണ്ടും ചുമതലകളേൽപിച്ചു. എന്നാൽ പൊളിറ്റ് ബ്യൂറോ അംഗമായിരുന്ന സെർജി കിറോവിന്റെ വധം ഗൂഢാലോചനക്കാർക്കെതിരെ കർശന നടപടികൾ അനിവാര്യമാക്കി. കൊലയാളികൾ പാർട്ടിക്കുള്ളിൽ നുഴഞ്ഞുകയറിയവരും ജർമനിയുമായി ബന്ധം പുലർത്തി യിരുന്നവരുമാണെന്ന് തെളിഞ്ഞു. ഈ അടിയന്തരാവസ്ഥയുടെ ഫലമായിരുന്നു മോസ്കോ ട്രയൽ.

ട്രോട്സ്കിയാകട്ടെ വിപ്ലവാനന്തരവും വിഭാഗീയ പ്രവർത്തനങ്ങൾ തുടരുകയായിരുന്നു. 1927 നവംബർ 7ന് ട്രോട്സ്കിയൈറ്റുകൾ ഒരു പ്രതിവിപ്ലവത്തിന് പദ്ധതി തയ്യാറാക്കി. ഇത് റെഡ് ആർമി പരാജയപ്പെടുത്തി. തെറ്റു തിരുത്താൻ തയ്യാറാകാതിരുന്ന ട്രോട്സ്കിയെ അൽമാ അറ്റയിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചു. അവിടെയും സോവിയറ്റ് ഗവണ്മെന്റിനെതിരായ പ്രവർത്തനം അദ്ദേഹം തുടർന്നു. തന്റെ ആത്മകഥയിൽ ട്രോട്സ്കി ഇത് വിവരിക്കുന്നുണ്ട്. ഒടുവിൽ 1929ൽ അദ്ദേഹത്തെ നാടുകടത്തി. വിഭാഗീയ പ്രവർത്തനത്തിന്റെ പേരിൽ സൈബീരിയയിലേയ്ക്ക് നാടുകടത്തപ്പെട്ടിരുന്ന കാമനേവും സിനവേവും തെറ്റുതിരുത്താൻ തയ്യാറായപ്പോൾ അവരെ പാർട്ടിയിൽ തിരിച്ചെടുത്തിരുന്നു. എന്നാൽ ട്രോട്സ്കി തന്റെ ഗൂഢപ്രവർത്തനങ്ങൾ തുടരുകയായിരുന്നു.

സ്റ്റാലിനെതിരെ ക്രൂഷ്ചേവ് ഉന്നയിച്ച ഒരു പ്രധാന ആരോപണം വ്യക്തിപൂജ പ്രോത്സാഹിപ്പിച്ചു എന്നതായിരുന്നു. എ ന്നാൽ ഇത് തീർത്തും അസത്യമായിരുന്നു. മുൻ ബോൾഷെവിക്കുകളുടെ ഒരു സൊസൈറ്റി സ്റ്റാലിനെക്കുറിച്ച് ഒരു പ്രദർശനം നടത്താൻ അനുമതി ചോദിച്ചപ്പോൾ അദ്ദേഹമത് നിരസിക്കുകയാണുണ്ടായത്. "ഇത്തരം സംരംഭങ്ങൾ വ്യക്തിപൂജ വളർന്നുവരാനിടയാക്കും. അത് പാർട്ടിക്ക് ഹാനികരവും അതിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്തതുമാണ്" എന്നായിരുന്നു സ്റ്റാലിന്റെ പ്രതികരണം. ഒരിക്കൽ 'സ്റ്റാലിനോടുള്ള സമർപ്പണം' എന്ന സ്റ്റാറ്റനോവ്സ്കിയുടെ പ്രയോഗത്തെ തിരുത്തിക്കൊണ്ട് സ്റ്റാലിൻ അദ്ദേഹത്തിനെഴുതി: "ഇത് ബോൾഷെവിക് ആദർശമല്ല. തൊഴിലാളിവർഗ്ഗത്തോട്, അതിന്റെ പാർട്ടിയോട്, ഭരണകൂടത്തോടാണ് സമർപ്പണം വേണ്ടത്. അതിനെ വ്യക്തികളോടുള്ള സമർപ്പണമായി ചിത്രീകരിക്കരുത്. അത് ബുദ്ധിജീവികൾക്ക് ഹരം പകരുമെങ്കിലും വികലവും അനാവശ്യവുമായ സംഗതിയാണ്."

സോഷ്യലിസം സ്ഥാപിതമായാലും ആത്മവിമർശനവും വിമർശനവും തുടരണമെന്ന് സ്റ്റാലിൻ നിഷ്കർഷിച്ചു. സ്വന്തം തെറ്റുകൾ തിരിച്ചറിയാനും തിരുത്താനും അത്യാവശ്യമാണെന്നദ്ദേഹം ഓർമ്മിപ്പിച്ചു. "വിമതൻമാരെയൊക്കെ പാർട്ടിയിൽനിന്ന് പുറത്താക്കണമെന്ന കാഴ്ചപ്പാടിന് ഞാൻ തീർത്തും എതിരാണ്. അത് വിമതൻമാരോട് ഔദാര്യം തോന്നുന്നതുകൊണ്ടല്ല. മറിച്ച് പാർട്ടിയിൽ ഭീഷണിയുടെയും ഭയത്തിന്റെയും അന്തരീക്ഷമുണ്ടാക്കുകയും വിമർശനത്തിന്റെയും മുൻകൈയുടെയും ഉത്സാഹം കെടുത്തുകയും ചെയ്യും എന്നതുകൊണ്ടാണ്. പാർട്ടി നേതാക്കളെ ബഹുമാനിക്കുന്നതിനുപകരം ഭയപ്പെടുന്ന സ്ഥിതി ഒട്ടും ആശാസ്യമല്ല." (മേൽപറഞ്ഞ കത്ത്) ഇതായിരുന്നുസ്റ്റാലിൻ.തന്റെകുട്ടിക്കാലത്തെക്കുറിച്ച് അതിശയോക്തി കലർന്ന ഒരു പ്രസിദ്ധീകരണം ഇറക്കാനുള്ള ശ്രമത്തെയും അദ്ദേഹം തടഞ്ഞു. "അത് സോവിയറ്റ് ജനതയിൽ വ്യക്തിപൂജയുടെ പ്രവണത വളർത്തും. നേതാക്കളെ ഒരിക്കലും തെറ്റുപറ്റാത്ത വീരനായകരായി കാണുന്നത് അപകടകരമാണ്. എന്റെ അഭിപ്രായം ആ പുസ്തകം കത്തിച്ചുകളയണമെന്നാണ്", ഇതായിരുന്നു സ്റ്റാലിന്റെ നിലപാട്.

അതിഗംഭീരമായ സോഷ്യലിസ്റ്റ് നിർമ്മാണം, അതിന് വിലങ്ങുതടിയായി ലോകയുദ്ധം, യുദ്ധാനന്തര പുനർനിർമ്മാണം, പാർട്ടിയിലെ വിമതരുടെ അട്ടിമറി പ്രവർത്തനങ്ങൾ, ഏക സോഷ്യലിസ്റ്റ് രാഷ്ട്രം സാമ്രാജ്യത്വ ശക്തികളിൽനിന്ന് നേരിട്ട ഭീഷണികൾ ഇങ്ങനെ നിരവധി വൈത

(ശേഷം 11–ാം പേജിൽ)

# കലാലയങ്ങളിലെ റാഗിംഗ് :
# സാംസ്കാരിക തകർച്ചയുടെ നേർസാക്ഷ്യം

**ക**ലാലയങ്ങളിൽ നടക്കുന്ന അതിക്രൂരമായ റാഗിംഗ് സംഭവങ്ങൾ മനഃസാക്ഷിയുള്ള ഏതൊരാളുടെയും ഉള്ളുലയ്ക്കുന്നതാണ്. കൊടും കുറ്റകൃത്യങ്ങളാണ് റാഗിംഗ് എന്ന പേരിൽ കലാലയങ്ങളിൽ നടമാടുന്നത്. എത്ര വലിയ സാംസ്കാരിക തകർച്ചയിലൂടെയാണ് നമ്മുടെ സമൂഹം കടന്നുപോകുന്നത് എന്നതിന്റെ കണ്ണിൽ തറയ്ക്കുന്ന സാക്ഷ്യങ്ങളാണ് ഓരോ സംഭവവും. പൂക്കോട് വെറ്റിനറി കോളേജിലെ സിദ്ധാർത്ഥൻ നേരിട്ട ക്രൂരമായ പീഡനവും മരണവും മുതൽ കോട്ടയം നഴ്സിംഗ് കോളേജിൽ ഉണ്ടായ കുറ്റകൃത്യംവരെയുള്ള സംഭവങ്ങളിൽ സംഘടിത വിദ്യാർത്ഥി രാഷ്ട്രീയ ബന്ധം പ്രകടമാണ്. കലാലയങ്ങളിൽ കുറ്റവാളി സംഘങ്ങൾ പിടിമുറുക്കിയതിന്റെയും മാനവികത ചോർന്നുപോയ പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെയും ഇരകളായി നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാർത്ഥി ജീവിതംപോലും പൂർത്തിയാക്കാൻ ആവാതെ പൊലിഞ്ഞുപോകുന്ന ദാരുണമായ കാഴ്ചയ്ക്ക് നാം സാക്ഷ്യം വഹിക്കേണ്ടി വരുന്നു.

കോട്ടയം നഴ്സിംഗ് കോളേജിന്റെ കവാടത്തിൽ റാഗിംഗിന് എതിരായ പോസ്റ്ററുകൾ കാണാം. എന്നാൽ, അതിനുള്ളിൽ ഒരു ഒന്നാംവർഷ വിദ്യാർത്ഥിയോട് സീനിയർ വിദ്യാർത്ഥികൾ കാട്ടിയ പൈശാചികമായ കൃത്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത് കാണുമ്പോൾ അതൊരു കലാലയം തന്നെയാണോ എന്ന സംശയമുണരും. കൊച്ചിയിലെ ഒരു പ്രമുഖ സ്വകാര്യ സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി റാഗിംഗ് പീഡനം സഹിക്കവയ്യാതെ കെട്ടിടത്തിന് മുകളിൽ നിന്ന് ചാടി മരിച്ച കാഴ്ചയും കരളലിയിക്കുന്നു. കണ്ണൂരിൽ പ്ലസ് വൺ വിദ്യാർത്ഥിയുടെ കൈ പ്ലസ് ടു വിദ്യാർത്ഥികൾ തല്ലിച്ചൊടിച്ച സംഭവമുണ്ടായതും ക്രൂരമായ റാഗിംഗ് നടത്തിയതിന്റെ പേരിൽ കോഴിക്കോട് മെഡിക്കൽ കോളജിലെ രണ്ടാംവർഷ എംബിബിഎസ് വിദ്യാർഥികളിൽ 11 പേർക്ക് സസ്പെൻഷൻ നൽകേണ്ടി വന്ന സംഭവം ഉണ്ടായതും കഴിഞ്ഞ മാസമാണ്. നമ്മുടെ കലാലയങ്ങളിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്?

തൊണ്ണൂറുകളിൽ കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ ഒരു വൈറസ് പോലെ ബാധിച്ചു കൊണ്ടിരുന്ന റാഗിംഗിന് എതിരെ അതിശക്തമായ റാഗിംഗ് വിരുദ്ധ നിയമനിർമാണം 1998 ൽ നടത്തിയ സംസ്ഥാനമാണ് കേരളം. യുജിസിയും റാഗിംഗ് നിരോധിച്ചുകൊണ്ട് നിയമനിർമാണം നടത്തുകയുണ്ടായി. നിലവിൽ മിക്ക കലാലയങ്ങളിലും ആന്റി റാഗിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, അത്തരം സെല്ലുകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥി നേതാക്കൾപോലും മനുഷ്യത്വ വിരുദ്ധമായ റാഗിംഗ് കുറ്റകൃത്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു എന്നാണ് പുറത്തുവരുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. വയനാട്ടിലെ പൂക്കോട് വെറ്റിനറി കോളജിലെ സിദ്ധാർത്ഥനെ പരസ്യ വിചാരണചെയ്ത് കൊലപ്പെടുത്തിയ എസ്എഫ്ഐ നേതാക്കൾ ജാമ്യത്തിൽ ഇറങ്ങി നടക്കുകയാണ്.




കോട്ടയം നഴ്സിംഗ് കോളേജിൽ കഴിഞ്ഞമാസം ഉണ്ടായ അതിക്രൂരമായ റാഗിംഗ് സംഭവത്തിലും പ്രതികൾ സിപിഐ(എം) രാഷ്ട്രീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട കെജിഎസ്എൻ സംഘടനയിലുള്ളവരാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അപ്പോൾ നിയമങ്ങൾ കടലാസിൽ ഉറങ്ങുകയും റാഗിംഗ് കുറ്റകൃത്യങ്ങൾ നമ്മുടെ നാട്ടിൽ അനുസ്യൂതം പെരുകുകയും ചെയ്യുന്നു. അസ്വസ്ഥജനകമായ അത്തരം കലാലയ അന്തരീക്ഷത്തിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന ട്രോമാ വിവരണാതീതമാണ്. ചെങ്കോട്ട എന്ന് എസ്എഫ്ഐ എഴുതി പിടിപ്പിക്കുന്ന കലാലയങ്ങളിൽ മുമ്പൊക്കെ രാഷ്ട്രീയ അതിക്രമങ്ങളും ഗുണ്ടായിസവും മാത്രമായിരുന്നു സംഭവിച്ചുകൊണ്ടിരുന്നത്. എന്നാൽ ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്നും എസ്എഫ്ഐ ഉൾപ്പെടെയുള്ള സംഘടിത രാഷ്ട്രീയ വിദ്യാർത്ഥി സംഘടനകൾ പിന്മാറിയതോടെ ആ സംഘടനകളിൽപ്പെട്ട ആളുകൾ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും എല്ലാത്തരം കുറ്റകൃത്യങ്ങളുടെയും സദാചാര വിരുദ്ധ നടപടികളുടെയും നേതാക്കളായി അധഃപതിക്കുന്നതാണ് കണ്ടത്. എസ്എഫ്ഐയും മറ്റും നേതൃത്വംകൊടുത്തഅക്രമ രാഷ്ട്രീയം കലാലയങ്ങളെ വൻതോതിൽ അരാഷ്ട്രീയ കേന്ദ്രങ്ങളാക്കി മാറ്റി.

തൽഫലമായി, സ്വകാര്യ സ്വാശ്രയകോളജുകളിൽ മാത്രമല്ല സർക്കാർ എയ്ഡഡ് കോളജുകളിൽ പോലും സാംസ്കാരിക അന്തരീക്ഷം വളരെ വേഗം മോശപ്പെട്ടതായി മാറി. അക്കാദമികമായ സമ്പ്രദായങ്ങളിൽ വരുത്തിയ വികലമായ പരീക്ഷണങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഗൗരവം ചോർത്തിക്കളഞ്ഞു. വായനയോ സാഹിത്യപ്രവർത്തനങ്ങളോ ഗൗരവപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങളോ കലാലയങ്ങളിൽ കാണാനില്ലാതായി. നിയമം നോക്കുകുത്തിയായി. വിദ്യാർത്ഥികൾക്ക് ആത്മബലം പകർന്നു നൽകുന്ന യാതൊന്നും കലാലയങ്ങളിൽ അവശേഷിക്കുന്നില്ലായെന്ന് പറയാം. അധ്യാപകർ പോലും പലപ്പോഴും നിസ്സഹായരായി പോകുന്ന സ്ഥിതിയാണ്.

അതിഭീകരമായ വിധത്തിൽ അക്രമവാസനകളെ പ്രോത്സാഹിപ്പിക്കുന്ന സമീപകാല സിനിമകളുടെ അടിമകളായി പുതുതലമുറ വിദ്യാർഥികൾ മാറിത്തീർന്നിരിക്കുന്നു എന്ന വശവും ഇതോടൊപ്പം തന്നെ കാണേണ്ടതുണ്ട്. മറ്റു മനുഷ്യരുടെ വേദനയിൽ സഹാനുഭൂതി തോന്നുന്ന നനുത്ത വികാരങ്ങൾ ചോർത്തിക്കളയുന്ന സിനിമകൾ എന്ത് സന്ദേശമാണ് നമ്മുടെ വിദ്യാർത്ഥികൾക്ക് നൽകുന്നത്? കുറ്റകൃത്യങ്ങളുടേതായ, വിഷമകരമായ സാമൂഹ്യ-സംസ്കാരിക സാഹചര്യത്തിലൂടെ കടന്നുപോകുന്ന നമ്മുടെ വിദ്യാർത്ഥികൾ എങ്ങനെയാണ് നല്ല മനുഷ്യരായി വളരുക? അപ്പോൾ, റാഗിംഗ് എന്ന കുറ്റകൃത്യത്തിന്റെ മനഃശാസ്ത്രത്തെ വിശകലനം ചെയ്യുവാൻ നമ്മുടെ നാടിന്റെ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം കൂടി പരിഗണിക്കേണ്ടതായി വരും.

മൂല്യരാഹിത്യം ഒരു സമൂഹത്തെ വഷളൻ സാഹചര്യങ്ങളിൽ കൊണ്ടെത്തിക്കും. മൂല്യവത്തായ ഒരു വ്യവസ്ഥയ്ക്ക് മാത്രമേ മൂല്യമുള്ള ജനതയെ വാർത്തെടുക്കാനാവൂ എന്ന കാര്യം ഓർക്കുക. മാനവിക വിഷയങ്ങളുടെ പഠനം വിജ്ഞാനം മാത്രമല്ല മനുഷ്യന് മൂല്യങ്ങളും പകർന്നു നൽകാൻ സഹായിക്കും. കേവലം സാങ്കേതികശേഷി മാത്രം പഠിപ്പിക്കുന്ന കലാശാലയിൽ നിന്ന് മാനവിക ബോധമുള്ള, മൂല്യങ്ങളുള്ള മനുഷ്യരുണ്ടാവില്ലല്ലോ. മൂല്യങ്ങൾ സാമൂഹ്യ സമരത്തിന്റെ സൃഷ്ടിയാണ്. മാനവിക മൂല്യങ്ങൾ നഷ്ടപ്പെട്ടാൽ ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം എത്ര കർശനമായ ശിക്ഷാ നടപടികൾ നടപ്പാക്കിയാലും കുറ്റകൃത്യങ്ങളുടെ വേരറുക്കാൻ കഴിയാതെ വിഷമിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, പ്രശ്നത്തിന്റെ മൂലകാരണം സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാഹചര്യങ്ങളിലാണ് കുടികൊള്ളുന്നത് എന്നതു തന്നെ.

അപ്പോൾ റാഗിംഗ് എന്ന കുറ്റകൃത്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ ഇല്ലാതാക്കാനുള്ള ഒരു രാഷ്ട്രീയ സാംസ്കാരിക പ്രസ്ഥാനം വളർന്നു വരിക എന്നതാണ് ഏറ്റവും അടിയന്തര പ്രാധാന്യമുള്ള കാര്യം. ആ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ഏറ്റവും മാതൃകായോഗ്യമായ ശിക്ഷാ നടപടികൾക്ക് വിധേയമാക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ, അവരെപ്പോലും മനുഷ്യരാക്കി മാറ്റാൻ ഉതകുന്ന, നവീകരണത്തിലേക്ക് നയിക്കാൻ കഴിയുന്ന, ആഴമാർന്ന സാംസ്കാരികസമരങ്ങൾ വളർന്നു വരണം. അതിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കും കലാലയങ്ങളിലെ രാഷ്ട്രീയ അന്തരീക്ഷത്തിനും വളരെ നിർണായകമായ സ്ഥാനമുണ്ട് എന്ന കാര്യം ഒരിക്കൽ കൂടി ഓർമിപ്പിക്കട്ടെ. ■

---

## സ്റ്റാലിൻ

(10–ാം പേജിൽ നിന്ന്)

രണികൾക്കിടയിൽ പാർട്ടിയിലെ പ്രത്യയശാസ്ത്രസമരം ദുർബ്ബലമാകുകയും അത് വ്യക്തിപൂജയടക്കമുള്ള ദുഷ്പ്രവണതകൾക്ക് കാരണമാകുകയും ചെയ്തു എന്നത് വസ്തുതയാണ്. 19–ാം കോൺഗ്രസ് റിപ്പോർട്ടിൽ ഇതിനെയെല്ലാം മറികടക്കുന്നതിനായി പ്രത്യയശാസ്ത്ര സമരം ശക്തിപ്പെടുത്തേണ്ടതിനെക്കുറിച്ച് തികഞ്ഞ ഉൾക്കാഴ്ചയോടെ സ്റ്റാലിൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. എന്നാൽ ഈ സമരത്തിന് അധികകാലം നേതൃത്വം നൽകാൻ അദ്ദേഹം ജീവിച്ചിരുന്നില്ല. പാർട്ടിയുടെ പരിമിതികൾ, തിരുത്തൽവാദത്തിന്റെ വളർച്ചക്കും ആത്യന്തികമായി സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ തകർച്ചക്കും ഇടയാക്കുന്നത് പിന്നീടുള്ള ചരിത്രത്തിൽ നമുക്ക് കാണേണ്ടിവന്നു. സോഷ്യലിസത്തിൽ നിന്ന് കമ്മ്യൂണിസത്തിലേക്ക് സോവിയറ്റ് സമൂഹം മുന്നേറുന്നതിന്റെ സാദ്ധ്യതകൾ ദീർഘദർശനം ചെയ്ത സ്റ്റാലിന്റെ കാലത്തെ അപേക്ഷിച്ച് എത്ര വലിയ പതനമാണ് സംഭവിച്ചത് എന്നോർക്കുക.

തിരുത്തൽവാദത്തിനെതിരെ മഹാനായ മാവോ സെ തുങ് ഉജ്ജ്വലമായ പോരാട്ടം നടത്തി. എന്നാൽ മാവോയ്ക്ക് ശേഷം ചൈനയും തിരുത്തൽവാദത്തിന്റെ പിടിയിലമർന്നു.

സോവിയറ്റ് യൂണിയന്റെയും അന്തർദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും പരിമിതികൾ സമുന്നത മാർക്സിസ്റ്റ് ദാർശനികനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനുമായ സഖാവ് ശിബ്ദാസ് ഘോഷ് സമയോചിതം ചൂണ്ടിക്കാണിക്കുകയും അതിനെ മറികടക്കാനുള്ള സൈദ്ധാന്തികവും സംഘടനാപരവുമായ പദ്ധതികൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. പ്രത്യയശാസ്ത്ര നിലവാരത്തകർച്ച യാന്ത്രിക ചിന്താപദ്ധതിക്ക് ജന്മംനൽകുകയും അത് ബ്യൂറോക്രാറ്റിക് നേതൃത്വവും നേതൃത്വത്തെ അന്ധമായി അനുകരിക്കുന്ന അണികളും എന്ന സ്ഥിതിയിലേക്ക് പാർട്ടിയെ കൊണ്ടെത്തിക്കുകയും ചെയ്യുമെന്ന് സഖാവ് ഘോഷ് നിരീക്ഷിച്ചു. സ്റ്റാലിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ലെനിനിസത്തിന്റെ ആധികാരികത തകർക്കുമെന്നും അത് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെതന്നെ തകർച്ചയിലേക്ക് നയിക്കുമെന്നും സഖാവ് ഘോഷ് മുന്നറിയിപ്പ് നൽകി. ഈ മുന്നറിയിപ്പുകൾ അവഗണിക്കപ്പെട്ടതുമൂലം അവയൊക്കെ യാഥാർത്ഥ്യമാകുകയും ചെയ്തു. ലെനിനനന്തര കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേരിട്ട വെല്ലുവിളികളെ അതിജീവിക്കാൻ സയൻസിന്റെ വികാസത്തെയാകെ ഉൾക്കൊണ്ട് മാർക്സിസത്തെ കാലോചിതമായി വികസിപ്പിക്കേണ്ടതുണ്ടെന്നും സഖാവ് ഘോഷ് വിശദീകരിച്ചു. അദ്ദേഹം സ്വയം ഈ കർത്തവ്യം നിറവേറ്റുകയും ചെയ്തു. സഖാവ് ഘോഷിന്റെ വിശകലനങ്ങളെ അടിസ്ഥാനമാക്കിയുള്ള പോരാട്ടം വളർത്തിയെടുത്തുകൊണ്ടേ ഇനി ലോക കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തെപുനരുജ്ജീവിപ്പിക്കാനും ഏതൊരു രാജ്യത്തും വിപ്ലവം സംഘടിപ്പിക്കാനുമാകൂ.

കമ്മ്യൂണിസ്റ്റുകാരല്ലാത്ത റൊമെയ്ൻ റോളണ്ട്, ബർണാഡ് ഷാ, എച്ച്.ജി.വെൽസ്, ഐൻസ്റ്റീൻ, രവീന്ദ്രനാഥ ടാഗോർ തുടങ്ങി അനേകം പ്രഗത്ഭമതികൾ സോവിയറ്റ് യൂണിയനെയും സ്റ്റാലിനെയും ആദരവോടെയും പ്രതീക്ഷയോടെയുമാണ് വീക്ഷിച്ചിരുന്നത്. സാമ്രാജ്യത്വ പിണിയാളുകളുടെയും കപട കമ്മ്യൂണിസ്റ്റുകളുടെയും സ്റ്റാലിൻ വിരുദ്ധ പ്രചാരണങ്ങൾക്ക് താൽക്കാലികമായി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മഹാനായ ആ ആചാര്യന്റെ ഐതിഹാസികമായ ജീവിതസമരവും അമൂല്യമായ സംഭാവനകളും ലോകമെമ്പാടുമുള്ള വിപ്ലവകാരികൾക്ക് എന്നും വഴികാട്ടിയായിരിക്കും. സമാധാനകാംക്ഷികളും സാമൂഹ്യ പുരോഗതി അഭിലഷിക്കുന്നവരുമായ ഏവർക്കും പ്രചോദന മരുളുന്നതാണ് ആ വിപ്ലവ ജീവിതം. സ്റ്റാലിൻ ചരമവാർഷിക ആചരണം, അദ്ദേഹത്തിനെതിരായ അപവാദ പ്രചാരണങ്ങൾക്ക് മറുപടി നൽകാനും ആ മഹോന്നത വ്യക്തിത്വത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുമുള്ള അവസരമായിക്കണ്ട് ആ കമ്മ്യൂണിസ്റ്റ് ആചാര്യന് നമുക്ക് പ്രണാമങ്ങളർപ്പിക്കാം. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2025 March
Price: Rs. 10.00

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)നെതിരായ അധിക്ഷേപങ്ങൾ സിപിഐ(എം)ന്റെ രാഷ്ട്രീയ പാപ്പരത്തവും സാംസ്കാരിക ശൂന്യതയും വെളിവാക്കുന്നു

(7-ാം പേജിൽ നിന്ന്)

ണിസ്റ്റ്)നെ അരാജകശക്തി എന്ന് വിളിച്ചാക്ഷേപിക്കുന്നത് ബൂമാറാങ്ങുപോലെ തിരിച്ച് കൊള്ളും എന്നുറപ്പാണ്. വിളപ്പിൽശാല സമരത്തിന് ഉജ്ജ്വലമായ നേതൃത്വം നൽകിയവരിൽ ഒരാളും സംസ്ഥാനത്തെ ഏതൊരു ജനകീയ സമരത്തിലും നേതൃനിരയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന എസ്.മിനി ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. വിളപ്പിൽശാല സമരത്തിലും ജിഷ്ണു പ്രണോയിയുടെ മാതാവ് മഹിജയോടൊപ്പമുള്ള സമരത്തിലും പങ്കെടുത്ത് ജയിൽവാസം അനുഭവിച്ച നേതാ



സമരപന്തലിൽ വൈദ്യപരിശോധനയുമായി ഡോ.കെ.പി.ഗോദകുമാർ.

വാണ് സഖാവ് മിനി. സമൂഹത്തിനുവേണ്ടി സ്വന്തം ജീവിതം പൂർണമായി സമർപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ആ സഖാവിനെ 'സാംക്രമിക രോഗം പരത്തുന്ന കീടം' എന്ന് വിശേഷിപ്പിച്ച സിപിഐ(എം) പ്രസ്ഥാനത്തിന്റെ നിലവാരം എത്രമേൽ താണിരിക്കുന്നു എന്നതിന്റെ പ്രതിഫലനമാണ്. ജനങ്ങളിൽനിന്ന് പണം പിരിച്ച് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നത് അഭിമാനകരമായ പ്രവർത്തനശൈലിയായി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ഉറച്ച് വിശ്വസിക്കുന്നു. മുതലാളിമാരിൽനിന്ന് പണം സ്വീകരിച്ച് അവർക്കുവേണ്ടി പ്രവർത്തിക്കുന്ന സിപിഐ(എം)ന് ഈ മാതൃകായോഗ്യമായ ശൈലി ആക്ഷേപാർഹമായി തോന്നുന്നത് സ്വാഭാവികം മാത്രം.

ഭരണ-പ്രതിപക്ഷ കക്ഷിരാഷ്ട്രീയ, പാർലമെന്ററി അധികാര രാഷ്ട്രീയരംഗത്തിന് പുറത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ നേതൃത്വത്തിൽ പ്രക്ഷോഭത്തിന്റെ ഒരു പുതിയ ചേരി വളർന്നുവരികയാണ്. തൊഴിലാളികളുടെ പ്രക്ഷോഭരംഗത്തും അത് അനുഭവവേദ്യമാണ്. ഇതെല്ലാം ഇക്കൂട്ടരെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്. ഒരു തൊഴിലാളി സമരത്തിന്റെ വിജയം, അടിച്ചമർത്തപ്പെടുന്ന, നിരാശരായിരിക്കുന്ന ഇതര തൊഴിലാളി വിഭാഗങ്ങളെ സമരസജ്ജരായി തട്ടിയുണർത്തും എന്നവർ ഭയപ്പെടുന്നു. അതിന്റെ തികട്ടലുകളാണ് മേൽപ്പറഞ്ഞ അധിക്ഷേപങ്ങളിലൂടെ പുറത്തുവരുന്നത്.

യൂസഫലിയെ 'കേരളത്തിന്റെ ബ്രാൻഡ് അംബാസിഡർ' ആയി പ്രഖ്യാപിക്കുകയും രവി മുതലാളിക്ക് കേരളത്തിന്റെ ആദരം നൽകുകയും അദാനിക്കുവേണ്ടി കേരളത്തിന്റെ ഖജനാവിൽ നിന്ന് പണമൊഴുക്കുകയും ചെയ്യുന്നു. മറുവശത്ത് പാവപ്പെട്ട തൊഴിലാളിക്ക് മിനിമം കൂലി നൽകാതിരിക്കുകയും സർക്കാർ ജീവനക്കാരിൽനിന്ന് എഴുപതിനായിരം കോടി കവരുകയും ക്ഷേമ തുകകൾ നൽകാതിരിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ തികഞ്ഞ തൊഴിലാളി വിരുദ്ധ പ്രസ്ഥാനമായി അധ:പതിച്ചിരിക്കുന്നു. തൊഴിലാളികളും ഇടതു ബോധമുള്ളവരും സ്വന്തം പാർട്ടി അണികളും തെളിമയോടെ അത് മനസ്സിലാക്കി കൊണ്ടിരിക്കുന്നു. യഥാർത്ഥ തൊഴിലാളി വർഗ്ഗസിദ്ധാന്തത്തിന്റെ അടി സ്ഥാനത്തിൽ സാമൂഹ്യമാറ്റത്തിന്റെ നിയമങ്ങൾക്കൊത്ത് ചരിത്രം മുന്നേറുമ്പോൾ മൂലധനശക്തികളുടെ ഈ കൂട്ടാളികൾ അപ്രസക്തമാവും എന്നത് ചരിത്രസത്യമാണ്.

## സത്യസന്ധരായ ഇടതുപക്ഷ അണികളോടുള്ള അഭ്യർത്ഥന

നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയും തൊഴിലാളികളുടെ ജീവനെടുക്കുന്ന അവകാശലംഘനങ്ങളുടെ സാഹചര്യത്തിൽ ഒരു തൊഴിലാളി പ്രക്ഷോഭമെങ്കിലും വിജയിച്ചുവന്നാൽ അത് പ്രതീക്ഷയുടെയും അളവറ്റ ആത്മിശ്വാസത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കില്ലേ? ശിരസ്സുയർത്തിനിന്ന് പൊരുതാനുള്ള മാർഗ്ഗം അത് വെട്ടിത്തെളിക്കില്ലേ? പരമ ഉത്തമമായ പ്രതിഫലത്തിനുവേണ്ടി രാജ്യത്തെ ലക്ഷക്കണക്കിന് യുവാക്കൾ ഡെലിവറി ബോയ്സായി പണിയെടുത്ത് മരിക്കുകയാണ്. ഐറ്റി രംഗത്ത് നിർദ്ദയമായ ചൂഷണമാണ് അരങ്ങുവാഴുന്നത്. ലോക്കോ പൈലറ്റുമാർ മാടുകളെപ്പോലെ പണിയെടുത്ത് തളർന്നുവീഴുമ്പോഴും റെയിൽവേയിൽ 1976 ലെ പണിമുടക്കിനുശേഷം പേടിപ്പെടുത്തുന്ന നിശബ്ദതയാണ്. പങ്കാളിത്തപെൻഷൻ ഒരുക്കിയ കെണി വിരമിച്ച വയോധികരെ തെരുവാധാരമായിരിക്കുന്നു. തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതപ്പെട്ടതോടെ, അവകാശങ്ങൾ നഷ്ടപ്പെട്ട് തൊഴിലാളികൾ നിരായുധരായിരിക്കുന്നു. മുതലാളിത്തത്തിന്റെ കഴുത്തറപ്പൻ ചൂഷണം എല്ലാ സീമകളെയും ലംഘിച്ച് ആടിത്തിമർക്കുകയാണ്. ആഞ്ഞുവീശുന്ന സമരശക്തിയായി തൊഴിലാളികളെ തെരുവിലെത്തിക്കേണ്ട അടിയന്തര സന്ദർഭമാണിത്.

കേരളത്തിൽ അലയടിക്കുന്ന ആശാ സമരത്തിന്റെ ചരിത്രപ്രാധാന്യമിതാണ്. മുതലാളിത്ത നയങ്ങൾക്കെതിരെ ഒരു കൊടുങ്കാറ്റായി ഉയരാൻ തൊഴിലാളികൾക്ക് മാർഗ്ഗം കാട്ടുന്ന ഐതിഹാസിക പ്രക്ഷോഭമാണ് ആശാസമരം. ഇത് വിജയിച്ചാൽ നട്ടെല്ല് നിവർത്തിനിന്ന് പൊരുതാൻ എല്ലാ തൊഴിലാളി വിഭാഗങ്ങൾക്കും വിലപേശൽ ശേഷി നൽകും. പരാജയപ്പെട്ടാൽ തൊഴിലാളികളുടെ നിലവിലുള്ള ദുരവസ്ഥ തുടരുക മാത്രമല്ല, ഒന്നനങ്ങാൻ പോലുമാവാത്ത ഇരുണ്ടദിനങ്ങളിലേക്ക് നിപതിക്കും. അതിനാൽ എന്തു വില നൽകിയും ആശാ സമരത്തെ വിജയിപ്പിക്കുവാൻ രംഗത്തിറങ്ങണമെന്ന് എല്ലാ നല്ല മനുഷ്യരോടും അഭ്യർത്ഥിക്കുന്നു.

തൊഴിലാളിപ്രക്ഷോഭങ്ങളെയും ജനകീയ സമരങ്ങളെയും പ്രാണനുതുല്യം ഗണിക്കുക എന്നതാണ് യഥാർത്ഥ ഇടതുപക്ഷ സമീപനം. സ്വന്തം മുൻകൈയിൽ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ പ്രയത്നിക്കുന്ന തിനോടൊപ്പം ജനാധിപത്യശക്തികളാൽ ഉയർത്തപ്പെടുന്ന പ്രക്ഷോഭങ്ങളോട് ഐക്യപ്പെടാനും അവയെ ശക്തിപ്പെടുത്താനും പരമപ്രാധാന്യത്തോടെ പണിയെടുക്കുക എന്നതും ഇടതുപക്ഷ ദൗത്യമാണ്. ഈ ഉത്തരവാദിത്തം വിസ്മരിക്കുക മാത്രമല്ല, അതിനെതിരെ പ്രവർത്തിക്കുകയാണ് സിപിഐ(എം) ചെയ്യുന്നത്.





ആശാവർക്കർമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതി നടത്തിയ റാലി.

ആശാ വർക്കർമാരുടെ സമരത്തിന് എന്തു പരിമിതിയാണ് സിപിഐ(എം) നേതൃത്വത്തിന് ചൂണ്ടിക്കാട്ടാനുള്ളത്? ഡിമാന്റുകളുടെ കാര്യത്തിൽ അവർക്കും വിയോജിപ്പില്ല. സമര നേതൃത്വത്തെക്കുറിച്ചാണ് വിയോജിപ്പെങ്കിൽ ഒരു യൂണിയനെ നയിക്കാനും സമരം നയിക്കാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)നുള്ള അയോഗ്യത എന്താണ്?



കോഴിക്കോട് സമരസംഗമം കെ.ജെ.ഷീല ഉദ്ഘാടനം ചെയ്യുന്നു.





മലപ്പുറത്തുനടന്ന കളക്ട്രേറ്റ് മാർച്ച് ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.





രാപകൽ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കൊല്ലത്തുനടന്ന കളക്ട്രേറ്റ് മാർച്ചിൽ ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു പ്രസംഗിക്കുന്നു.

ദേശീയതലത്തിൽ സംയുക്ത ട്രേഡ് യൂണിയന്റെ സമരരംഗത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യുടെ ആശയനേതൃത്വത്തിലുള്ള എഐയുറ്റിയുസിയും ഒരുമിച്ചുനിന്ന് പോരടിക്കുകയല്ലേ. മുതലാളിമാർക്കുവേണ്ടി വിടുപണിചെയ്ത്, തൊഴിലാളി സമരങ്ങളെ വഞ്ചിച്ചിട്ടുള്ള ഒരനുഭവമെങ്കിലും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)നെ സംബന്ധിച്ച് ചൂണ്ടിക്കാട്ടാൻ കഴിയുമോ. 'ഈർക്കിൽ പാർട്ടി' യാണെന്നുള്ളതാണ് അയോഗ്യതയെങ്കിൽ ഈ അയോഗ്യത കേരളത്തിനുപുറത്ത് പ്രത്യേകിച്ചും വടക്കേ ഇന്ത്യയിൽ സിപിഐ(എം)നും ബാധകമല്ലേ. ഒരു സംഘടനയുടെ എണ്ണമോ വലിപ്പമോ അല്ല മുഖ്യം, മറിച്ച് ശരിയായ മുദ്രവാക്യങ്ങളാണോ ഉയർത്തുന്നത്, അവ നേടിയെടുക്കുന്നതിനായി സത്യസന്ധമായി പൊരുതുന്നുണ്ടോ ഇല്ലയോ ഇവയാണ് പരമപ്രധാനം. മുതലാളിത്ത വിരുദ്ധ രാഷ്ട്രീയനിലപാടുകളിൽ തികഞ്ഞ പ്രതിബദ്ധതയോടെ നിലകൊള്ളുന്ന പാർട്ടിയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). പാർലമെന്ററി അധികാരത്തിനോ രാഷ്ട്രീയ സൗഭാഗ്യങ്ങൾക്കോവേണ്ടി ആദർശനിഷ്ഠമായ നിലപാടുകളിൽനിന്ന് അണുവിട വ്യതിചലിക്കാത്ത പ്രസ്ഥാനമാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്). ഇതെല്ലാം സിപിഐ(എം) നേതാക്കൾക്ക് വളരെ നന്നായി അറിയാവുന്ന വസ്തുതകളാണ്. പ്രക്ഷോഭരംഗത്തുനിന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)നെ പടിയടച്ച് പി ണ്ഡം വയ്ക്കണമെന്ന നേതാക്കളുടെ ശത്രുതാപരമായ ശാഠ്യത്തിനു പിറകിലെ യഥാർത്ഥ വസ്തുത കണ്ടെത്തണമെന്ന് സിപിഐ(എം)ലെ സത്യസന്ധരായ അണികളോട് ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ചും ഇന്നത്തെ ഫാസിസ്റ്റ് പ്രവണതയുടെയും തൊഴിലാളിവിരുദ്ധതയുടെയും അത്യാപൽക്കരമായ രാഷ്ട്രീയ സാഹചര്യത്തിൽ. ആശാസമരം വിജയതീരമണഞ്ഞാൽ യഥാർത്ഥ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ കരുത്ത് പതിന്മടങ്ങാകും. തൊഴിലാളിവിരുദ്ധ ശക്തികൾ തുറന്നുകാട്ടപ്പെടും. തിരഞ്ഞെടുപ്പ് രാഷ്ട്രീയ ഗോദയിൽ തിരിച്ചടികൾ സൃഷ്ടിക്കുമെന്ന ഭയത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണമുന്നണിയുടെ നേതാക്കൾ ഈ സമരത്തിനെതിരെ നിലപാടെടുക്കുന്നത്. പണിയെടുക്കുന്ന ജനവിഭാഗങ്ങളെ കൈയൊഴിഞ്ഞുകൊണ്ടുപോലും പാർലമെന്ററി അധികാര രാഷ്ട്രീയത്തിന്റെ സൗഭാഗ്യങ്ങൾ നിലനിർത്താൻ അവർ അഭിലഷിക്കുന്നു. ■

Volume: 51 No: 12 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Website : kerala.sucicommunist.org, Phone: 0471-3557684. Editor: Jaison Joseph.